പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 10 ജനുവരി 2021

സംസ്ഥാന ബജറ്റ്

തദ്ദേശ സ്ഥാപനങ്ങൾക്ക് 27413 കോടി

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ജനുവരി 2021

അകത്ത്

സംസ്ഥാന ബജറ്റ്
തദ്ദേശ സ്ഥാപനങ്ങൾക്ക് 27413 കോടി
ഡോ. ജോമോൻ മാത്യു 5

അധികാരം താഴേക്കു വന്ന വഴി
മനോജ് കെ. പുതിയവിള 10

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ
നിർദ്ദേശങ്ങളും സർക്കാർ നടപടികളും
ഡോ. സി. പ്രതീപ് 17

മുഖം മാറുന്ന പ്രാദേശിക സർക്കാരുകൾ
സാമ്പത്തിക അവലോകന റിപ്പോർട്ട് - 2020
ഹുസൈൻ എം. മിന്നത്ത് 23

പഞ്ചായത്ത് ഭരണസമിതി യോഗങ്ങൾ
സി. ഡെമാസ്റ്റൻ 29

തദ്ദേശ സ്ഥാപനങ്ങൾക്ക്
രാഷ്ട്രീയത്തിനതീതമായ പിന്തുണ : മുഖ്യമന്ത്രി 32

ഹരിതം പഞ്ചായത്ത് ഡയറക്ടറേറ്റ് 35

പുതുവത്സരത്തിന്റെ പുതുനാമ്പുകൾ 37

എരുത്തിലുകൾ തിരിച്ചുവരുമോ? 40
മുരളീധരൻ തഴക്കര

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 7 39
എന്ന് വായനക്കാർ 42

ജനുവരി 2021
പുസ്തകം 60 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

ഹരിത ഓഫീസുകളിലൂടെ കേരളം ഹരിതാഭമാകട്ടെ

പഞ്ചായത്ത് ഡയറക്ടറേറ്റ് ഉൾപ്പെടെ 11,163 ഓഫീസുകൾ ഹരിത ഓഫീസുകളായി മാറിയിരിക്കുന്നു. സംസ്ഥാനത്തെ പതിനായിരം ഓഫീസുകൾ ഹരിത ഓഫീസുകളാക്കി മാറ്റാനായിരുന്നു ലക്ഷ്യമിട്ടതെങ്കിലും ഇതിനകം 11,163 ഓഫീസുകൾ ഹരിത ഓഫീസുകളായി മാറിയിരിക്കുകയാണ്. 14473 ഓഫീസുകളെയാണ് ഗ്രേഡിങ്ങിനു വിധേയമാക്കിയത്. അതിൽ 11,163 സ്ഥാപനങ്ങൾ ഹരിത ഓഫീസ് സർട്ടിഫിക്കറ്റ് നേടിയെന്നത് പ്രശംസനീയമാണ്. 3410 ഓഫീസുകൾക്ക് എ ഗ്രേഡും 3925 ഓഫീസുകൾക്ക് ബി ഗ്രേഡും 3828 ഓഫീസുകൾക്ക് സി ഗ്രേഡും ലഭിച്ചു.

ഇക്കാര്യത്തിൽ സർക്കാർ ഓഫീസുകൾ കാണിക്കുന്ന മാതൃകയ്ക്ക് ജനങ്ങൾക്കിടയിൽ നല്ല പ്രതികരണമുണ്ടാക്കാൻ കഴിയുമെന്നും സംസ്ഥാനത്തെ ബാക്കിയുള്ള ഓഫീസുകളും വൈകാതെ തന്നെ ഗ്രീൻ പ്രോട്ടോക്കോളിലേക്ക് മാറുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നുമാണ് പതിനായിരം സർക്കാർ ഓഫീസുകൾ ഹരിത ഓഫീസുകളാകുന്നതിന്റെ പ്രഖ്യാപനവും പാഴ്‌വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതിനുള്ള തുകയ്ക്കുള്ള ചെക്ക് ഹരിതകർമ്മസേനയ്ക്ക് നല്കുന്നതിന്റെ ഉദ്ഘാടനവും ഓൺലൈനായി നിർവ്വഹിച്ച് കൊണ്ട് മുഖ്യമന്ത്രി പറഞ്ഞത്. ഈ പ്രതീക്ഷ നിറവേറ്റുന്നതിന് നമുക്ക് കൂട്ടായി പരിശ്രമിക്കാം. അതിനായി എല്ലാ സർക്കാർ ഓഫീസുകളും ഹരിത ഓഫീസുകളായി മാറ്റുന്നതിനുള്ള യജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും എത്രയും വേഗം ഹരിത ഓഫീസുകളായി മാറുന്നതിനു വേണ്ട തയ്യാറെടുപ്പുകൾ നടത്തണം. ഒപ്പം തന്നെ ഘടക സ്ഥാപനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് പ്രവർത്തിക്കുന്ന തരത്തിലേക്ക് മാറ്റിയെടുക്കണം.

എല്ലാത്തരത്തിലുമുള്ള ഡിസ്പോസിബിൾ വസ്തുക്കളും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഓഫീസിൽ ഉപയോഗിക്കില്ല എന്ന തീരുമാനം നാം കൈക്കൊള്ളണം. എല്ലാവരും കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളിൽ മാത്രമേ ഭക്ഷണവും വെള്ളവും ഓഫീസിൽ കൊണ്ടുവരികയുള്ളൂ എന്ന തീരുമാനം കൈക്കൊള്ളണം. ഓഫീസിൽ സ്ഥിരമായി ഉപയോഗിക്കുന്നതിനായി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉണ്ടാവണം. ജൈവ-അജൈവ പാഴ്‌വസ്തുക്കൾ തരം തിരിച്ച് നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ സ്ഥാപിക്കണം. ജൈവമാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റ്/ബയോഗ്യാസ് സംവിധാനങ്ങൾ സ്ഥാപിക്കണം. വൃത്തിയായി പരിപാലിക്കുന്ന ശുചിമുറി സംവിധാനങ്ങളും ഏർപ്പെടുത്തണം. ഓഫീസുകളോടനുബന്ധിച്ച് ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും പരിസരം ശുചിയായി സൂക്ഷിക്കുന്നതിനും മാനസികോല്ലാസത്തിനും പര്യാപ്തമാകും. ഹരിത ഓഫീസ് ആയി പ്രഖ്യാപിക്കപ്പെട്ട ഓഫീസുകൾക്ക് തൽസ്ഥിതി നിലനിർത്തേണ്ട ഉത്തരവാദിത്തമുണ്ട് എന്നുകൂടി ഓർമ്മപ്പെടുത്തുന്നു. കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയും പുതുതായി സ്ഥലം മാറിവരുന്ന ഉദ്യോഗസ്ഥർക്ക് ഹരിത ഓഫീസ് സംവിധാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയും മുന്നോട്ടുപോകേണ്ടതുണ്ട്. സർക്കാർ ഓഫീസുകളുടെ ഹരിത മാതൃക എല്ലാ സർക്കാർ ഉദ്യോഗസ്ഥരുടെയും വീടുകളിലും പ്രാവർത്തികമാക്കുന്നതിലൂടെ ഹരിതാഭമായ ഒരു നവകേരളം സൃഷ്ടിക്കാൻ സാധിക്കും എന്നുറപ്പാണ്.

- ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"ലക്ഷ്യത്തിലേക്കുള്ള ഏറ്റവും ഋജുവായ പാതയാണ് സത്യം നിർദ്ദേശിക്കുന്ന മാർഗ്ഗം."
മഹാത്മാഗാന്ധി

സംസ്ഥാന ബജറ്റ്
തദ്ദേശസ്ഥാപനങ്ങൾക്ക് 27413 കോടി

■ **ഡോ. ജോമോൻ മാത്യൂ**

എല്ലാ വിഭാഗങ്ങളേയും മുഖ്യധാരയിലേക്കെത്തിക്കുക എന്ന ലക്ഷ്യം ബഡ്ജറ്റ് നീക്കിയിരിപ്പിൽ നിഴലിച്ചിട്ടുണ്ട്. വികസന ഫണ്ടിലെ 7180 കോടിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി 1221.15 കോടിയും പട്ടിക വർഗ്ഗവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് 183.10 കോടിയും നീക്കിവച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിന്റെ കാൽനൂറ്റാണ്ട് നാം പിന്നിട്ട കഴിഞ്ഞു. സമാനതകളില്ലാത്ത ജനകീയ മുന്നേറ്റത്തിന് വികേന്ദ്രീകൃതാസൂത്രണത്തിന്റെ നൂതനവും വേറിട്ടുള്ളതുമായ വഴികളിലൂടെ ലോകത്തിനാകെ മാതൃകയായി മാറിയ കേരളം, നവകേരള നിർമ്മാണത്തിന്റെ പാതയിലാണ്. ലൈഫ്മിഷനം ഹരിതകേരളം മിഷനും, കിഫ്ബിയുമൊക്കെ പടുത്തുയർത്തുന്ന നവകേരളത്തിന് അടിത്തറയാകാൻ ശക്തമായൊരു ആസൂത്രണസംവിധാനം കാൽനൂറ്റാണ്ടിനിടയിൽ നാം ഒരുക്കിയിട്ടുമുണ്ട്. അത്തരത്തിലൊരു ആണിക്കല്ലാകാൻ ഏറ്റവുമൊടുവിൽ സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നത് 27413 കോടിയുടെ ഊർജ്ജമാണ്!

വിശാലമാകുന്ന വികസന സമീപനങ്ങൾ

ലോകബാങ്കിന്റെ കണക്കനുസരിച്ച് 2019 ൽ ലോക രാജ്യങ്ങളിലെ ഗ്രാമീണ ജനത 44 ശതമാനം ആണ്. ഇന്ത്യയിലാകട്ടെ ഗ്രാമീണ ജനതയുടെ വലിപ്പം 66 ശതമാനത്തോളമുണ്ട്. കേരളത്തിലേക്ക് വന്നാൽ 2011 ലെ സെൻസസ് പ്രകാരം 52 ശതമാനം പേരാണ് ഗ്രാമീണർ. കഴിഞ്ഞ 10 വർഷം കൊണ്ട് ഈ അനുപാതത്തിൽ കാതലായ വ്യത്യാസമുണ്ടായിട്ടുണ്ടാകാം. എന്നിരിക്കിലും ജനസംഖ്യയുടെ പകുതിയോളം പേർ അതിവസിക്കുന്ന ഗ്രാമങ്ങൾ വികസന സമീപനങ്ങളിൽ സവിശേഷ

ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് ബജറ്റ് അവതരണവേളയിൽ

ശ്രദ്ധ ലഭിക്കേണ്ടവർ തന്നെയെന്നതിൽ തർക്കമില്ല. വികസന സമീപനങ്ങളിലെ സൈദ്ധാന്തിക കാഴ്ചപ്പാടുകൾ വ്യത്യസ്ത മാണെങ്കിലും മുകളിൽ നിന്ന് താഴേത്തട്ടിലേക്ക് വികസനനേട്ടങ്ങൾ അരിച്ചിറങ്ങുന്ന 'trickle down' സമീപനത്തിനൊപ്പം, അടിസ്ഥാനആവശ്യങ്ങൾ നിറവേറ്റി താഴേത്തട്ടിൽ നിന്നും വികസനം ആരംഭിക്കുന്ന (bottom up) സമീപനവും കരുത്താർജ്ജിച്ചിട്ടുണ്ട്. ഇവയ്ക്കൊപ്പം ക്ഷേമപ്രവർത്തനങ്ങൾക്കിടയിൽ വിസ്മരിക്കപ്പെട്ടുപോകുന്ന പാർശ്വവൽകൃതരെ കേന്ദ്രീകരിക്കുന്ന Peripheral regions മാതൃകകളും ശ്ലാഘനീയ മാകുന്നു.

യഥാർത്ഥത്തിൽ മേൽസൂചിപ്പിച്ചവയും ലോകസമ്പദ്വ്യവസ്ഥകൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്നവയും ആയ സമീപനങ്ങളിൽ ഏതാണ് നവകേരള നിർമ്മാണത്തിനൊരുങ്ങുന്ന തദ്ദേശസ്ഥാപനങ്ങൾക്കായി സർക്കാർ കരുതിവയ്ക്കുന്നത് എന്നത് പ്രധാനമാണ്. പുതിയ ബജറ്റിലൂടെ കണ്ണോടിച്ചാൽ പരീക്ഷിച്ച് വിജയിക്കപ്പെട്ട എല്ലാ വികസന സമീപനങ്ങളും വ്യത്യസ്ത കോണുകളിൽ പ്രകടമാകും. കാരണം തദ്ദേശസ്ഥാപനങ്ങളുടെ അധികാരപരിധി ഇന്നേറെ വിപുലവും ലക്ഷ്യമിടുന്ന ഗുണഭോക്താക്കളുടെ എണ്ണം ഏറെ വലുതുമാണ്. വിദ്യാഭ്യാസം, ശുചിത്വം, പാർപ്പിടം, കുടുംബശ്രീ, റോഡ് വികസനം, പട്ടികജാതി- പട്ടികവർഗ്ഗ വികസനം തുടങ്ങി ക്ഷേമരാഷ്ട്ര നിർമ്മിതിയുടെ എല്ലാ ഗുണകളുടെയും ചുവടുറപ്പിക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ തന്നെ.

പദ്ധതിവിഹിതത്തിലെ വർദ്ധനവ്

തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ സുപ്രധാനമായൊരു ഭാഗം സംസ്ഥാനത്തിന്റെ പദ്ധതി വിഹിതമാണ്. ഈ വിഹിതം സംബന്ധിച്ച നിർദ്ദേശങ്ങളും ശുപാർശകളും നൽകുവാനുള്ള ചുമതല ധനകാര്യകമ്മീഷനുകൾ സമയോചിതമായി നിർവ്വഹിക്കുന്നുമുണ്ട്. ഏറ്റവുമൊടുവിൽ എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായ ആറാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ സംസ്ഥാനസർക്കാർ അംഗീകരിക്കുകയും അതനുസരിച്ചുള്ള പദ്ധതിവിഹിത വർദ്ധനവ് 2021-22 ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തുകഴിഞ്ഞു. കഴിഞ്ഞ 5 വർഷത്തെ പദ്ധതിവിഹിതം (5-ാം ധനകാര്യ കമ്മിഷൻ പ്രകാരം) ചുവടെ ചേർക്കുന്നു. (പട്ടിക 1)

പട്ടിക 1 ൽ പരാമർശിച്ചതിൽ നിന്നും വ്യത്യസ്തമായി ആറാം ധനകാര്യ കമ്മിഷന്റെ ശുപാർശയനുസരിച്ച് പദ്ധതി വിഹിതം 26% ആയി ഉയരും. അതനുസരിച്ച് നിലവിലുള്ളതിനെക്കാൾ 277 കോടി രൂപ കൂടി തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിലേക്കെത്തും. അതായത് 7180 കോടി രൂപ.

പട്ടിക 1 : പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം (വികസന ഫണ്ട്)

വർഷം	സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം.
2016-17	22.92
2017-18	23.50
2018-19	24.01
2019-20	24.50
2020-21	25.92
അവലംബം: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ.	

ഇതിൽത്തന്നെ ഓരോ വർഷവും അര ശതമാനം വീതം വർദ്ധനവ് വരുത്തുവാനും കമ്മിഷൻ ശുപാർശയുണ്ട്.

മേൽ സൂചിപ്പിച്ച വികസന ഫണ്ടിനു പുറമേ ജനറൽ പർപ്പസ് ഗ്രാന്റായി തനത് നികുതിയുടെ 4% അതായത് 1950 കോടി രൂപയും മെയിന്റനൻസ് ഫണ്ടായി തനത് നികുതി യുടെ 6.5% അഥവാ 2944 കോടിയും ബഡ്ജറ്റിൽ വകയിരുത്തുന്നു. ചുരുക്കത്തിൽ ഉപാധിരഹിത ഫണ്ടായി ആകെ 12074 കോടി രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ട് എത്രമാത്രം 'ഇൻക്ലൂസീവ്' സ്വഭാവം കൈക്കൊള്ളുന്നുവെന്നത് സുപ്രധാനമായൊരു ചോദ്യമാണ്. പ്രത്യേകിച്ചും 10 ശതമാനത്തോളം പട്ടികജാതി ജനസംഖ്യയും 1.5 ശതമാനത്തോളം പട്ടികവർഗ്ഗ ജനസംഖ്യയും (2011 ലെ

> വൻകിട പദ്ധതികളിലൂടെ 'ട്രിക്കിൾ ഡൗൺ' സമീപനവും അടിസ്ഥാന ആവശ്യ നിർവ്വഹണത്തിലൂടെ താഴേത്തട്ടിൽ നിന്നുള്ള വികസന മുന്നേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രദേശങ്ങളേയും ലക്ഷ്യമിട്ടുള്ള പെരിഫറൽ വികസന സമീപനവും ഒത്തു ചേർന്ന വികസന കാഴ്ചപ്പാടിന് കേരളം ഇന്ന് സാക്ഷ്യം വഹിക്കുകയാണ്.

കണക്കനുസരിച്ച്) ഉള്ള കേരളത്തിൽ എല്ലാ വിഭാഗങ്ങളേയും മുഖ്യധാരയിലേക്കെത്തി ക്കുക എന്ന ലക്ഷ്യം ബഡ്ജറ്റ് നീക്കിയിരിപ്പിലും നിഴലിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വികസന ഫണ്ടിലെ 7180 കോടിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി 1221.15 കോടിയും പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് 183.10 കോടിയും നീക്കിവച്ചിട്ടുള്ളത്.

തൊഴിലും തൊഴിലുറപ്പും

കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നതാണ്. കൊവിഡ് കാലത്ത് പ്രത്യേകിച്ചും തൊഴിലില്ലായ്മ നിരക്കിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും CMIE ഡേറ്റാ പ്രകാരം ഏറ്റവുമൊടുവിലത്തെ (ഡിസംബർ 2020) കണക്ക് കേരളത്തെ ദേശീയ ശരാശരിക്കൊപ്പം നിർത്തുന്നുവെന്നത് ആശ്വാസകരമാണ് - 6.5%. ഉയർന്ന സാക്ഷരതയും ഉന്നതവിദ്യാഭ്യാസവും നമ്മുടെ അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മാ നിരക്കിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എന്നിരിക്കിലും കേരളത്തിലെ ഗ്രാമീണ പ്രദേശങ്ങളിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് (35.2%) ദേശീയ ശരാശരിയായ 23.5% ത്തിനും ഏറെ മുകളിലാണ് എന്നതിൽ നമുക്കാശ്വസിക്കാം. ഈ വർദ്ധനവ് സാധ്യമാക്കിയതിൽ തൊഴിലുറപ്പ്, കുടുംബശ്രീ പോലുള്ള പദ്ധതികളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. ഇവിടെയാണ് ബഡ്ജറ്റ് ചൂണ്ടിക്കാട്ടുന്ന സുപ്രധാനമായ ചില നീക്കിയിരിപ്പുകൾ ശ്രദ്ധേയമാകുന്നതും. തൊഴിലുറപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 5714 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 1238 കോടി രൂപയും ചേർത്ത് 6952 കോടി രൂപ കൂടി തദ്ദേശസ്ഥാപനങ്ങളിലൂടെ ഗ്രാമീണ തൊഴിൽ മേഖലയിലേക്ക് എത്തിച്ചേരും. ഇതിനോടൊപ്പം സംസ്ഥാനവിഷ്കൃത പദ്ധതികൾക്കായി 534 കോടി രൂപ കൂടി സംസ്ഥാന ബഡ്ജറ്റ് നീക്കിവച്ചിട്ടുണ്ട്.

'ലൈഫി'ന്റെ വിപുലമാകുന്ന വേരുകൾ

സ്വതന്ത്രഭാരതത്തിലിന്നോളം നിരവധി ഭവനപദ്ധതികൾ നടപ്പിൽ വന്നിട്ടുണ്ട്. കാലഘട്ടങ്ങളിൽ ഏറ്റക്കുറച്ചിലനുസരിച്ച് സംസ്ഥാനത്തും അവയുടെ നേട്ടങ്ങൾ പ്രകടവുമായിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ 1000 പേർക്ക് 336 വീടുകൾ ഉള്ളപ്പോൾ ദേശീയതലത്തിൽ അത് 273 വീടുകളാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, നിർമ്മിതി കേന്ദ്രം തുടങ്ങി 20 ഓളം ഏജൻസികൾ കേരളത്തിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. എങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിലാണ് ആകെ നിർമ്മിക്കപ്പെടുന്ന ഭവനങ്ങളിൽ 95% വും എന്നത് ശ്രദ്ധേയമാണ്. എന്നിരിക്കിലും ഭവന പദ്ധതികളുടെ സുവർണ്ണ നേട്ടം സംസ്ഥാനം തിരിച്ചറിഞ്ഞത് 2016 മുതലാണ്. ഉദാഹരണത്തിന് 2019 മുതൽ 2020 ഓഗസ്റ്റ് 31 വരെ നിർമ്മിക്കപ്പെട്ട 123807 വീടുകളിൽ 118936 എണ്ണവും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നിർമ്മിച്ചതാണ്.

രണ്ടരലക്ഷത്തിലേറെ വീടുകൾ ലൈഫ് പദ്ധതിയിലൂടെ ചുരുങ്ങിയ കാലം കൊണ്ട് പൂർത്തിയാകുമ്പോൾ അത് പ്രാദേശിക സർക്കാരുകളുടെ നേട്ടവും പ്രാദേശിക ജീവിത നിലവാരത്തിന്റെ ഉയർച്ചയുമായി കണക്കാക്കണം. അതിനൊരു തുടർച്ചയാണ് ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനം. ലൈഫ് മിഷന് വേണ്ടി 2021-22 ലെ ബഡ്ജറ്റ് നീക്കിയിരിപ്പ് 4000 കോടി രൂപയാണ്. കേരളത്തിലാകെ 5,04,967

ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ പകുതിയോളം ലൈഫിലൂടെ പൂർത്തീകരിക്കപ്പെട്ടു. ഭവനരഹിതരില്ലാത്ത കേരളത്തിലേക്കൊരു ചുവടുകൂടി വയ്ക്കാൻ ബഡ്ജറ്റിലെ നീക്കിയിരിപ്പ് തീർച്ചയായും ഗുണകരമാകും.

കുടുംബശ്രീ

കുടുംബശ്രീയുടെ പ്രസക്തി കേരളവും അതിർത്തികൾ പിന്നിട്ട് ലോകമെമ്പാടും തിരിച്ചറിഞ്ഞതാണ്. സ്ത്രീശാക്തീകരണം, കുടിൽ ചെറുകിട വ്യവസായം, മാലിന്യ സംസ്കരണം ഏറ്റവുമൊടുവിൽ കൊവിഡ് കാലത്തെ സമൂഹ അടുക്കളകൾ തുടങ്ങി ഗ്രാമീണ സ്ത്രീ ജനതയുടെ സമഗ്രമുന്നേറ്റത്തിന്റെ പോയ പതിറ്റാണ്ടുകളിലെ മുഖ്യധാരയിൽ കുടുംബശ്രീയുണ്ടായിരുന്നു. നാൾക്കുനാൾ വിപുലമായ ഉത്തരവാദിത്തങ്ങൾ കുടുംബശ്രീയെ ഏൽപ്പിക്കുന്നതിൽ സർക്കാരും ശ്രദ്ധിക്കുന്നു. ഉദാഹരണമായി പ്രധാന കേന്ദ്രാവിഷ്കൃത നഗര ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസിയാണ് കുടുംബശ്രീ. അതിനാൽത്തന്നെ തദ്ദേശ സ്ഥാപനങ്ങളിൽ ഭവന- ഭവനേതര ആവശ്യങ്ങളിൽ കുടുംബശ്രീക്കുള്ള പങ്ക് വലുതാണ്. ഈ തിരിച്ചറിവ് സംസ്ഥാന ബഡ്ജറ്റിലും പ്രകടമാണ്. അതുകൊണ്ടാണ് കുടുംബശ്രീക്കായി മാത്രം 260 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതും.

ഗ്രാമീണ റോഡുകൾ വികസനത്തിന്റെ പുതുവഴികൾ

ഗ്രാമീണ റോഡുകളുടെ നവീകരണത്തിലൂടെ നാട്ടിൻപുറങ്ങളിലേക്ക് വികസനപാത തുറക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. അടിസ്ഥാന സൗകര്യം, തൊഴിൽ, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവ കൂടിയാണ് റോഡ് വികസനത്തിലൂടെ സാധ്യമാകുന്നത് എന്നോർക്കുക. റീബിൽഡ് കേരളയുടെ ഭാഗമായുള്ള 488 കോടി രൂപയുടെയും മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായുള്ള 1000 കോടി രൂപയുടെയും റോഡ് നിർമ്മാണം 2021-22 ആരംഭത്തിൽ പൂർത്തീകരിക്കും. പി.എം.ജി.എസ്.വൈ. പദ്ധതിയ്ക്ക് 120 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 130 കോടി രൂപയും ലഭിക്കും. ഇത്തരത്തിൽ റോഡ് നവീകരണപ്രവർത്തനത്തിലൂടെ മാത്രം 1738 കോടിയാണ് തദ്ദേശസർക്കാരുകൾക്ക് ലഭ്യമാകുന്നത്.

ശുചിത്വ കേരളത്തിലേക്ക്

നവകേരള നിർമ്മിതിയിൽ ശുചിത്വകേരളത്തിന് നിർണ്ണായകപങ്ക് വഹിക്കാനുണ്ട്. കാരണം കേരളത്തിലെ ആളോഹരി ഖരമാലിന്യ ഉൽപാദനം പ്രതിദിനം 450 ഗ്രാം ആണെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്രാമങ്ങളിൽ ഇത് താരതമ്യേന കുറവാണെങ്കിലും കൊവിഡ് മാലിന്യം, കക്കൂസ് മാലിന്യം, മലിനമാകുന്ന നീരുറവകൾ തുടങ്ങിയ വിഷയങ്ങൾ തദ്ദേശസർക്കാരുകൾക്ക് തലവേദനയുണ്ടാക്കുന്നുണ്ട്. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, സ്വച്ഛ് ഭാരത് മിഷൻ എന്നിവയുടെ ശ്രദ്ധ ഇതിലേക്ക് നീങ്ങുന്നുവെന്നത് ആശ്വാസകരമാകും. ആ ലക്ഷ്യം മുൻനിർത്തി 2021-22 ൽ ഹരിതകേരളം മിഷൻ 15 കോടിയും, ശുചിത്വമിഷൻ 54 കോടിയും സ്വച്ഛ്ഭാരത് മിഷൻ 87 കോടിയും പ്രാദേശിക ശുചിത്വമേഖലയിൽ ചെലവഴിക്കും. ആകെ 157

കോടിയോളം വരുന്ന ഈ ശുചിത്വഫണ്ട് പ്രാദേശിക ശുചിത്വാരോഗ്യമെച്ചപ്പെടലുകൾക്ക് കരുത്താകും. ജനസാന്ദ്രതയിൽ ഏറെ മുന്നിലുള്ള കേരളത്തിൽ ഫലപ്രദമായി നടപ്പാക്കാനാകുന്നത് വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണ വികസനമാണെന്ന കാഴ്ചപ്പാടിലാണ് സർക്കാർ. ഇതിനോടകം 501 ഗ്രാമപഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വമാനദണ്ഡം പാലിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ആ തലത്തിലേക്ക് ഉയരേണ്ടതുണ്ട്.

കില

പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിൽ 'കില' യുടെ പങ്ക് സുപ്രധാനമാണ്. പരിശീലനം, പ്രസിദ്ധീകരണം തുടങ്ങിയവയ്ക്കായി 2021-22 ബഡ്ജറ്റിൽ 30 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 19 കോടി രൂപ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പരിശീനങ്ങൾക്കും അനുബന്ധകാര്യങ്ങൾക്കും വേണ്ടിയാണ്. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികാഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ഡിസംബറിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന അന്തർദ്ദേശീയ സെമിനാർ 2021 ൽ നടത്തുന്നതാണ്. രജതജൂബിലി വർഷത്തിൽ ഇതുവരെയുള്ള അധികാരവികേന്ദ്രീകരണ അനുഭവങ്ങളെക്കുറിച്ച് 25 പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും കില പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന് 3 കോടി രൂപ പ്രത്യേകമായി അനുവദിച്ചു.

ചുരുക്കത്തിൽ വിപ്ലവകരമായ വികസനമുന്നേറ്റമാണ് തദ്ദേശ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് നടന്നുവരുന്നത്. പദ്ധതിവിഹിതത്തിന് പുറമേ ഒട്ടനവധി വികസനവേരുകൾ ഗ്രാമങ്ങളിലേക്ക് ഇന്ന് കടന്നുചെല്ലുന്നുണ്ട്. ലൈഫ് മിഷനും, കുടുംബശ്രീയും, ശുചിത്വപദ്ധതിയും എല്ലാം അത്തരത്തിലുള്ളവയാണ്. ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള കാൽ ലക്ഷത്തിലധികം കോടിയുടെ ഉത്തേജനം തദ്ദേശ ഭരണകൂടങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം, കാർഷികരംഗത്തെയും മറ്റു സമാന്തര നേട്ടങ്ങളും മുൻഗണനകളും ഗ്രാമങ്ങളിലേക്കെത്തുന്നുണ്ട്. ഉദാഹരണത്തിന് കൊവിഡ് കാലത്തെ ഭക്ഷ്യകിറ്റുകൾ, സുഭിക്ഷ കേരളം പദ്ധതി എന്നിവയെല്ലാം ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്താൻ ഉതകുന്നവയാണ്. ഇത്തരത്തിൽ വൻകിട പദ്ധതികളിലൂടെ 'ട്രിക്കിൾ ഡൗൺ' സമീപനവും അടിസ്ഥാന ആവശ്യ നിർവ്വഹണത്തിലൂടെ താഴേത്തട്ടിൽ നിന്നുള്ള വികസന മുന്നേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രദേശങ്ങളേയും ലക്ഷ്യമിട്ടുള്ള പെരിഫറൽ വികസന സമീപനവും ഒത്തു ചേർന്ന വികസന കാഴ്ചപ്പാടിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. ഈ മുന്നേറ്റത്തിൽ പ്രാദേശിക സർക്കാരുകൾ കേവലം നോക്കുകുത്തികളായി മാറുകയല്ല; മറിച്ച് കെട്ടുറപ്പുള്ള നവകേരളനിർമ്മാണത്തിലെ ആണിക്കല്ലുകൾ തന്നെയായി മാറുകയാണ്.

ലേഖകൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സാമ്പത്തികശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.

പട്ടിക 2

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് നീക്കിയിരിപ്പ്

വിഭാഗം	തുക കോടിയിൽ
വികസന ഫണ്ട് (പദ്ധതി അടങ്കൽ)	7180
ജനറൽ പർപ്പസ് ഗ്രാന്റ്	1950
മെയിന്റനൻസ് ഫണ്ട്	2944
തൊഴിലുറപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും	6952
ലൈഫ് മിഷൻ	4000
മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി,	
ഗ്രാമീണ റോഡ്, PMGSY (കേന്ദ്രവും സംസ്ഥാനവും) ഉൾപ്പടെ	1838
ഹരിതമിഷൻ, ശുചിത്വമിഷൻ, സ്വച്ഛ് ഭാരത് മിഷൻ, ലോകബാങ്കിന്റെ നഗരശുചിത്വ പദ്ധതി ഉൾപ്പടെ	259
കുടുംബശ്രീ	260
കില	30
തനത് വരുമാനം	2000
ആകെ	**27413**

അവലംബം: ബഡ്ജറ്റ് (2021-22) രേഖകൾ

അധികാരം താഴേക്കുവന്ന വഴി

മനോജ് കെ. പുതിയവിള

സംഘകാലത്തെ വിഭജനങ്ങൾക്കുശേഷം ഇന്ത്യൻ സംസ്ഥാനം എന്ന നിലയിൽ ഐക്യകേരളം നിലവിൽ വരുന്നതിനുമുമ്പുതന്നെ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടിഷ് മലബാറിലുമെല്ലാം വ്യത്യസ്ത നിയമങ്ങൾ പ്രകാരമുള്ള പഞ്ചായത്തുസംവിധാനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവ അധികാരങ്ങളോ വികസനകാര്യങ്ങളിൽ പങ്കാളിത്തമോ ഒന്നും ഉള്ളവ ആയിരുന്നില്ല.

കേരളസംസ്ഥാനം രൂപംകൊള്ളുന്നതിനു മുമ്പുതന്നെ ഇവിടെ പഞ്ചായത്തുകൾ ഉണ്ടായിരുന്നു. രാജ്യത്തിന്റെ പലഭാഗത്തും രാജഭരണകാലത്തു നാട്ടുക്കൂട്ടങ്ങൾ കൂടിയിരുന്നതായി നമുക്കറിയാം. നാട്ടിലെ തർക്കവ്യവഹാരങ്ങൾക്കും മറ്റും തീർപ്പുണ്ടാക്കുന്നതും ഉത്സവാഘോഷങ്ങളും കൃഷിക്കാര്യങ്ങളും മറ്റും ആലോചിക്കുക തുടങ്ങിയ കാര്യങ്ങളാണ് മുഖ്യമായും അവ നിർവ്വഹിച്ചുവന്നത്.

കേരളം ഉൾപ്പെട്ടിരുന്ന തമിഴകത്തിൽ സംഘകാലത്തു നിലനിന്ന സംവിധാനങ്ങളാണ് ചരിത്രത്തിൽനിന്നു കണ്ടെടുക്കാവുന്ന ഏറ്റവും പഴയത്. പൊതുവർഷത്തിന് 500 കൊല്ലം മുമ്പ് (BCE 500) തുടങ്ങിയ സംഘകാലത്ത് ഇവിടെ തിണകളും മൻറങ്ങളുമായി നാടിനെ വിഭജിച്ചിരുന്നു. ഭൂഘടനയും ജനജീവിതവും ആധാരമാക്കിയുള്ളതായിരുന്നു മുല്ലൈ, കുറിഞ്ഞി, മരുതം, നെയ്തൽ, പാലൈ എന്നിങ്ങനെയുള്ള തിണകളായുള്ള വിഭജനം. ഈ അഞ്ചു തിണകൾ

ചേർന്ന സംവിധാനം ഐന്തിണൈ എന്ന് അറിയപ്പെട്ടു. ഗ്രാമീണർ ഒത്തുകൂടി നാട്ടുകാര്യങ്ങൾ ചർച്ചചെയ്യുകയും പ്രശ്നങ്ങൾക്ക പരിഹാരം കാണുകയും ചെയ്തിരുന്ന സംവിധാനമാണ് മൻറം. ഇന്നത്തെ ഗ്രാമസഭയുടെ ആദിമ രൂപം. പൊതുവർഷം (CE) 300 വരെ ആയിരുന്നു സംഘകാലം.

എന്നാൽ, പില്ക്കാലകേരളത്തിൽ ഇത്തരം സംവിധാനങ്ങളുടെ സ്ഥിതി എന്തായിരുന്നെന്നതിനു കാര്യമായ രേഖപ്പെടുത്തലുകൾ ഉള്ളതായി അറിയില്ല. പിന്നീട് ഇവിടെ രൂപപ്പെട്ടുവന്നതായി ചരിത്രത്തിൽ കാണുന്ന സമ്പ്രദായം തറ, കഴകം, ഗ്രാമം, ദേശം, നാട്എന്നിങ്ങനെയാണ്. കുറെ വീട്ടുകൾ ചേർന്ന തറയും തറകൾ ചേർന്ന നാട്ടുമായി ഗ്രാമങ്ങളെ തിരിച്ചിരുന്നു. അവയുടെ യോഗങ്ങൾ തറക്കൂട്ടവും നാട്ടുക്കൂട്ടവും എന്ന് അറിയപ്പെട്ടതായും പറയുന്നു.എന്നാൽ, തൊടാനോ തീണ്ടാനോപോലും പാടില്ലാതായ പില്ക്കാലത്ത് ഇവയൊന്നും ശരിയായ അർത്ഥത്തിൽ സാദ്ധ്യമല്ലാതാകുകയും ആലോചനകളും തീരുമാനങ്ങളുമെല്ലാം സവർണ്ണമേധാവിത്വത്തിന്റെ മാത്രം കാര്യം ആകുകയും ചെയ്തു. പില്ക്കാലചരിത്രത്തിൽ നാഞ്ചിനാട്ടും മറ്റും നാട്ടുക്കൂട്ടങ്ങൾ ചില പ്രത്യേകഘട്ടങ്ങളിൽ ഉണ്ടായിരുന്നതായി ചരിത്രകാരർ പറയുന്നു. എങ്കിലും ഇവിടെ ഗോത്രവിഭാഗങ്ങളിലാണ് ഊരുക്കൂട്ടങ്ങളും മറ്റും സ്ഥിരസ്വഭാവത്തോടെ കാണാനാവുന്നത്.

പ്രാദേശികഭരണം ഇന്ത്യയിൽ

ഗോത്രസമൂഹങ്ങളെല്ലാംതന്നെ ഒരുതരത്തിൽ പ്രാദേശികസ്വയംഭരണസ്വഭാവം ഉള്ളവ ആയിരുന്നു. ഗോത്രേതരസമൂഹങ്ങൾ രൂപപ്പെട്ടശേഷവും ലോകത്തു പല ഭാഗങ്ങളിലും ഏതെങ്കിലും തരം പ്രാദേശികക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ ഭരണത്തിന്റെ ഭാഗമായിരുന്നവയും പൊതുക്കാര്യങ്ങൾ ആലോചിച്ചിരുന്നവയും ഗ്രാമക്കോടതികളും കൃഷിയും വാണിജ്യവും ഒക്കെയായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ളവയും മറ്റു ധർമ്മങ്ങൾ നിർവ്വഹിച്ചിരുന്നവയും ഉണ്ടായിരുന്നു.

ഇന്ത്യയിലും കാര്യങ്ങൾ ഇങ്ങനെയൊക്കെത്തന്നെ ആയിരുന്നു. ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളവയിൽ ഒരുപക്ഷേ, ഏറ്റവും പഴയത് നേരത്തേ പറഞ്ഞ സംഘകാലതമിഴകത്തെ (BCE 500 – CE 300) സമ്പ്രദായമാണ്.സംഘകാലം തുടങ്ങി

ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഒന്നേമുക്കാൽ നൂറ്റാണ്ടു കഴിയുമ്പോൾ, ബി.സി.ഇ. 322-ൽ, നിലവിൽവന്ന മൗര്യകാലത്ത് ഭരണകാര്യത്തിനായി സാമ്രാജ്യത്തെ ജനപദങ്ങളായും അവയെ നാല് ഉപവിഭാഗങ്ങളായും വിഭജിച്ചിരുന്നതായി കാണുന്നു. പിന്നീട്, സി.ഇ. 350 മുതൽ 910 വരെ നിലനിന്ന പല്ലവരാജ്യത്തും ഇത്തരം വിഭജനം ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. മണ്ഡലം, വളനാട്ട്, നാട്ട് എന്നിങ്ങനെയായിരുന്നു അവിടത്തെ ഘടകങ്ങളുടെ പേര്. ഗ്രാമങ്ങളിൽ ഗ്രാമസഭ ഉണ്ടായിരുന്നു. നഗരങ്ങളിലും അതിനൊത്ത സംവിധാനം പ്രവർത്തിച്ചു.നഗരത്താർ

ഗോത്രസമൂഹങ്ങളെല്ലാം തന്നെ ഒരുതരത്തിൽ പ്രാദേശികസ്വയംഭരണസ്വഭാവം ഉള്ളവ ആയിരുന്നു. ഗോത്രേതരസമൂഹങ്ങൾ രൂപപ്പെട്ടശേഷവും ലോകത്തു പല ഭാഗങ്ങളിലും ഏതെങ്കിലും തരം പ്രാദേശികക്കൂട്ടങ്ങൾ ഉണ്ടായിരുന്നു.

എന്നാണ് ഇവയുടെ അദ്ധ്യക്ഷർ അറിയപ്പെട്ടത്. പിന്നീടും രാജ്യത്തു പലഭാഗങ്ങളിലും പലതരം നാട്ടുക്കൂട്ടങ്ങൾ പ്രവർത്തിച്ചുവന്നു.

ഇന്ത്യയിൽ പൊതുവായി നിയമവിധേയമായ പ്രാദേശികസ്വയംഭരണം നടപ്പാക്കുന്നത് ബ്രിട്ടീഷുകാരാണ്. ബ്രിട്ടനിൽ 1880-ഓടെ നിലവിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകയിൽ ആയിരുന്നു അത്. പക്ഷെ, അത് കീഴേത്തട്ടിൽ സ്വയംഭരണം കൊണ്ടുവന്നുമില്ല,അന്നു രാജ്യത്തു പലയിടത്തും നിലവിലുണ്ടായിരുന്ന പരമ്പരാഗതഗ്രാമക്കൂട്ടങ്ങളെയും അവയുടെ തനതു പ്രവർത്തനരീതിയെയും ബാധിക്കുകയോ അവയെ അനൗപചാരികസംവിധാനങ്ങൾ മാത്രം ആക്കുകയോ ചെയ്യുകയുംചെയ്തു.

പിന്നീട് പ്രൊവിൻഷ്യൽ കൗൺസിലുകൾ രൂപവത്ക്കരിച്ചതിന്റെ ഭാഗമായി 1919-ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്റ്റിൽ, പ്രൊവിൻഷ്യൽ മന്ത്രിസഭകൾ 'പ്രാദേശികഭരണത്തിന്റെ നിരീക്ഷണം' നിർവ്വഹിക്കണമെന്നു വ്യവസ്ഥചെയ്തു. അധികാരവികേന്ദ്രീകരണക്കമ്മിഷന്റെ 1908-ലെ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ ആയിരുന്നു ഇത്.

തുടർന്ന് 1920-ൽ ബ്രിട്ടീഷ് ഭരണകാലത്ത് പല സംസ്ഥാനവും പഞ്ചായത്ത് രാജ് നിയമങ്ങൾ പാസാക്കി നടപ്പാക്കി. ഇവ ഏകീകൃതസ്വഭാവം ഉള്ളവ ആയിരുന്നില്ല. ഇതു വന്നതോടെ നിലവിലുണ്ടായിരുന്ന പ്രാദേശികസ്വയംഭരണ സംവിധാനങ്ങളുടെ അധികാരാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും പരിമിതപ്പെട്ടുയാണ് ഉണ്ടായത്. ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്റ്റിലൂടെ 1935-ൽ വിശാലമായ പ്രൊവിൻഷ്യൽ കൗൺസിലുകൾ വന്നെങ്കിലും ഇക്കാര്യം അവരും ശ്രദ്ധിച്ചില്ല. ഇന്ത്യ റിപ്പബ്ലിക് ആകുന്നതുവരെ ഈ സാഹചര്യം നിലനിന്നു.

വികസനവും ആസൂത്രണവും ഗാന്ധിജിയുടെ ഗ്രാമസ്വരാജും ഒക്കെ കാര്യമായി രാജ്യം ചർച്ചചെയ്തെങ്കിലും പ്രാദേശികസ്വയംഭരണം ഭരണഘടനാവ്യവസ്ഥ ആയില്ല! വലിയ തർക്കങ്ങൾക്കൊടുവിൽ നിർദ്ദേശകതത്ത്വങ്ങളിലെങ്കിലും ഉൾപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് ആശ്വാസമായത്. ജാതിമേധാവിത്വം ഭരണം കയ്യാളുമെന്നും അത് അവർണ്ണവിഭാഗങ്ങൾക്കു കൂടുതൽ ദോഷമാകുമെന്നുമുള്ള അംബേദ്ക്കറുടെ ആശങ്കയായിരുന്നു കാരണം. ഭരണഘടനയുടെ കരടിൽ പ്രാദേശികസ്വയംഭരണം ഇടം നേടിപോലുമില്ല. ഭരണഘടനയുടെ കരടിൽ ഇല്ലാതിരുന്ന തദ്ദേശഭരണം നിർ

ദ്ദേശകതത്ത്വങ്ങളിൽ 40–ാം വകുപ്പായി വരുന്നത് ഗാന്ധിജി ഗ്രാമസ്വരാജിനായി ശക്തമായി നിലകൊണ്ടതിന്റെ സ്വാധീന ത്തിലാണ്. അപ്പോഴും എഴുതപ്പെട്ടത് ഇങ്ങ നെയാണ്: "ഗ്രാമപ്പഞ്ചായത്തുകൾ രൂപവ ത്ക്കരിക്കാനും തദ്ദേശഭരണസ്ഥാപനങ്ങ ളായി പ്രവർത്തിക്കാൻ അവയെ പ്രാപ്തമാ ക്കാൻ വേണ്ട അധികാരങ്ങളും ഉത്തരവാദി ത്വവും അവർക്കു നല്കാനും ഉചിതമായ നടപ ടികൾ സംസ്ഥാനഗവണ്മെന്റുകൾ കൈ ക്കൊള്ളണം." കേന്ദ്രത്തിലെ അധികാര ങ്ങൾ കാര്യമായി താഴേക്കു വരേണ്ടതുണ്ടെ ന്ന ചിന്ത അന്നേ ഇല്ലായിരുന്നു എന്നു കാണണം.

പഞ്ചവത്സരപദ്ധതികളുടെ നിർവ്വഹണ വും കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പ്രളയവും അവ തമ്മിലുള്ള ഏകോപനമില്ലായ്മയും അവ നടപ്പാക്കേണ്ട വകുപ്പുകളുടെ കമ്പാർ ട്ടുമെന്റലിസവും നടത്തിപ്പിലുണ്ടായ അനാ രോഗ്യകരമായ പ്രവണതകളും അടക്കം ധാരാളം ഘടകങ്ങൾ പില്ക്കാലത്ത് തദ്ദേശഭ രണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും അവയ്ക്ക് അധികാരങ്ങളും നിർവ്വഹണസംവി ധാനങ്ങളും കൈമാറുകയും ചെയ്യേണ്ട സാഹചര്യം സൃഷ്ടിക്കുകയാണ് ഉണ്ടായത്.

കീഴ്ത്തട്ട് അധികാരം കേരളപ്പിറവിക്കുമുമ്പ്

സംഘകാലത്തെ വിഭജനങ്ങൾക്കു ശേഷം ഇന്ത്യൻ സംസ്ഥാനം എന്ന നിലയിൽ ഐക്യകേരളം നിലവിൽ വരുന്ന തിനുമുമ്പുതന്നെ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടിഷ് മലബാറിലുമെല്ലാം വ്യത്യസ്ത നിയമങ്ങൾ പ്രകാരമുള്ള പഞ്ചായ ത്തുസംവിധാനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവ അധികാരങ്ങളോ വികസന കാര്യങ്ങളിൽ പങ്കാളിത്തമോ ഒന്നും ഉള്ളവ ആയിരുന്നില്ല.

മലബാറിൽ പഞ്ചായത്ത് യൂണിയനു കൾ നിലവിൽ വരുന്നത് 1884-ൽ മദ്രാസ് ലോക്കൽ ബോഡീസ് ആക്റ്റ് നടപ്പിലാകുന്ന തോടെയാണ്. മദ്രാസ് വില്ലേജ് ആക്റ്റ് പ്രകാരം 1920-ൽ ഡിസ്ട്രിക്റ്റ് ബോർഡുകളും അവിടെ നിലവിൽവന്നു. നാട്ടുരാജ്യങ്ങളിൽ കൊച്ചിയിലാണ് ഇത്തരമൊരു നിയമം ആദ്യം നടപ്പിലാക്കുന്നത് - 1914-ലെ കൊച്ചി പഞ്ചായത്ത് ആക്റ്റ്. ഒരു ദശാബ്ദം കഴിഞ്ഞ് 1925-ൽ തിരുവിതാംകൂറിൽ തിരുവിതാകൂർ വില്ലേജ് പഞ്ചായത്ത് ആക്റ്റും നിലവിൽ വന്നു.

തിരു-കൊച്ചി ഉണ്ടായപ്പോൾ ആ രണ്ടു നാട്ടുരാജ്യത്തെയും നിയമങ്ങൾ ഏകീകരി ക്കപ്പെട്ടു. 1950 -ൽ തിരുവിതാംകൂർ - കൊച്ചി പഞ്ചായത്ത് ആക്റ്റ് വന്നു. ഇതോടൊപ്പം ആദ്യത്തെ അതിർത്തി നിർണ്ണയക്കമ്മിറ്റി ക്കും രൂപം നല്കി. അതുപ്രകാരം അന്ന് തിരു- കൊച്ചി സംസ്ഥാനത്ത് നിലവിൽവന്നത് 458 ഗ്രാമപഞ്ചായത്തുകളാണ്.

എന്നാൽ, കാര്യമായ മാറ്റങ്ങളൊന്നും അതു കൊണ്ടുവന്നില്ല. എന്നാൽ, അപ്പോഴെ ല്ലാം അധികാരം കീഴേത്തട്ടിലേക്കു കൈമാ റേണ്ടതിന്റെ പ്രാധാന്യം നാടിന്റെ ഭാവിയെ പ്പറ്റി ചിന്തിച്ചിരുന്ന ദേശീയപ്രസ്ഥാന ത്തിലെ ഒരുവിഭാഗം ശക്തമായി മനസ്സിലാ ക്കുകയും അതിനായി നിലപാടെടുക്കുകയും ചെയ്തിരുന്നു.

തിരുവിതാംകൂറിനെ ഇന്ത്യൻ യൂണിയ നിൽ ചേർക്കാതെ സ്വതന്ത്രരാജ്യമാക്കാൻ നടത്തിയ ശ്രമത്തിനെതിരെ അമേരിക്കൻ മോഡൽ അറബിക്കടലിൽ എന്ന മുദ്രാവാ ക്യം ഉയർത്തിയുള്ള പോരാട്ടവും ഭാഷാടി സ്ഥാനത്തിലുള്ള ഐക്യകേരളം രൂപവ ത്ക്കരിക്കാനായി 'പദം പദം ഉറച്ചു നാം പാടിപ്പാടിപ്പോകുക, പാരിലൈക്യകേരള ത്തിൻ കാഹളം മുഴക്കുവാൻ' എന്ന പാട്ടുംപാടി കേരളമാകെ ജാഥകൾ നയിച്ച തുമൊക്കെ ചരിത്രത്തിന്റെ ഭാഗമാണല്ലോ. അതിനെല്ലാം നേതൃത്വം കൊടുത്ത് ഐക്യ കേരളം എന്ന ആശയത്തിനായി ശക്തമായ നിലപാടെടുത്തവരാണ് ആ കേരളം എങ്ങനെ ആകണമെന്നകാര്യത്തിലും വ്യ ക്തമായ കാഴ്ചപ്പാട് രൂപപ്പെടുത്തിയത്.

മൂന്നു നാട്ടുകളിൽ നിലനിന്ന ഭരണപ്ര വർത്തനങ്ങളെ കേവലമായി ഏകോപിപ്പി ക്കുക എന്നതായിരുന്നില്ല അത്. നിലനിന്ന ഭരണകൂടങ്ങളുടെ എല്ലാ സ്വഭാവവിശേ ഷങ്ങളും തകർത്ത് ജനകീയവും വികസ നോന്മുഖവുമായ ഭരണസംവിധാനം നടപ്പാ ക്കുക എന്ന കാഴ്ചപ്പാടാണ് കോൺഗ്ര സിലെ സോഷ്യലിസ്റ്റ് ചേരിയിലൂടെ കമ്മ്യൂ ണിസ്റ്റായി മാറിയ വിഭാഗം മുന്നോട്ടുവച്ചത്. ഒന്നേകാൽക്കോടി മലയാളികൾ എന്ന പുസ്തകം 1946 ജനുവരിയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് രചിച്ചത് ഈ കാഴ്ചപ്പാട് അവതരിപ്പിക്കാനാണ്.

അതിലെ 'ഒരു നവീനകേരളം സൃഷ്ടി ക്കാൻ' എന്ന അദ്ധ്യായത്തിൽനിന്ന് ഒരുഭാഗം ഉദ്ധരിക്കാം: "... പ്രധാനമായി ചെയ്യേണ്ടത് ജനങ്ങളുടെ മീതെ നില്ക്കുന്നവ രാണു ഗവണ്മെന്റ് ഉദ്യോഗസ്ഥരെന്ന ഇന്നത്തെ നില അവസാനിപ്പിക്കുകയാണ്; വില്ലേജ് ഉദ്യോഗസ്ഥർ മുതൽ മേല്പോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരെയും ജനാധിപത്യപര മായി നിയന്ത്രിക്കാനുള്ള ഏർപ്പാടുണ്ടാക്കു കയാണ്. ഓരോ വില്ലേജിലും പഞ്ചായത്ത്; വില്ലേജ് ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനുള്ള അധികാരം പഞ്ചായത്തിന്; താലൂക്കിനും ഡിസ്ട്രിക്റ്റിനും ബോർഡുകൾ; അതിന്റെ അതിർത്തിക്കുള്ളിലുള്ള ഉദ്യോഗസ്ഥർ ഈ ബോർഡുകളുടെ കീഴിൽ; പട്ടണങ്ങൾക്കു മുനിസിപ്പാലിറ്റിയും അതിനു കീഴ്പ്പെട്ടുമാത്രം

1957-ലെ ഇ.എം.എസ്. മന്ത്രിസഭയിലെ അംഗങ്ങൾ

ഉദ്യോഗസ്ഥരും; ഈ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങൾക്കെല്ലാം പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പും – ഇതെല്ലാം കൊണ്ടു മാത്രമേ ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ."

അതെ, അന്നേ എത്ര വ്യക്തമായ വീക്ഷണമാണ് ഉണ്ടായിരുന്നതെന്ന്! 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന പുസ്തകവും ഇതേ ഉദ്ദേശ്യത്തിൽ ഇ. എം. എസ്. രചിച്ചതാണ്.

അധികാരവികേന്ദ്രീകരണം സംബന്ധിച്ച് രാജ്യത്തുതന്നെ സുവ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന ആളാണ് അദ്ദേഹം. വായനക്കാർക്കും കാഴ്ചപ്പാടു വികസിപ്പിക്കാൻ പര്യാപ്തമാകും എന്നതിനാൽ അദ്ദേഹത്തിന്റെ ദർശനവ്യക്തത വെളിവാക്കുന്ന ഒരു നിരീക്ഷണംകൂടി ചൂണ്ടിക്കാട്ടാം. ഇന്ത്യയിൽ പഞ്ചായത്തീരാജ് സംവിധാനം വേരുറപ്പിക്കാത്തതിന്റെ കാരണങ്ങൾ പഠിക്കാൻ 1978-ൽ നിയോഗിച്ച അശോക് മേത്ത കമ്മിഷൻ റിപ്പോർട്ടിൽ ഇ.എം.എസ്. എഴുതിയ വിയോജനക്കുറിപ്പിലെ ഒരു ഭാഗമാണത്:

"ജനാധിപത്യവികേന്ദ്രീകരണത്തിലുള്ള എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനം ഇതാണ്. മർദ്ദകർക്കും ചൂഷകർക്കും എതിരെയുള്ള അദ്ധ്വാനിക്കുന്നവരുടെ ദൈനംദിനസമരത്തിൽ ഇത്തരമൊരു വ്യവസ്ഥ കൂടുതൽ സഹായകരമായിരിക്കും. അതിനാൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ രാജ്യത്തിന്റെ ഭരണത്തിന്റെ അവിഭാജ്യഭാഗമെന്നതിൽ നിന്നു വ്യത്യസ്തമായി കാണാൻ എനിക്കു കഴിയില്ല. അതുകൊണ്ടു തന്നെ ഭരണപരമായ ധർമ്മങ്ങളും നിയന്ത്രണാധികാരങ്ങളും തമ്മിൽ വ്യത്യാസവും കാണാൻ കഴിയില്ല. വിദേശകാര്യം, രാജ്യരക്ഷ , നാണയം, വാർത്താവിനിമയം തുടങ്ങിയ ചില മേഖലകൾ കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ വച്ച് ബാക്കിയെല്ലാം സംസ്ഥാനങ്ങളിലേക്കും അവിടന്നു ജില്ലകളിലേക്കും തിരഞ്ഞെടുക്കപ്പെട്ട മറ്റു സമിതികളിലേക്കും നല്കുക എന്നതാണ് നമുക്ക് ആവശ്യം."

ഭരണസ്ഥിരതയുടെ നഷ്ടങ്ങൾ

ഇ.എം.എസിന്റെ നേതൃത്വത്തിൽ 1957-ൽ അധികാരത്തിൽവന്ന ആദ്യമന്ത്രിസഭതന്നെ പഞ്ചായത്തുകളുടെ ഭരണപരിഷ്കാരം സംബന്ധിച്ച് ഒരു കമ്മിറ്റിയെ വച്ചു. മുഖ്യമന്ത്രിതന്നെ ആയിരുന്നു അദ്ധ്യക്ഷൻ.

ആർ. ശങ്കർ

അതിന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞു: "കാര്യക്ഷമമായ ഭരണസംവിധാനത്തിന് അത്യന്താപേക്ഷിതമായ ഒരു കാര്യം താഴേത്തലങ്ങളിലേക്ക് അധികാരം വിന്യസിക്കുകയാണ്. വികേന്ദ്രീകരണത്തിന്റെ അവശ്യപൂരകമാണ് ജനാധിപത്യവത്ക്കരണം."

മൂന്നു തട്ടുകൾ വേണമെന്നും അടിസ്ഥാനഘടകം ഗ്രാമപഞ്ചായത്ത് ആയിരിക്കണമെന്നും രണ്ടാം തട്ട് താലൂക്കുതലത്തിൽ ആകണമെന്നും ആയിരുന്നു ശുപാർശ. നടുവിലെ തട്ട് ഉപദേശകസമിതി ആയാൽ മതി. ജില്ലാഭരണത്തിന്റെ കാര്യത്തിൽ കമ്മിറ്റിയിൽ അഭിപ്രായൈക്യം ഉണ്ടായില്ല.

സി. അച്യുതമേനോൻ

ജില്ലയിൽ കളക്ടർ അദ്ധ്യക്ഷനായ ഉപദേശകസമിതി മതിയെന്നും പോരാ, എല്ലാ നിർവ്വഹണാധികാരവുമുള്ള ജില്ലാ കൗൺസിൽ വേണമെന്നും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ ആയിരിക്കണം ഇതിന്റെ അദ്ധ്യക്ഷരെന്നും രണ്ട് അഭിപ്രായങ്ങൾ റിപ്പോർട്ടിൽ കാണാം. ഇതിന്റെ അടിസ്ഥാനത്തിൽ 1958 ഡിസംബർ 9-ന 'കേരള പഞ്ചായത്ത് ബില്ലും' 1959 ഏപ്രിൽ 16-ന 'ജില്ലാ കൗൺസിൽ ബില്ലും' നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും' 59 ജൂലൈ 31-ന കേന്ദ്രസർക്കാർ നിയമസഭ പിരിച്ചുവിട്ടതിനാൽ രണ്ടുബില്ലും പാസ്സാക്കാൻ കഴിഞ്ഞില്ല. പിന്നീട് 1960-ലും 61-ലുമായി 'കേരള പഞ്ചായത്ത് നിയമ'വും 'കേരള മുനിസിപ്പൽ നിയമ'വും 'കേരള മുനിസിപ്പൽ കോർപ്പറേഷൻ നിയമ'വും പാസാക്കി. നിയമം വിപുലമായ മേഖലകളും അധികാരങ്ങളും പഞ്ചായത്തുകൾക്കു നിർദ്ദേശിച്ചിരുന്നെങ്കിലും മിക്കതും നല്കപ്പെട്ടില്ല.

ഇ.എം.എസ്. മന്ത്രിസഭയെ പിരിച്ചുവിട്ടതിനാൽ പാസാകാതെപോയ 'പഞ്ചായത്ത് യൂണിയൻ കൗൺസിൽ - ജില്ലാപരിഷത് ബിൽ' ആർ. ശങ്കർ മന്ത്രിസഭ 1964 ഫെബ്രുവരിയിൽ അവതരിപ്പിച്ചു.

1967-ൽ രണ്ടാം ഇ. എം. എസ്. മന്ത്രിസഭ വന്ന് ആറുമാസത്തിനകം 1959-ലെ ബിൽ പരിഷ്കരിച്ച് 'കേരള പഞ്ചായത്ത് രാജ് ബിൽ 1967' അവതരിപ്പിക്കുകയും നിയമസഭാ സെലക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെകൂടി അടിസ്ഥാനത്തിൽ സമഗ്രമായ ബിൽ 1969 മാർച്ച് 26-ന വീണ്ടും അവതരിപ്പിക്കുകയും ചെയ്തു. പക്ഷെ ആ നിയമസഭയെയും അതു പാസ്സാക്കും മുമ്പ് പിരിച്ചുവിട്ടു.

1970-ലെ അച്യുതമേനോൻ മന്ത്രിസഭ ആ ബില്ല് 'കേരള ജില്ലാഭരണബിൽ 1971' എന്ന പേരിൽ അവതരിപ്പിച്ചെങ്കിലും അടിയന്തരാവസ്ഥയ്ക്കുശേഷം 1978 ആഗസ്റ്റ് 1-ന മാത്രമാണ് ചില മാറ്റങ്ങളോടെ പാസാക്കപ്പെട്ടത്. 1980 മേയ് 18-ന നിയമവും പിന്നാലെ ചട്ടങ്ങളുമായി. എന്നാൽ അതിനപ്പുറം പുരോഗതി ഉണ്ടായില്ല.

1982-ലെ മന്ത്രിസഭയും ഇതു നടപ്പാക്കിയില്ല. ഭേദഗതികൾ വേണം എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നീണ്ടുപോകുകയായിരുന്നു. നിയമഭേദഗതി നിർദ്ദേശിക്കാൻ വച്ച കമ്മിറ്റി റിപ്പോർട്ട് പോലും നല്കിയില്ല.

ഇക്കാലമത്രയും പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പുകളേ നടക്കുകയുണ്ടായില്ല. 1964-ലെ പഞ്ചായത്തു തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണസമിതിക

ളുടെ കാലാവധി 1969-ൽ കഴിഞ്ഞെങ്കിലും അവ 1978-വരെ തുടരുകയായിരുന്നു. പിന്നീട് 1979-ലാണ് തിരഞ്ഞെടുപ്പ്. അന്നു തിരഞ്ഞെടുക്കപ്പെട്ട സമിതികളുടെ കാലാവധി 1984-ൽ അവസാനിച്ചെങ്കിലും അന്നും തിരഞ്ഞെടുപ്പ് നടത്തിയില്ല. പകരം, ഭരണം ഉദ്യോഗസ്ഥരെ ഏല്പിച്ചു. പിന്നീട് 1988-ൽ നായനാർ സർക്കാരിന്റെ കാലത്താണ് തിരഞ്ഞെടുപ്പ് നടന്നത്. അന്നുമുതലാണ് തദ്ദേശഭരണ തിരഞ്ഞെടുപ്പ് കൃത്യമായി നടന്നു തുടങ്ങിയത്.

ജില്ലാ കൗൺസിലും അധികാരവിനിമയവും

വീണ്ടും അധികാരവികേന്ദ്രീകരണ ശ്രമം ഉണ്ടാകുന്നതും ആ മന്ത്രിസഭയുടെ കാലത്താണ്. ജില്ലാ കൗൺസിൽ സംവിധാനം വരുന്നത് അന്നാണ്. രാജ്യത്ത് ആദ്യത്തെ ജില്ലാ കൗൺസിൽ ആയിരുന്നു അത്. രാജ്യത്ത് ആദ്യമായി സ്ത്രീകൾക്കു 30 ശതമാനം സംവരണവും ഏർപ്പെടുത്തി. അങ്ങനെ 1991 ഫെബ്രുവരി 5-നു ജില്ലാ കൗൺസിലുകൾ നിലവിൽ വന്നു. പത്തൊൻപതു പ്രധാന വകുപ്പുകളും 240 വിഷയവും ജില്ലാ കൗൺസിലുകൾക്ക് കൈമാറി. സംസ്ഥാന ബജറ്റിന്റെ 24 ശതമാനവും കൈമാറി. കൂടാതെ അഞ്ചുശതമാനം ബജറ്റ് വിഹിതം വേറെയും നല്കി. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രാതിനിധ്യത്തോടെ പദ്ധതികൾ നടപ്പാക്കാനായിരുന്നു ഇത്. ജില്ലാ കൗൺസിൽ പ്രസിഡന്റുമാരുടെ പദവി പ്രോട്ടോക്കോൾ പ്രകാരം എം. എൽ. എ. മാർക്കും എം. പി. മാർക്കും മുകളിൽ ആയിരുന്നു. പലനിലയ്ക്കും രാജ്യത്തിനാകെ മാതൃകയായിരുന്നു ജില്ലാ കൗൺസിൽ നിയമം.

അതേ സർക്കാർ അധികാരവികേന്ദ്രീകരണം പഠിക്കാൻ രണ്ടു കമ്മിഷനുകളെ നിയോഗിച്ചിരുന്നു. മികച്ച പഞ്ചായത്ത് രാജ് സംവിധാനം ഉണ്ടായിരുന്ന പശ്ചിമബംഗാളിന്റെ ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷനും ധനതത്വശാസ്ത്രജ്ഞനുമായിരുന്ന എസ്. ബി. സെൻ അന്നാണ് കേരളത്തിനുവേണ്ടി ആദ്യമായി റിപ്പോർട്ട് നല്കുന്നത്. മറ്റൊരു കമ്മിഷൻ ചീഫ് സെക്രട്ടറിയായിരുന്ന വി. രാമചന്ദ്രനായിരുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ ഒരു പ്രധാന ധനസ്രോതസായി മാറിയ ഉപാധിരഹിത ഫണ്ട് എന്ന നിർദ്ദേശം സെന്നിന്റേതായിരുന്നു. സങ്കീർണ്ണസാങ്കേതികവിദ്യ വേണ്ടാത്ത

ഇ.കെ. നായനാർ

ഗ്രാമതല പ്രവർത്തനങ്ങളെല്ലാം പഞ്ചായത്തുകൾക്കു കൈമാറുക, പദ്ധതികൾ തിരഞ്ഞെടുക്കാൻ കൂടുതൽ അധികാരം നല്കുക തുടങ്ങി പങ്കാളിത്തത്തിന്റെയും ആസൂത്രണത്തിന്റെയും ധാരാളം ആശയങ്ങൾ സെൻ മുന്നോട്ടുവച്ചു.

കേരള പഞ്ചായത്ത് നിയമം, കേരള മുനിസിപ്പൽ നിയമം എന്നിവയിലെ അപാകങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളാണ് രാമചന്ദ്രൻ കമ്മിറ്റി നല്കിയത്. പഞ്ചായത്തുകളുടെ നിർവ്വഹണാധികാരം എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിന്നു മാറ്റി പ്രസിഡന്റിനു നല്കണമെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരെ പഞ്ചായത്ത് ഓഫീസ് സെക്രട്ടറിമാർ ആക്കണമെന്നും നിർദ്ദേശിച്ചത് അദ്ദേഹമാണ്. കളക്ടർ ജില്ലാ കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കണമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

എന്നാൽ, അതിനുശേഷം ജില്ലാ കൗൺസിലിന്റെ അധികാരങ്ങൾ മിക്കതും തിരിച്ചെടുക്കുന്ന നിലയാണുണ്ടായത്; ധനം നല്കിയുമില്ല. കാലാവധി തീരാൻ രണ്ടുവർഷം ബാക്കിനില്ക്കെ 1994 ഏപ്രിലിൽ അവയെ പിരിച്ചുവിടുകയും ചെയ്തു. രാജ്യത്തെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകളാണ് അതോടെ ഇല്ലാതായത്.

1992-ൽ പാസ്സാക്കിയ ഭരണഘടനാ ഭേദഗതികളിൽ 73–ാം ഭേദഗതി 1993 എപ്രിൽ 24-നും 74–ാം ഭേദഗതി 1993 ജൂൺ 1-നും രാഷ്ട്രപതി ഒപ്പുവച്ചതോടെ പ്രാബല്യത്തിൽ വന്നു. ഇവയുടെഅടിസ്ഥാനത്തിൽ സംസ്ഥാനം നിർമ്മിച്ച പുതിയ പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമങ്ങൾ 1994 ഏപ്രിൽ 23-നു നിലവിൽ വന്നതോടെ ജില്ലാ കൗൺസിൽ നിയമവും റദ്ദായി.

ഈ ജില്ലാ കൗൺസിലുകൾ ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനത്തിൽ നിലവിൽവന്ന ജില്ലാപഞ്ചായത്തു മാതിരി ആയിരുന്നില്ല. ജില്ലാപഞ്ചായത്ത് ആ ജില്ലയിലെ ഗ്രാമങ്ങൾക്കു മാത്രമുള്ളതാണല്ലോ. നഗരങ്ങളും പട്ടണങ്ങളും അതിനു പുറത്താണ്. അതുകൊണ്ടുതന്നെ ജില്ലാതലത്തിൽ ഒരു ജനകീയഭരണ സംവിധാനം എന്നത് അസാദ്ധ്യമായി. ഫലമോ, ജില്ലാതലം ഉദ്യോഗസ്ഥ സംവിധാനമായി തുടർന്നു; ജനകീയ സംവിധാനങ്ങളായി മാറിയ ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും എല്ലാം മീതെ കളക്ടർമാർ സർവ്വാധികാരികളായും. ജില്ലയ്ക്കു സമഗ്രമായ ജനകീയപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനുള്ള സാദ്ധ്യത ഇതോടെ ഇല്ലാതായി.

എന്നാൽ കേരളം നടപ്പാക്കിയ ജില്ലാ കൗൺസിൽ നഗരസഭകളും കോർപ്പറേഷനുകളും അടക്കം മുഴുവൻ ജില്ലയ്ക്കും വേണ്ടിയുള്ളത് ആയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിപുലമായ അധികാരങ്ങൾ ജില്ലാ കൗൺസിലുകൾക്കു കൈമാറുകയും ചെയ്തു. കളക്ടർമാർ അതിന്റെ സെക്രട്ടറിയുടെ ചുമതലകൂടി വഹിച്ചു. കളക്ടർ എന്ന പദവി ജില്ലാ കൗൺസിൽ സെക്രട്ടറി എന്നാക്കി മാറ്റേണ്ടതായിരുന്നു എന്നതു മാത്രമാണ് അന്നു പലരും കണ്ട ഏക പരിമിതി.

ഭരണഘടനാഭേദഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ നിയമങ്ങൾ പ്രകാരമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ തിരഞ്ഞെടുപ്പിലൂടെ അധികാരമേല്ക്കുന്നത് 1995 ഒക്ടോബർ 2-നാണ്. എന്നാൽ, ഇവയ്ക്ക് കാര്യമായ അധികാരമൊന്നും നല്കപ്പെട്ടില്ല. അവ യഥാർത്ഥത്തിൽ ശാക്തീകരിക്കപ്പെടുന്നത് അടുത്തവർഷം ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തോടെയാണ്.

വികസനപ്രതിസന്ധി മറികടക്കാൻ

1996-ൽ വന്ന നായനാർ മന്ത്രിസഭയാണ് ജനകീയാസൂത്രണപ്രസ്ഥാനം സംഘടിപ്പിക്കുന്നത്. അതിനു മറ്റൊരു പശ്ചാത്തലം കൂടിയുണ്ട്.

കേരളത്തിൽ 1970-കളിൽ രൂപപ്പെട്ട

തുടങ്ങിയ ഉത്പാദനയിടിവിന്റെയും തൊഴിലില്ലായ്മയുടെയും മറ്റും ഫലം സംസ്ഥാനത്തിന്റെ ഭാവിയെ അപകടപ്പെടുത്തുംമാറ് വലിയൊരു വികസനപ്രതിസന്ധിയായി അപ്പോഴേക്കും വളർന്നിരുന്നു. ആ പ്രതിസന്ധി മുറിച്ചുകടക്കാനുള്ള മാർഗ്ഗങ്ങൾ ആരായാൻ 1994-ലെ 'രാജ്യാന്തര കേരളപഠനകോൺഗ്രസ് ' സംഘടിപ്പിക്കപ്പെടുകയുണ്ടായി. അതിവിപുലമായ പ്രവർത്തനം സംഘടിപ്പിച്ചത് എ. കെ. ജി. പഠനഗവേഷണകേന്ദ്രമാണ്.

അതിലേക്കു വഴിതുറന്ന സാഹചര്യം ഇ. എം. എസ്. അന്നെഴുതിയ ഒരു ലേഖനത്തിൽ വിശദീകരിക്കുകയുണ്ടായി. നിരന്തരമായ രാഷ്ട്രീയാസ്ഥിരതകൾ കാരണം ഭൂപരിഷ്കരണം അടക്കമുള്ള ആദ്യപ്രവർത്തനങ്ങളുടെ തുടർച്ചയിൽ ശ്രദ്ധിക്കാനായിരുന്നില്ലെന്നും ആ സാഹചര്യം മാറിയതുകൊണ്ടാണ് ജില്ലാ കൗൺസിൽ യാഥാർത്ഥ്യമാക്കാനും സമ്പൂർണ്ണ സാക്ഷരതായജ്ഞം നടത്താനുമൊക്കെ കഴിഞ്ഞതെന്നുമാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്.

ആ പഠന കോൺഗ്രസിൽ രാജ്യാന്തര തലത്തിൽനിന്നടക്കം ആയിരത്തിലേറെ പ്രതിനിധികളും അറുനൂറിലേറെ പ്രബന്ധങ്ങളും ഉണ്ടായിരുന്നു. മൂന്നു ദിവസം 73 വേദികളിൽ കേരളത്തിന്റെ സമസ്തമേഖലകളും തലനാരിഴകീറി പരിശോധിച്ച പഠനോത്സവമായി അതു മാറി.

കേരളത്തിന്റെ പ്രശ്നങ്ങൾക്കുള്ള പ്രധാനപരിഹാരമായി അന്ന് ഇ.എം.എസ്. മുന്നോട്ടു വച്ചത് ജനാധിപത്യ വികേന്ദ്രീകരണമാണ്. അദ്ദേഹം ഉദ്ഘാടനപ്രസംഗം ഉപസംഹരിച്ചത് ഇങ്ങനെയാണ്: "ഇക്കാര്യത്തിലെ നമ്മുടെ പുരോഗതി വളരെ പതുക്കെയാണ്. ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഉപയോഗിക്കപ്പെട്ടത് ജനാധിപത്യ വികേന്ദ്രീകരണത്തിനു പകരം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കേന്ദ്രീകരണത്തിനാണ്. മണ്ണും വെള്ളവും പരിപാലിക്കാനും സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മ ഉയർത്താനും സാംസ്കാരിക വികസനത്തിനും പുതിയ സാമൂഹിക, സാമ്പത്തിക സ്ഥാപനങ്ങൾ നാം ആരംഭിക്കേണ്ടതുണ്ട്. വികസന പ്രക്രിയയിൽ ആധുനിക ശാസ്ത്രവും സാങ്കേതികവിദ്യയും സുസ്ഥിരമായരീതിയിൽ ഏകോപിപ്പിക്കുകയും വേണം."

ആ പഠന കോൺഗ്രസിലാണ് പ്രാദേശിക വിഭവസമാഹരണത്തിന്റെയും പ്രാദേശികാസൂത്രണത്തിന്റെയും പങ്കാളിത്തനിർവ്വഹണത്തിന്റെയും ആശയങ്ങൾ മൂർത്തത കൈവരിക്കുന്നത്. അതിൽനിന്നാണ് ജനകീയാസൂത്രണം എന്ന ആശയത്തിന്റെ പിറവി.

ജനകീയാസൂത്രണം എന്ന വിപ്ലവം

പ്രാദേശികവികസനത്തിന്റെ ആസൂത്ര ണം മുതൽ നടപ്പാക്കൽ വരെ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുക എന്ന മഹത്തായ ആശയത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു ജനകീയാസൂത്രണം. ലോകമാ കെ സശ്രദ്ധം വീക്ഷിച്ച വികസനപരീക്ഷണം. സമീപകാലാനുഭവം ആയതിനാൽ വിശദാംശങ്ങളിലേക്കു പോകുന്നില്ല. പ്രാദേശികമായ ശേഷികളിൽ അതുണ്ടാക്കിയ മാറ്റത്തിന്റെ ഗുണഫലമാണ് കൊവിഡും പ്രളയവുമൊക്കെ വന്നപ്പോൾ കേരളത്തെ പിടിച്ചുനിർത്തിയത്.



ജനകീയാസൂത്രണം ഒന്നാംഘട്ടം ഉദ്ഘാടനം

ജനകീയാസൂത്രണം നടപ്പിലാക്കിയ നായനാർ മന്ത്രിസഭ അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കാനുള്ള നിർദ്ദേശങ്ങൾ നല്കാനായി എസ്. ബി. സെന്നിനെ വീണ്ടും നിയോഗിച്ചു. സെൻ കമ്മിറ്റി എന്ന് അറിയപ്പെടുന്ന ഈ കമ്മിറ്റിയുടെ ചുമതല സെന്നിന്റെ നിര്യാണത്തെത്തുടർന്ന് മുൻ തദ്ദേശഭരണമന്ത്രി വി. ജെ. തങ്കപ്പനാണു വഹിച്ചത്. കമ്മിറ്റിയുടെ ശുപാർശപ്രകാരം അന്നത്തെ അധികാര

പാലോളി മുഹമ്മദ് കുട്ടി

വികേന്ദ്രീകരണ നിയമങ്ങളിൽ ഒട്ടനവധി അടിസ്ഥാനമാറ്റങ്ങൾ ആ സർക്കാർ വരുത്തുകയുണ്ടായി. പാലോളി മുഹമ്മദുകുട്ടി ആയിരുന്നു ആ ചരിത്രമാറ്റങ്ങൾക്കു ചുക്കാൻ പിടിച്ച തദ്ദേശഭരണമന്ത്രി.

വലിയതോതിൽ അധികാരങ്ങൾ താഴേത്തലത്തിലേക്കു കൈമാറ്റപ്പെടുന്നത് അന്നാണ്. സംസ്ഥാനസർക്കാരിന്റെ പഞ്ചവത്സരപദ്ധതിയുടെ മൂന്നിലൊന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്കു നല്കാനുള്ള വിപ്ലവാത്മകമായ തീരുമാനം എടുത്തതും നടപ്പാക്കിയതും ആ നായനാർ സർക്കാരാണ്. മാത്രവുമല്ല, ധനവിതരണത്തിനു കൃത്യമായ മാനദണ്ഡങ്ങളും നിശ്ചയിച്ചു. ആ പദ്ധതിത്രുപവത്ക്കരണ-നിർവ്വഹണയജ്ഞമായിരുന്നല്ലോ ജനകീയാസൂത്രണം.

നമ്മുടെ ഗ്രാമനഗരങ്ങളിലെ ആയിരക്കണക്കിനു മനുഷ്യർ വികസനത്തിന്റെ സമഗ്രപാഠങ്ങൾ പഠിച്ച അതിതീവ്രപരിശീലനങ്ങളുടെയും നാടൊട്ടുക്കും നടന്ന വിഭവസർവ്വേ അടക്കമുള്ള പഠനപ്രവർത്തനങ്ങളുടെയും ഗ്രാമസഭകൾ അടക്കമുള്ള കൂട്ടായ ആലോചനകളുടെയും വികസനാവശ്യങ്ങൾ പട്ടികപ്പെടുത്തി മുൻഗണന നിശ്ചയിച്ച പ്രോജക്ടുകൾ ആക്കി പദ്ധതിരേഖ തയ്യാറാക്കുന്നതിന്റെയുമൊക്കെ ജനകീയവിജ്ഞാനോത്സവകാലം ആയിരുന്നു അത്. വിദഗ്ധസമിതികളുടെ സഹായത്തോടെ പരിശോധിച്ച

ജനകീയാസൂത്രണം രണ്ടാംഘട്ടം ഉദ്ഘാടനം

ജില്ലാവികസനസമിതികൾ അംഗീകരിച്ച പദ്ധതികൾ ജനപങ്കാളിത്തത്തോടെതന്നെ നടപ്പാക്കപ്പെട്ടു. ആ അനുഭവത്തിന്റെ ഊർജ്ജമാണ് പ്രാദേശികഭരണത്തിൽ നാം ഇന്നും കാണുന്നത്. അതേപ്പറ്റി വിവരിക്കാൻ തുടങ്ങിയാൽ പുസ്തകങ്ങൾതന്നെ വേണ്ടിവരും.

ജനകീയാസൂത്രണത്തിനുശേഷം

എന്നാൽ, ആ മഹാപ്രസ്ഥാനത്തിന്റെ അനിവാര്യമായ തുടർച്ചയ്ക്കു വിഘാതം നേരിട്ടു. ആസൂത്രണസംവിധാനത്തെ വ്യവസ്ഥ പ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങളാണ് ഉണ്ടാകേണ്ടിയിരുന്നത്. എന്നാൽ, അതു കുറെയെല്ലാം ദുർബ്ബലപ്പെടുന്നതാണു നാം കണ്ടത്.

ജനകീയാസൂത്രണത്തിന്റെ ചുക്കാൻ പിടിച്ച പാലോളി മുഹമ്മദുകുട്ടിതന്നെ 2006-ലെ വി.എസ്. അച്യുതാനന്ദൻ നേതൃത്വം നല്കിയ മന്ത്രിസഭയിലും തദ്ദേശഭരണ മന്ത്രിയായി. പഞ്ചായത്ത്, മുനിസിപ്പൽ വകുപ്പുകളുടെ ഏകീകരണവും പൊതുസർവ്വീസ് നടപ്പിലാക്കാനുള്ള പ്രവർത്തനവും ജനകീയാസൂത്രണസമ്പ്രദായം വ്യവസ്ഥപ്പെടുത്താനുള്ള നടപടികളുമെല്ലാം അദ്ദേഹം കൈക്കൊണ്ടു. 1996-ലെ മാതിരി ഒരു ജനകീയപ്രസ്ഥാനമായി വീണ്ടും കെട്ടിപ്പടുക്കാനാവാത്തവിധം കാര്യങ്ങൾ മാറിമറിഞ്ഞിരുന്നതിനാൽ അതിനു കഴിയുമായിരുന്നില്ല. എന്നാൽ, ജനകീയാസൂത്രണസമ്പ്രദായം ഗണ്യമായി ശക്തിപ്പെടുത്താൻ അന്നു കഴിഞ്ഞു.

എന്നാൽ, തദ്ദേശഭരണവകുപ്പ് വീണ്ടും പഞ്ചായത്തുവകുപ്പും നഗരകാര്യവകുപ്പും ഗ്രാമവികസനവകുപ്പുമായി 2011-ൽ വിഭജിക്കപ്പെട്ടത് വലിയ തിരിച്ചടിയായി. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമേൽ നിയന്ത്രണം ശക്തമായതും അധികാരവികേന്ദ്രീകരണത്തെ ബാധിച്ചു. കുടുംബശ്രീയെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അതിന്റെ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ സത്യാഗ്രഹം കിടന്നതൊക്കെ ആ ഘട്ടത്തിലാണ്. അതെല്ലാം കേരളം പടുത്തുയർത്തിക്കൊണ്ടുവന്ന അധികാരവികേന്ദ്രീകരണ ശ്രമങ്ങളെയും കീഴ്ത്തട്ടിൽനിന്നുള്ള പദ്ധതി രൂപവത്ക്കരണത്തെയും ജനപങ്കാളിത്തത്തോടെയുള്ള നിർവ്വഹണത്തെയുമെല്ലാം ബാധിച്ചു.

തദ്ദേശഭരണവകുപ്പിനെ വീണ്ടും ഏകീകരിക്കുകയും അധികാരവികേന്ദ്രീകരണത്തിന്റെ തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ് ഇപ്പോഴത്തെ സർക്കാർ. ആ ദിശയിൽ കൈക്കൊണ്ട നടപടികൾ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിലും മറ്റും സമഗ്രമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ വിവരിക്കുന്നില്ല.

പുതിയ ഭരണസമിതികളുടെ ദൗത്യം

ഇത്തരമൊരു പശ്ചാത്തലത്തിലാണ് പുതിയ ഭരണസമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ വരുന്നത്. ഇതുവരെ വിവരിച്ചതരത്തിൽ ഒട്ടേറെപ്പേരുടെ ജാഗ്രതയോടുകൂടിയ കഠിനപ്രയത്നങ്ങളുടെയും നിരന്തരപഠനങ്ങളുടെയും സുവ്യക്തമായ കാഴ്ചപ്പാടുകളുടെയും കടുത്ത രാഷ്ട്രീയയിച്ഛാശക്തിയുടെയുമൊക്കെ ഉത്പന്നമാണ് ഈ ഭരണസമിതിയംഗങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നത്.

കൂടുതൽ അധികാരങ്ങളും വിഭവങ്ങളും നേടിയെടുത്തും പുതിയ വിഭവസ്രോതസുകൾ കണ്ടെത്തിയും അധികാരവും വിഭവങ്ങളും കൂടുതൽ ഫലപ്രദമായും ഭാവനാപൂർണ്ണമായും വിനിയോഗിച്ച് സമസ്തജനവിഭാഗങ്ങളുടെയും സമഗ്രവികസനവും ക്ഷേമവും സാദ്ധ്യമാക്കുക എന്നതാകണം ഈ ഭരണസമിതികളുടെ അടിസ്ഥാനദൗത്യം. കൂടുതൽ ശാക്തീകരിക്കപ്പെട്ട ഒരു സംവിധാനമായി അടുത്ത അഞ്ചുകൊല്ലം കഴിയുമ്പോൾ അന്നു വരുന്ന ഭരണസമിതിക്കു കൈമാറാൻ കഴിയുമാറ് ഓരോ പ്രാദേശിക സർക്കാരിനെയും മാറ്റിത്തീർക്കുക എന്നതാകണം ലക്ഷ്യം.

അതിനെല്ലാം ഊർജ്ജം പകരാൻ പോന്നതാണ് അധികാരം താഴേക്ക് എത്തിക്കാനും അതിന്റെ പ്രയോഗരൂപങ്ങൾ വികസിപ്പിക്കാനും മുൻതലമുറകൾ നടത്തിയ പരിശ്രമങ്ങൾ. ആ അസ്ഥിവാരത്തിലാകണം പുതിയവയുടെ പടുത്തുയർത്തൽ. അതിന് അധികാരം താഴേക്കു വന്നതിന്റെ ചരിത്രം ഊർജ്ജമാകട്ടെ! □

ലേഖകൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ ഓഫീസർ ആയിരുന്നു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ

നിർദ്ദേശങ്ങളും സർക്കാർ നടപടികളും

■ ഡോ. സി. പ്രതീപ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിക്കുന്നതിനും അസമത്വങ്ങൾ ഇല്ലാതാക്കുന്നതിനും സുസ്ഥിര വികസനം കൈവരിക്കുന്നതിനും ദൂരവ്യാപകമായ ഗുണങ്ങൾ ലഭിക്കുന്നതിനും ഉതകുന്ന നിരവധി ശുപാർശകൾ നൽകിയിട്ടുണ്ട് . സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ നിയമന കാര്യത്തിലും ശാസ്ത്രീയ ശുപാർശ നൽകുന്ന കാര്യത്തിലും ശുപാർശകൾ നടപ്പിലാക്കുന്നകാര്യത്തിലും കേരളം മറ്റ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

73,74 ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകളിൽ ഒന്നാണ് അഞ്ചു വർഷത്തിലൊരിക്കൽ നിയമിക്കപ്പെടുന്ന സംസ്ഥാന ധനകാര്യ കമ്മീഷനുകൾ. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നതിനും അവയ്ക്കുള്ള വിഹിതം നിർണ്ണയിക്കുന്നതിനും വരുമാന സ്രോതസ്സ് ശക്തിപ്പെടുത്തുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമാണ് കമ്മീഷൻ രൂപീകരിക്കുന്നത്. കേരളത്തിൽ ഇതിനകം ആറ് സംസ്ഥാന ധനകാര്യ കമ്മീഷനുകൾ നിയമിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആറാം സംസ്ഥാന ധനകാര്യകമ്മീഷനെ കേരള ഗവർണ്ണർ 2019 ഡിസംബറിൽ നിയമിക്കുകയും കമ്മീഷൻ 2020 ഡിസംബറിൽ റിപ്പോർട്ട് നല്കുകയും ചെയ്തു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് ചെയർമാനും ടി.കെ. ജോസ് ഐ.എ.എസ്., മനോജ് ജോഷി ഐ.എ.എസ്. എന്നിവർ അംഗങ്ങളുമായ ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടും റിപ്പോർട്ടിന്മേൽ സംസ്ഥാ ന സർക്കാർ എടുത്ത നടപടികളെ കുറിച്ചും അത് എത്രത്തോളം തദ്ദേശ സ്ഥാപനങ്ങ ളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുമെന്നും പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

തദ്ദേശ സ്ഥാപന ധനവിഹിതം

വിഹിതം നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന വർഷം:

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപന ധന വിഹിതം നിശ്ചയിക്കുന്നത് തന്നാണ്ട് (t)വർഷത്തെ സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിലാകണമെന്നാണ് ശുപാർശ നല്കിയത്. കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് വിഹിതം നിശ്ചയിക്കുന്നത് തന്നാണ്ട് വർഷത്തെ നികുതി വരുമാനത്തെ അടിസ്ഥാമാക്കിയാണെന്നുള്ളതും

കൂടുതൽ വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ളതും കൊണ്ടായിരുന്നു അത്തരത്തിലൊരു ശുപാർശ നല്കിയത്. എന്നാൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപന ധന വിഹിതം നിശ്ചയിക്കുന്നത് ടി -2 രീതിയിലായിരിക്കണമെന്നാണ് ശുപാർശനല്കിയത്. ടി -2 രീതിയെന്നാൽ തന്നാണ്ടു വർഷത്തെ തദ്ദേശ സ്ഥാപന ധന വിഹിതം നിശ്ചയിക്കുന്നത് രണ്ടു വർഷങ്ങൾക്ക് മുമ്പുള്ള സംസ്ഥാന മൊത്ത തനതു വരുമാനത്തെ അടിസ്ഥാനമാക്കുന്ന രീതിയാണ്. ഉദാഹരണമായി 2021-22 വർഷത്തെ തദ്ദേശ സ്ഥാപന ധന വിഹിതം നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തെ 2019 -20 വർഷത്തെ മൊത്ത തനതു വരുമാനമാനത്തെയാണ് അടിസ്ഥാനമായി എടുക്കുന്നത്. തന്നാണ്ടു വർഷം അടിസ്ഥാന വർഷമായി എടുത്താൽ തദ്ദേശ സ്ഥാപന ധന വിഹിതം വർദ്ധിക്കും. എന്നാൽ ബജറ്റ് എസ്റ്റിമേറ്റും റിവൈസ്ഡ് എസ്റ്റിമേറ്റും യഥാർത്ഥ വരുമാനവും തമ്മിൽ വളരെ ഏറെ അന്തരം ഉണ്ടാകാറുള്ളതുകൊണ്ടു തന്നാണ്ടു വർഷം അടിസ്ഥാനമാക്കി എടുത്താൽ വിഹിതം നിശ്ചയിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ജനറൽ പർപ്പസ് ഫണ്ടിനും മെയ്ന്റനൻസ് ഫണ്ടിനുമായി (ടി -2) രീതി നിലനിർത്തണമെന്നാണ് ആറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത്. ടി -2 രീതി നിലനിർത്തണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചു. എന്നാൽ ടി -2 രീതി പ്രകാരം വിഹിതം നിശ്ചയിക്കുമ്പോൾ പൊതു വിഭാഗം ഫണ്ടിനും സംരക്ഷണ ഫണ്ടിനുമായി നല്കുന്ന വിഹിതം മുൻവർഷത്തെ തുകയേക്കാൾ കുറയരുതെന്ന ശുപാർശ സംസ്ഥാന ധനകാര്യത്തെ ബാധിക്കുമെന്ന കാരണത്താൽ സർക്കാർ നിരസിച്ചു.

മൊത്ത വരുമാനവും അറ്റ വരുമാനവും:

സംസ്ഥാന മൊത്ത തനതു നികുതി വരുമാനം അറ്റ തനതു നികുതി വരുമാനത്തേക്കാൾ മൂന്നു ശതമാനത്തോളം കൂടുതലായിരിക്കുമെന്നും അതുകൊണ്ട് മൊത്ത തനതു നികുതി വരുമാനത്തെ അടിസ്ഥാനമാക്കി വേണം തദ്ദേശസ്ഥാപന വിഹിതം തീരുമാനിക്കേണ്ടതെന്നതായിരുന്നു ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിലപാട്. അതുകൊണ്ട് പൊതു വിഭാഗം ഫണ്ടിനും സംരക്ഷണ ഫണ്ടിനുമായി പരിഗണിക്കേണ്ടത് പഴയ രീതിയായ സംസ്ഥാനത്തിന്റെ മൊത്ത തനതു വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നു ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തു.എന്നാൽ (ആർട്ടിക്കിൾ 243-I (1) (എ) (i), 243-Y (1) (എ) (i) പ്രകാരം നികുതി, തീരുവ, ടോൾ എന്നിവയുടെ അറ്റ തനതു വരുമാനമാണ് തദ്ദേശ സർക്കാരുകളുമായി പങ്കിടേണ്ടത് എന്ന കാരണത്താൽ മൊത്ത തനതു വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണ ശുപാർശ സർക്കാർ നിരസിക്കുകയും അറ്റ തനതു വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിഭാഗം ഫണ്ടും സംരക്ഷണ ഫണ്ടും വിതരണം ചെയ്യുവാനും തീരുമാനിച്ചു.

ചെലവഴിക്കാത്ത തുക :

കേരളത്തിൽ ജനീകീയാസൂത്രണം തുടങ്ങിയ 1996 മുതൽ 2015 വരെ തദ്ദേശ സ്ഥാപനങ്ങളിൽ അതാതു വർഷം ചെലവഴിക്കുവാൻ കഴിയാത്ത വികസന ഫണ്ട് അടുത്ത വർഷം ചെലവഴിക്കുവാൻ കഴിയുന്ന ക്യാരി ഓവർ സംവിധാനം നിലവിലുണ്ടായിരുന്നു. പല കാരണങ്ങളാൽ ചെലവഴിക്കാതെ വികസന ഫണ്ട് ലാപ്സായി പോകാതിരിക്കുവാൻ ക്യാരി ഓവർ സംവിധാനം ആവശ്യമാണ്. അതുകൊണ്ട് വികസന ഫണ്ടിലെയും സംരക്ഷണ ഫണ്ടിലെയും പൂർണ്ണമായും ചെലവഴിക്കാത്ത തുക പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാൻ അനുവദിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. ഇത് 2021-22 മുതൽ (2020-21- ൽ നല്കിയ ഫണ്ടുകൾക്ക് ബാധകം) പ്രാവർത്തികമാക്കണമെന്നാണ് കമ്മീഷൻ ശുപാർശ നൽകിയിരിക്കുന്നത്. ഈ ശുപാർശ സർക്കാർ തത്വത്തിൽ അംഗീകരിച്ചു. വികസന ഫണ്ടിലെ പൊതു വിഭാഗം, പട്ടികജാതി ഉപ പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോ വിഭാഗത്തിനും പരമാവധി 20% ക്യാരി ഓവർ അനുവദിക്കും. എന്നാൽ ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുക അനുവദിക്കുന്നത്.

പ്രാദേശിക സർക്കാരുകളുടെ തനത് വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിലേക്ക് പൊതു ആവശ്യ ഫണ്ട് സൂക്ഷിക്കുന്നതിന് കമ്മീഷൻ നടത്തിയ ശുപാർശ സർക്കാർ അംഗീകരിച്ചില്ല. പൊതുആവശ്യ ഫണ്ട് അതാത് പ്രാദേശിക സർക്കാരിന്റെ പ്രത്യേക ടി എസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്ന രീതിയാണ് ഇപ്പോൾ അവലംബിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം :

2020- 21 വർഷത്തെ കണക്കുകൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം തദ്ദേശ സ്ഥാപനങ്ങളുടെ മൊത്ത വരുമാനത്തിന്റെ 28.45 ശതമാനം വരും. ഈ ധനസഹായം സംസ്ഥാന സർക്കാർ വിഹിതത്തിനു പുറമെ നൽകേണ്ടതുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും കേന്ദ്ര ധനകാര്യ കമ്മീഷനുകൾ നല്കിയിട്ടില്ല. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ വികസന ഫണ്ടിന്റെ ഭാഗമായി കണക്കാക്കാമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തു. എന്നാൽ ഈ ധന സഹായം പി. എഫ്.എം.എസ് അല്ലെങ്കിൽ തത്തുല്യമായ മാർഗ്ഗത്തിലൂടെ ലഭിച്ചാലുടൻ ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം പ്രാദേശിക സർക്കാരുകളുടെ നിയുക്ത ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടത് നിർബന്ധമാണ്. ഈ ധന സഹായം കാലഹരണപ്പെടാത്തതും പ്രാദേശിക സർക്കാരുകൾ അവരുടെ പദ്ധതിയിൽ നിന്നും ബജറ്റിൽ നിന്നും പ്രവർത്തന പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ട് . ഈ ശുപാർശയും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

വികസന ഫണ്ട്

സംസ്ഥാന പദ്ധതി വിഹിതം:

ജനകീയാസൂത്രണം തുടങ്ങിയ വർഷം സംസ്ഥാന പദ്ധതിയുടെ മൂന്നിൽ ഒന്നു വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുവാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിരുന്നു. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയുടെ മൂന്നിൽ ഒന്നു വിഹിതം നിയമപരമാക്കുവാൻ ശുപാർശ നല്കിയിരുന്നു. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ആദ്യ വർഷം 25 ശതമാനവും അഞ്ചു വർഷം കൊണ്ട് വിഹിതം 30 ശതമാനവും ആക്കണം എന്നാണ് ശുപാർശ നൽകിയത്. 2020- 21- ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനമാണ് തദ്ദേശ സ്ഥാപനങ്ങൾക്കു ലഭ്യമാക്കിയിരുന്നത്. സംസ്ഥാന പദ്ധതി തുകയുടെ ഒരു നിശ്ചിത ശതമാനം തുക വികസന ഫണ്ട് ആയി തദ്ദേശ സർക്കാരുകൾക്ക് നൽകുന്ന രീതി തുടരാൻ കമ്മീഷൻ ശുപാർശ ചെയ്തു. വികസന ഫണ്ടിനു

കീഴിലുള്ള പദ്ധതി വിഹിതം 2021-22 ലെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ നിന്നും ഉയർത്തി 26 ശതമാനം ആക്കുവാനും പിന്നീട് 30 ശതമാനം എത്തുന്നതുവരെ എല്ലാ വർഷവും അര ശതമാനം വർദ്ധിപ്പിക്കുവാനും കമ്മീഷൻ ശുപാർശ നല്കി. സർക്കാർ ഈ നിർദ്ദേശം സ്വീകരിച്ചെന്നുമാത്രമല്ല 2021 -22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി തുകയുടെ 26 ശതമാനം തുക തദ്ദേശ സർക്കാരുകൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ബജറ്റിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ സംസ്ഥാന പദ്ധതി വലുപ്പം കുറച്ചാൽ പോലും ഔദ്യോഗികമായോ അല്ലാതെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കുറയ്ക്കുവാൻ പാടില്ലെന്ന് കമ്മീഷൻ ശുപാർശ ചെയ്തത് സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

തനതു വരുമാന പ്രോത്സാഹനം:

തദ്ദേശ സ്ഥാപനങ്ങൾക്ക് തനതു പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തനത് നികുതി , നികുതി ഇതര വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹനം നൽകണമെന്ന് മുൻ ധനകാര്യ കമ്മീഷനുകൾ ശുപാർശ നൽകിയിരുന്നു. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ പട്ടിക ജാതി, പട്ടിക വർഗ ഉപപദ്ധതി വിഹിതം ഒഴികെയുള്ള വികസന ഫണ്ടിന്റെ 10 ശതമാനം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകണമെന്ന ശുപാർശ നല്കിയിരുന്നു. നാലാം സംസ്ഥാന ധനകാര്യ കമ്മീഷനും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനു തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകണമെന്ന ശുപാർശ ചെയ്തിരുന്നതും സർക്കാർ അംഗീകരിച്ചതുമാണ്. ഇപ്പോൾ 97 ശതമാനത്തിലധികം നികുതി പിരിക്കുന്ന ഗ്രാമ പഞ്ചായത്തികൾക്ക് അഞ്ചു ലക്ഷം, 95 ശതമാനത്തിലധികം നികുതി പിരിക്കുന്ന മുനിസിപ്പാലിറ്റികൾക്ക പത്തു ലക്ഷം, മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 12.5 ലക്ഷം എന്നിങ്ങനെയാണ് വികസന ഫണ്ടിൽനിന്നും നൽകുന്ന പ്രോത്സാഹന തുക. ഇത്തരം പ്രോത്സാഹനം നല്കിയിട്ടും പിരിക്കുവാൻ കഴിയുന്ന നികുതിയുടെ നല്ലൊരു ശതമാനം ഇപ്പോഴും പിരിക്കുവാൻ കഴിയുന്നില്ല. ആറാം

2021-22 ലെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ നിന്നും ഉയർത്തി 26 ശതമാനം ആക്കുവാനും പിന്നീട് 30 ശതമാനം എത്തുന്നതുവരെ എല്ലാ വർഷവും അര ശതമാനം വർദ്ധിപ്പിക്കുവാനും കമ്മീഷൻ ശുപാർശ നല്കി. സർക്കാർ ഈ നിർദ്ദേശം സ്വീകരിച്ചെന്നുമാത്രമല്ല 2021 -22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി തുകയുടെ 26 ശതമാനം തുക തദ്ദേശ സർക്കാരുകൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ കമ്മീഷനും തദ്ദേശ സർക്കാരുകളുടെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. പ്രോത്സാഹനം പ്രാവർത്തികമാക്കുന്നതിന് എസ്‌സിഎസ്പി, ടിഎസ്പി വികസന ഫണ്ടും കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടും ഒഴികെയുള്ള വികസന ഫണ്ടിന്റെ 15 ശതമാനം വരുന്ന തുക പ്രോത്സാഹന തുകയായി വിനിയോഗിക്കുവാനുള്ള ആറാം ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പട്ടിക ജാതി/ പട്ടിക വർഗ്ഗ ഉപപദ്ധതി :

വികേന്ദ്രീകൃത ആസൂത്രണം ആരംഭിച്ച 1996 -ൽ സംസ്ഥാനത്തെ മൊത്തം പട്ടിക ജാതി/പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ മൂന്നിൽ രണ്ടു ഭാഗം തുക തദ്ദേശ സ്ഥാപനങ്ങൾക്ക നല്കുവാൻ തീരുമാനിച്ചിരുന്നു. പത്താം പഞ്ചവത്സര പദ്ധതി കാലത്തു പട്ടിക ജാതി/ പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ മൊത്തം വിഹിതത്തിന്റെ 50 ശതമാനം മാത്രമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയത്. പിൽക്കാലത്ത് പട്ടിക ജാതി/ പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ തദ്ദേശ സ്ഥാപനവിഹിതം വീണ്ടും കുറഞ്ഞു. 2021-22 ൽ എസ്‌സിഎസ്പിയുടെ തദ്ദേശഭരണ വിഹിതം 50 ശതമാനമായും ടിഎസ്പി മൊത്തം എസ്‌സിഎസ്പിയുടെയും ടിഎസ്പിയുടെയും 25 ശതമാനമായും നിശ്ചയിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. 2024 - 25 ഓടെ ടി എസ് പി 33.33 ശതമാനമായി വർദ്ധിപ്പിക്കണം. അതായത് 2022 - 23 ൽ 28%, 2023 - 24 ൽ 30.50%, 2024-25 ൽ 33.33% എന്നിങ്ങനെയായി വർദ്ധിപ്പിക്കണമെന്നു കമ്മീഷൻ ശുപാർശ ചെയ്തു. എന്നാൽ സർക്കാർ ഈ നിർദ്ദേശത്തെ നിരാകരിക്കുകയും നിലവിലെ സ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തു.

2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ എസ്‌സിഎസ്പി / ടിഎസ്പി വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് അടുത്ത വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്നും പുനരനുവദിക്കുന്ന രീതി പുനഃസ്ഥാപിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. സാമ്പത്തിക വർഷത്തിന്റെ ഒന്നാമത്തെ ത്രൈ മാസത്തിൽ അത് പുനഃസ്ഥാപിക്കണമെന്നും വികസന ഫണ്ടിന്റെ ഭാഗമായ 3 സെക്ടറുകളിലെ ഫണ്ടുകളും അതിനനുസരിച്ച് ക്രമീകരിക്കേണ്ടതാണെന്നും കമ്മീഷൻ ശുപാർശ ചെയ്തു. എസ്‌സിഎസ്പി / ടിഎസ്പി വിഭാഗങ്ങളിൽ അനുവദിക്കുന്ന 20 ശതമാനം ക്യാരി ഓവർ ഒഴിച്ചുള്ള ഷോർട്ട് ഫാൾ തുക പൊതുവിഭാഗം ഫണ്ടിൽനിന്നും പരിഹരിക്കുന്നതാണെന്നു സർക്കാർ അറിയിച്ചു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ ഒന്നാമത്തെ ത്രൈ മാസത്തിൽ തന്നെ അത് പുനസ്ഥാപിക്കണമെന്ന ശുപാർശ സർക്കാർ നിരസിച്ചു.

സംരക്ഷണ ഫണ്ട്:

തദ്ദേശ സർക്കാരുകളുടെ അധീനതയിൽ അടുത്ത കാലത്തായി നിരവധി റോഡ്, റോഡ് ഇതര ആസ്തികൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ജനകീയാസൂത്രണം,എം.പി മാരുടെ വികസന നിധി, എം.എൽ.എ പദ്ധതി, കേന്ദ്ര സംസ്ഥാന പദ്ധതികൾ തുടങ്ങിയ സ്കീമുകളിലൂടെ നിരവധി ആസ്തികൾ പുതിയതായി ഉണ്ടായിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം കൂടുതലായി ലഭിക്കുന്നത്. സൃഷ്ടിക്കപ്പെട്ട ആസ്തികളെ പരിപാലിക്കുന്നതിന് കൂടുതൽ ധനം തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുന്നുണ്ട്. ഇപ്പോൾ സംരക്ഷണ ഫണ്ടായി ലഭിക്കുന്നത് സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ 6 ശതമാനമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സംരക്ഷണ ഫണ്ട് സംസ്ഥാന തനതു നികുതി വരുമാനത്തി

ന്റെ 6.5 ശതമാനമായി വർദ്ധിപ്പിക്കുവാൻ ശുപാർശ ചെയ്തു. ഇതിൽ റോഡ് സംരക്ഷണത്തിനായി 4 ശതമാനവും റോഡ് ഇതര ആസ്തി സംരക്ഷണത്തിനായി 2.5 ശതമാനവുമാണ് കമ്മീഷൻ ശുപാർശ നല്കിയിരിക്കുന്നത്. സംരക്ഷണ ഫണ്ട് സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ 6.5 ശതമാനമായി വർദ്ധിപ്പിക്കുവാനുള്ള ശുപാർശ സംസ്ഥാന സർക്കാർ സ്വീകരിക്കുകയും 2021 -22 സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പൊതു അവശ്യ ഫണ്ട്:

തദ്ദേശ സ്ഥാപനങ്ങളിൽ വർദ്ധിച്ചു വരുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിനായി 2000 ത്തിനുശേഷം അക്കൗണ്ടന്റ്, ഡ്രൈവർ, അസിസ്റ്റന്റ് സെക്രട്ടറി, ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിരവധി തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, ശമ്പള പരിഷ്കരണം, പെൻഷൻ ബാധ്യത, വൈദ്യുതി ചാർജിലും വെള്ള ചാർജിലും ഉണ്ടായ വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ തദ്ദേശ സ്ഥാപനങ്ങളിൽ ചെലവ് വർദ്ധിച്ചുവരുകയാണ്. അതുകൊണ്ട് ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്ന് 4 ശതമാനമായി ഉയർത്താൻ കമ്മീഷൻ ശുപാർശ ചെയ്തു. ശുപാർശ സംസ്ഥാന സർക്കാർ സ്വീകരിക്കുകയും 2021 -22 സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്തു.

കെട്ടിടനികുതി:

ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ കെട്ടിട നികുതി വരുമാനം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ശുപാർശ നല്കിയിരുന്നു. 1997-ൽ സംസ്ഥാന സർക്കാർ കെട്ടിട നികുതി വരുമാനം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാമെന്ന കെട്ടിട നികുതി സംസ്ഥാന റവന്യൂ വകുപ്പാണ് പിരിക്കുന്നത്. സംസ്ഥാന റവന്യൂ വകുപ്പ് പിരിച്ചുകൊണ്ടിരിക്കുന്ന കെട്ടിടനികുതി 01-04-2021 മുതൽ പ്രാബല്യത്തിൽ വരുന്ന ഭേദഗതികളിലൂടെ കെട്ടിടനികുതി തദ്ദേശ സ്ഥാപന നികുതിയാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. എന്നാൽ പ്രാദേശിക സർക്കാരുകൾക്ക് നല്ല നികുതി അടിത്തറയുള്ളതിനാലും നിലവിലെ നികുതി സാധ്യതകളെ അവർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയാത്തതിനാലും കെട്ടിട നികുതിയെ സംബന്ധിച്ച ശുപാർശ നിരസിക്കപ്പെട്ടു.

ജി എസ് ടിയും തദ്ദേശ സ്ഥാപനങ്ങളും:

വിനോദനികുതിയും പരസ്യനികുതിയും പിരിക്കുന്നത് നിർത്തലാക്കിയതിലൂടെ പ്രാദേശിക സർക്കാരുകൾക്ക് പ്രതിവർഷം 100 കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. സംസ്ഥാന സർക്കാരിന് ജിഎസ്ടി വരുമാനം ലഭിക്കുന്നതിനാൽ, 2017-18 മുതലുള്ള ഈ മൊത്തം നഷ്ടം 01-04-2021 മുതൽ ആരംഭിക്കുന്ന നാല് അർദ്ധ വാർഷിക ഗഡുക്കളായി ലഭ്യമാക്കാൻ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ വരുമാനനഷ്ടം 2021-22 ൽ നികത്തുമെന്ന് സർക്കാർ അറിയിച്ചു. വിനോദനികുതി, പരസ്യനികുതി എന്നിവയിലേക്കുള്ള വരുമാനനഷ്ടം നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന വർഷം 2016-17 ആയിരിക്കും.

ധന വിന്യാസത്തിനുള്ള സൂത്രവാക്യങ്ങൾ

കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട്, സംരക്ഷിത ഫണ്ട്, പൊതു അവശ്യ ഫണ്ട് എന്നിവ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ധന വിന്യാസ സൂത്രവാക്യം ഉപയോഗിച്ചു ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്.

തദ്ദേശ സ്ഥാപനങ്ങളിൽ ചെലവ് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്തുകൊണ്ട് ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനതു നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്ന് 4 ശതമാനമായി ഉയർത്താൻ കമ്മീഷൻ ശുപാർശ ചെയ്തു. ശുപാർശ സംസ്ഥാന സർക്കാർ സ്വീകരിക്കുകയും 2021 -22 സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്തു.

വികസന ഫണ്ട് - പൊതു വിഭാഗം :

ഗ്രാമീണ മേഖലകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും താമസിക്കുന്ന എസ്‌സി / എസ്ടി ഇതര ജനസംഖ്യയുടെ (2011 ലെ സെൻസസ് അനുസരിച്ച്) അടിസ്ഥാനത്തിൽ ജനറൽ ഫണ്ടുകൾ 77.24 അനുപാതം ഗ്രാമീണ സർക്കാരുകൾക്കും, 13.42 അനുപാതം മുനിസിപ്പാലിറ്റികൾക്കും 9.34 അനുപാതം മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കുവാൻ കമ്മീഷൻ ശുപാർശ നല്കി. എന്നാൽ (2011 ലെ സെൻസസ് പ്രകാരം എസ്‌സി / എസ്ടി ഇതര ജനസംഖ്യയുടെ അനുപാതം 76.35: 13.89: 9.76 ആയതിനാൽ ജനസംഖ്യാ അനുപാതമനുസരിച്ച് വിതരണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. സർക്കാർ തീരുമാനപ്രകാരം 76.35 അനുപാതം ഗ്രാമീണ സർക്കാരുകൾക്കും, 13.89 അനുപാതം മുനിസിപ്പാലിറ്റികൾക്കും 9.76 അനുപാതം മുനിസിപ്പൽ കോർപ്പറേഷനുകൾക്കും വികസന ഫണ്ട് (ജനറൽ) ലഭിക്കും. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്കിടയിൽ ജനറൽ വികസന ഫണ്ട് അനുവദിക്കുന്നതിന്റെ അനുപാതം 70: 15: 15 ആയി പുനഃസ്ഥാപിക്കാമെന്ന കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചു.

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായുള്ള കേന്ദ്ര ധനകാര്യ വിഹിതം ഒഴികെയുള്ള പൊതുവിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ 2020-21 നെ അപേക്ഷിച്ച് പരമാവധി കുറയുന്നത് 15% മായും പരമാവധി വർദ്ധന 75 % മായും നിജപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

വികസന ഫണ്ട് -

പട്ടികജാതി ഉപ പദ്ധതി: പട്ടികജാതി ഉപ പദ്ധതി ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യ (അതായത്, 2011 ലെ സെൻസസ്) പ്രകാരം വിതരണം ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ മേഖലകളിലെ പ്രാദേശിക സർക്കാരുകൾക്ക് 83.25, മുനിസിപ്പാലിറ്റികൾക്ക് 10.25, മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 6.50 എന്ന അനുപാതത്തിലാണ് ഫണ്ടുകൾ ലഭ്യമാക്കേണ്ടത്. ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഗ്രാമം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കിടയിൽ 60:20:20

എന്ന അനുപാതത്തിൽ വീണ്ടും വിഭജിക്കാമെന്നും കമ്മീഷൻ ശുപാർശ നല്കി. ഈ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചു.

പട്ടികജാതി ഉപ പദ്ധതി തദ്ദേശ സ്ഥാപനതല വിഭജനം:

ജനസംഖ്യക്കും ഇല്ലായ്മയുടെ തോതിനും 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തുകൊണ്ട് എസ്‌സിഎസ്‌പി ഫണ്ടുകൾ വിതരണം ചെയ്യാമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. ഇല്ലായ്മയുടെ തോത് കണക്കാക്കുന്നതിന് ഭൂമിയും വീടും ഇല്ലാത്തവരുടെ എണ്ണം, വീടുകളുടെ അവസ്ഥ, വൈദ്യുതിയുടെ ലഭ്യത, പതിനഞ്ചിനും അമ്പത്തി ഒൻപതിനും ഇടയിലുള്ളവരുടെ തൊഴിലില്ലായ്മ, പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതക്കു താഴെയുള്ളവരുടെ ജനസംഖ്യ, ആവാസവ്യവസ്ഥയിലെ ജനസംഖ്യ എന്നീ ആറു ഘടകങ്ങളെയാണ് പരിഗണിക്കുന്നത്. തളിക്കുളം ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ വരുന്നവ ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പട്ടിക ജാതി ഉപപദ്ധതി ഫണ്ട് അനുവദിക്കുമ്പോൾ 2020-21 നെ അപേക്ഷിച്ച പരമാവധി കുറയുന്നത് 15% മായും പരമാവധി വർദ്ധനവ് 40 % മായും നിജപ്പെടുത്തികൊണ്ട് എസ്‌സിഎസ്‌പി ഫണ്ടുവിതരണത്തെ സംബന്ധിച്ച കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചു.

പട്ടിക വർഗ്ഗ ഉപ പദ്ധതി:

പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതമനുസരിച്ച് പട്ടിക വർഗ്ഗ ഉപപദ്ധതിഫണ്ട് ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് 91.96, മുനിസിപ്പാലിറ്റികൾക്ക് 6.08, മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 1.96 എന്നീ അനുപാതത്തിൽ നൽകുവാൻ കമ്മീഷൻ ശുപാർശ നൽകി. ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കുള്ള ഓഹരികൾ ഗ്രാമം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കിടയിൽ 60: 20: 20 എന്ന അനുപാതത്തിൽ വീണ്ടും വിഭജിക്കാമെന്നുമുള്ള കമ്മീഷൻ ശുപാർശകൾ സർക്കാർ അംഗീകരിച്ചു.

പട്ടികവർഗ്ഗ ഉപ പദ്ധതി തദ്ദേശ സ്ഥാപനതല വിഭജനം:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ തലങ്ങളിലുമുള്ള ടിഎസ്‌പി ഫണ്ടുകളുടെ അന്തർവിതരണ വിതരണം ജനസംഖ്യ - 60%, ഇല്ലായ്മയുടെ തോത് - 40% എന്നീ വെയിറ്റേജുകൾ അനുസരിച്ച് നല്കാമെന്ന് കമ്മീഷൻ ശുപാർശ നല്കി. ഇല്ലായ്മയുടെ തോത് കണക്കാക്കുന്നതിന് ഭൂമിയും വീടും

തദ്ദേശ സർക്കാരുകൾക്കുള്ള ധനകാര്യ മാനദണ്ഡം						
ക്രമ നമ്പർ	മാനദണ്ഡം	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
വെയിറ്റേജ് (ശതമാനം)						
1	പട്ടിക ജാതി- പട്ടിക വർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ്)	40	50	50	40	40
2	വിസ്തീർണ്ണം (ചതു.കി.മി)	10	10	10	10	10
3	പാരിസ്ഥിതിക ദൗർബല്യം	10	10	10	10	10
4	ഇല്ലായ്മയുടെ തോത്	25	30	30	25	25
5	വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം	15			15	15
	ആകെ	100	100	100	100	100

ഇല്ലാത്തവരുടെ എണ്ണം, വീടുകളുടെ അവസ്ഥ, വൈദ്യുതിയുടെ ലഭ്യത, പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയ്ക്കു താഴെയുള്ളവരുടെ ജനസംഖ്യ എന്നീ നാലു ഘടകങ്ങളെയാണ് പരിഗണിക്കുന്നത്. സർക്കാർ ഈ നിർദ്ദേശങ്ങൾ സ്വീകരിച്ചു.

സംസ്ഥാന ആസൂത്രണ ബോർഡ് കണ്ടുപിടിച്ച പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്കും പാർശ്വവൽക്കരിക്കപ്പെട്ട ഗോത്രവർഗ്ഗ ഗ്രൂപ്പുകൾക്കും ഉള്ള വിഹിതം മറ്റു പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആളോഹരി വിഹിതത്തിന്റെ ഇരട്ടി എന്ന രീതിയിലായിരിക്കണം ജനസംഖ്യാ മാനദണ്ഡം പ്രയോഗിക്കേണ്ടതെന്നു കമ്മീഷൻ ശുപാർശ നൽകുകയും അത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംരക്ഷണ ഫണ്ട്:

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളുടെ അടിസ്ഥാനത്തിലാണ് മെയ്ന്റനൻസ് ഫണ്ട് അനുവദിക്കേണ്ടതെന്ന് ശുപാർശ ചെയ്തിരുന്നു. എന്നാൽ ഇതുവരെ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളുടെ കണക്ക് തെറ്റുകൂടാതെ എടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതൊരു വലിയ പോരായ്മയാണ്. കമ്മീഷൻ നേരിട്ട് ശേഖരിച്ച ആസ്തികളുടെ കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിഹിതം നിശ്ചയിച്ചിരിക്കുന്നത്. സംരക്ഷണ ഫണ്ട് അനുവദിക്കുന്നതിനു വ്യക്തമായ മാനദണ്ഡങ്ങൾ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. വിവിധ വിഭാഗത്തിലുള്ള റോഡിനു നൽകേണ്ട വെയിറ്റേജ് ഇപ്രകാരമാണ്. ടാർ ചെയ്ത റോഡ് (ബിഎം, ബിസി അല്ലാത്തത്) - 1, ചരൽ / മെറ്റൽ റോഡ് - 1, മൺ റോഡ് - 0.25, മറ്റ് റോഡുകൾ - ബിഎം & ബിസി, കോൺക്രീറ്റ്, ഇന്റർലോക്ക് ചെയ്ത നടപ്പാത - 0.05. റോഡുകൾ വീതിയുടെ അടിസ്ഥാനത്തിൽ മൂന്ന് മീറ്ററിൽ താഴെയും മൂന്ന് മീറ്ററിൽ കൂടുതൽ വീതിയും 0.5, 1 എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. വിസ്തീർണ്ണം ഇപ്പോൾ പരിഗണിക്കാതെയാണ് കമ്മീഷൻ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് വിഹിതം നിശ്ചയിച്ചിരിക്കുന്നത്. കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആദ്യ നാലുമാസത്തെ റോഡ് ഇതര പരിപാലന ഫണ്ട് മുൻവർഷത്തെപ്പോലെ ആയിരിക്കാം എന്ന ശുപാർശ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

റോഡ്ഇതര സംരക്ഷണ ഫണ്ട് ഉപയോഗത്തിന്റെ കാര്യത്തിൽ ഒരു നിബന്ധന കമ്മീഷൻ നൽകിയിട്ടുണ്ട്. കമ്മീഷൻ ഓഫീസുകളുടെ എയർ കണ്ടീഷനിംഗ്, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ സ്വന്തം ഓഫീസുകളിലെ ചെലവുകൾ, ഖര ദ്രാവക മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആസ്തികളുടെ പരിപാലനം, ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാൻഡുകൾ, ബസ്ബേ തുടങ്ങിയവയുടെ പരിപാലനം, പ്രാദേശിക സർക്കാരുകൾ നടത്തുന്ന ജലവിതരണ പദ്ധതികളുടെ പരിപാലനം, തെരുവ് വിള

ക്കുകളുടെ പരിപാലനം എന്നിവയെ നെഗറ്റീവ് ലിസ്റ്റിൽ കമ്മീഷൻ ഉൾപ്പെടുത്തി യത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പൊതു അവശ്യ ഫണ്ട്:

ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നിലവിലുള്ള സംവിധാനം 2021-22 കാലഘട്ടത്തിൽ തുടരാനും ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാ ലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക്, ഷെയറുകൾ 77.24: 13.43: 9.34 എന്ന അനുപാതത്തിൽ ആയിരിക്കാമെന്നും കമ്മീഷൻ ശുപാർശ ചെയ്തു. തദ്ദേശ സ്ഥാപനങ്ങൾ തമ്മിലുള്ള വിതരണത്തെ നിയന്ത്രിക്കുന്നത് ജനസംഖ്യയ്ക്ക് തുല്യമായ വെയിറ്റേജും ഉയർന്ന ആളോഹരി വരുമാനത്തിൽ നിന്നുള്ള ദൂരവും നൽകുന്ന ഒരു ഫോർമുലയുമായിരിക്കണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തത്. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്കുള്ള ശുപാർശ അംഗീകരിച്ചപ്പോൾ ജനസംഖ്യയ്ക്ക് 50% വീതവും ഉയർന്ന ആളോഹരി വരുമാനത്തിൽ നിന്നുള്ള ദൂരവും നൽകുന്ന കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചില്ല. പകരം നിലവിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി വിതരണം ചെയ്യുന്ന രീതി തുടരുന്നതാണ്.

മുൻ ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച്

(i) ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഒരു ഗ്രാമവും വരാതിരിക്കാൻ സർക്കാർ റവന്യൂ ഗ്രാമങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്താവുന്നതാണ്.

(ii) 25,000 രൂപയോ അതിൽ കൂടുതലോ വിലയുള്ള സ്ഥാവര വസ്തുക്കളുടെ കൈമാറ്റം നടത്തുമ്പോൾ വിൽപ്പന വിലയുടെ ഒരു ശതമാനം നിരക്കിൽ നികുതി ചുമത്താൻ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകാവുന്നതാണ്.

(iii) പദ്ധതി ഗ്രാൻറ്, സംരക്ഷണ ഗ്രാന്റ്, പൊതുആവശ്യ ഗ്രാന്റ്, എന്നിവയിൽ പ്രാദേശിക സർക്കാരുകൾക്ക് മിനിമം വിഹിതം നിശ്ചയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

(iv) നികുതിയേതര റവന്യൂ ഇനങ്ങളും, വസ്തു നികുതി, പരസ്യനികുതി, സേവനനികുതി തുടങ്ങിയ നികുതികളും ഇൻഡക്സ് (സൂചികയിൽ) ചെയ്യുന്നതിനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്.നഗര പ്രദേശങ്ങളുടെ കാര്യത്തിൽ കൂലിവേലക്കാരല്ലാത്തവർക്ക് തിരുവനന്തപുരം ജില്ലയിൽ നിശ്ചയിട്ടുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ സംസ്ഥാനത്തെ കാർഷിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലും നികുതി ഇതര ലൈസൻസ് ഇനങ്ങൾക്കും പരസ്യനികുതിക്കും രണ്ടുവർഷത്തിലൊരിക്കൽ പരിഷ്ക്കരണം നടത്തണം.തൊഴിൽ നികുതിയും സേവന നികുതിയും നാലു വർഷം കൂടുമ്പോൾ പരിഷ്ക്കരിക്കണം.

(v) സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെടുത്തലിനായി പ്രധാനപ്പെട്ട മൂന്ന് നികുതി യിനങ്ങളുടെയെങ്കിലും ഡിമാൻഡ് രജിസ്റ്റർ നടപ്പ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി തയ്യാറാക്കുക, കുടിശ്ശിക സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കുക, എല്ലാ പ്രാദേശികസർക്കാരുകളും നികുതി വരുമാനത്തിന്റെയും ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡിസിബി) പ്രസ്താവന തയാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുക, നികുതി പിരിവിന്റെയും നികുതി ഇതര വരവിന്റെയും അവലോകനം മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ സഭകളിലും വാർഡ് യോഗങ്ങളിലും നടത്തുക, പ്രാദേശിക സർക്കാരുകളുടെ റവന്യൂ വരവിന്റെയും കുടിശിഖയുടെയും വിശദാംശങ്ങൾ സംസ്ഥാന സർക്കാർ തയ്യാറാക്കി നിയമസഭയിൽ വയ്ക്കുക, കെട്ടിട നികുതിയിൽ വൻ കുടിശ്ശികക്കാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാരുകളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക തുടങ്ങിയ നടപടികൾ എടുക്കേണ്ടതാണ്.

vi) കിലയിൽ ഒരു "ലോക്കൽ ഗവൺമെന്റ് ഫിസ്കൽ റിസർച്ച് സെൽ" രൂപീകരിക്കാവുന്നതാണ്.

(vii) കെഡബ്ല്യൂഎ, കെഎസ്ഇബി എന്നിവയ്ക്ക് നൽകാനുള്ള തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനതു വരുമാനം/ പൊതു ആവശ്യത്തിനുള്ള ഫണ്ടിൽ നിന്നും നല്കേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. കുടിശ്ശിക അടയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറിക്ക് ആയിരിക്കണം.

viii) റോഡ് ഇതര പരിപാലന ഫണ്ട് മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി വഴിതിരിച്ചുവിടാൻ പാടില്ല.

(ix) ട്രഷറി സംവിധാനത്തിലൂടെ കൈകാര്യം ചെയ്യപ്പെടുന്ന വികസന ഫണ്ടുകൾ, മെയിന്റനൻസ് ഫണ്ടുകൾ, ഇടപാട് നടത്തുന്ന മറ്റ് വിഭാഗങ്ങൾ എന്നിവയിൽ നിന്നുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഇനം തിരിച്ചുള്ള ചെലവ് തത്സമയം തന്നെ ലഭ്യമാകത്തക്ക തരത്തിലുള്ള ഒരു ഉചിതമായ സോഫ്റ്റ്വെയർ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻഐസി) വികസിപ്പിച്ചെടുക്കണം.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന ക്ഷമത വർദ്ധിക്കുന്നതിനും അസമത്വങ്ങൾ ഇല്ലാതാക്കുന്നതിനും സുസ്ഥിര വികസനം കൈവരിക്കുന്നതിനും ദൂരവ്യാപകമായ ഗുണങ്ങൾ ലഭിക്കുന്നതിനും ഉതകുന്ന നിരവധി ശുപാർശകൾ നൽകിയിട്ടുണ്ട് . സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ നിയമന കാര്യത്തിലും ശാസ്ത്രീയ ശുപാർശ നൽകുന്ന കാര്യത്തിലും ശുപാർശകൾ നടപ്പിലാക്കുന്നകാര്യത്തിലും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. എന്നാൽ കേരളത്തിൽ പോലും ശരിയായി പഠിച്ച നല്കുന്ന ശുപാർശകൾ പൂർണ്ണമായും അംഗീകരിക്കുവാനോ അംഗീകരിച്ചവ പലതും നടപ്പിലാക്കുവാനോ നമുക്ക് കഴിഞ്ഞിട്ടില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ നല്കിയ ശുപാർശകളെങ്കിലും പൂർണ്ണമായും നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരും തദ്ദേശ സ്ഥാപനങ്ങളും വേണ്ടത്ര താല്പര്യം കണിക്കുമെന്ന പ്രതീക്ഷിക്കുന്നു. ☐

ലേഖകൻ തിരുവനന്തപുരം കോർമെടിക്സ് ടെക്നോളജീസ് ഡയറക്ടറാണ്

മുഖം മാറുന്ന പ്രാദേശിക സർക്കാരുകൾ

സാമ്പത്തിക അവലോകന റിപ്പോർട്ട് - 2020

■ **ഹുസൈൻ എം. മിന്നത്ത്**

കേരളത്തിൽ മാത്രം പഞ്ചവത്സര പദ്ധതി തുടർന്നതും 13-ാം പദ്ധതിയുടെ ആരംഭത്തിൽ നടപ്പിലാക്കിയ നയപരമായ മാറ്റങ്ങൾ വഴി പ്രാദേശിക ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാനും പദ്ധതി ഗുണനിലവാരം ഉറപ്പുവരുത്തി സർവ്വതല സ്പർശിയായ വികസനം സാദ്ധ്യമാക്കുവാൻ പ്രാദേശിക സർക്കാരുകളെ സജ്ജമാക്കുന്നതിന് സാധിച്ചതായും സാമ്പത്തിക അവലോകന റിപ്പോർട്ട് വിലയിരുത്തുന്നു.

2020ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് 2021 ഫെബ്രുവരി 14ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. 2018ലെയും 2019ലെയും പ്രളയവും കൊവിഡ് മഹാമാരിയും സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചാനിരക്ക് 3.04% ആയി കുറച്ചെങ്കിലും ഈ പ്രതിസന്ധി കൾക്ക് ഇടയിലും പോയ വർഷം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ 8.15% വർദ്ധനവ് നേടിയെടുക്കാൻ സാധിച്ചതായതായി റിപ്പോർട്ട് ചൂണ്ടിക്കാ ണിക്കുന്നു. കേരളത്തിൽ മാത്രം പഞ്ചവത്സര പദ്ധതി തുടർന്നതും 13-ാം പദ്ധതിയുടെ ആരംഭത്തിൽ നടപ്പിലാക്കിയ

നയപരമായ മാറ്റങ്ങൾ വഴി പ്രാദേശിക ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കാനും പദ്ധതി ഗുണനിലവാരം ഉറപ്പ് വരുത്തി സർവ്വതല സ്പർശിയായ വികസനം സാദ്ധ്യമാക്കുവാൻ പ്രാദേശിക സർക്കാരുകളെ സജ്ജമാക്കുന്നതിന് സാധിച്ചതായും റിപ്പോർട്ട് വിലയിരുത്തുന്നു. വികസന തന്ത്രമെന്ന നിലയിൽ കഴിഞ്ഞ രണ്ടര പതിറ്റാണ്ട് കാലം സംസ്ഥാനത്ത് നടപ്പിലാക്കിയ വികേന്ദ്രീകൃതാസൂത്രണം വഴി പ്രാദേശിക സർക്കാരുകൾ ആർജ്ജിച്ച കരുത്തിന്റെ വെളിച്ചത്തിൽ കാലഘട്ടത്തിനനുസരിച്ച് പുതിയ വെല്ലുവിളികൾ നേരിടാനും രണ്ടാം തലമുറ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും പ്രാദേശിക സർക്കാരുകളെ സജ്ജമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി ഗുണകരവും ഫലപ്രദവുമായി പദ്ധതി രൂപീകരണവും നിർവ്വഹണവും സാദ്ധ്യമാക്കുന്നതിനും കഴിഞ്ഞകാല ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള മുന്നേറ്റം ലക്ഷ്യംവച്ചു കൊണ്ട് ആരംഭിച്ച

"നവകേരളത്തിന് ജനകീയാസൂത്രണം" മുന്നോട്ട് വയ്ക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ട് പോകുന്നതെന്നും ഐക്യരാഷ്ട്ര സഭ മുന്നോട്ട് വച്ച സുസ്ഥിര വികസന അജണ്ട - 2030 (Sustainable Development Agenda - 2030) നേടി എടുക്കുന്നതിനുള്ള ചാലകങ്ങളായി പ്രാദേശിക സർക്കാരുകളെ മാറ്റണമെന്നും 2020ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നു.

13-ാം പദ്ധതി (2017-22) അവസാനിക്കാൻ ഒരു വർഷം മാത്രം അവശേഷിക്കെ പദ്ധതിക്കാലയളവിൽ വരുത്തിയ നയപരമായ മാറ്റങ്ങളും ഉദ്യമങ്ങളും വികേന്ദ്രീകൃത ജനാധിപത്യ ഭരണ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് വഴിവച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും കാലതാമസം ഒഴിവാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ വരുത്തിയ പരിഷ്കരണങ്ങളും, കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും പരിശോധനാ ഉദ്യോഗസ്ഥരെയും നൽകിക്കൊണ്ട് പ്രാദേശിക സർക്കാരുകളുടെ പദ്ധതി അംഗീകാര നടപടി ക്രമത്തിൽ വരുത്തിയ മാറ്റങ്ങളും, ആസൂത്രണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും പദ്ധതികളുടെ ഗുണവും സാങ്കേതിക മേന്മയും വർദ്ധിപ്പിക്കുവാനും നടത്തിയ ഇടപെടലുകളും, പദ്ധതി വിഹിത അടങ്കലിലെ വർദ്ധനവും, ഉൽപാദന മേഖലയിൽ പ്രാദേശിക സർക്കാരുകൾ വകയിരുത്തേണ്ട വിഹിതത്തിൽ വരുത്തിയ നിർബന്ധിത വർദ്ധനവും, സബ്സിഡിയുടെ വ്യാപ്തി വിശാലമാക്കിയതും, പരിശോധന ഉദ്യോഗസ്ഥർ നിരസിക്കുന്ന പദ്ധതികൾ പരിഗണിക്കുന്നതിനുള്ള അപ്പീൽ കമ്മറ്റിക്ക് ജനകീയ മുഖം നൽകിയതും, പാർശ്വവൽക്കരിക്കപ്പെട്ടവർ, വനിതകൾ, കുട്ടികൾ, വൃദ്ധർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് പ്രാദേശിക പദ്ധതികളിൽ കൂടുതൽ ശ്രദ്ധയും വിഹിതവും വകയിരുത്തിയതും, നാഗരിക പ്രശ്നങ്ങൾ പരിഹരിക്കാനായി മുന്നോട്ട് വച്ച ഉറച്ച കാൽവയ്പ്പുകൾ, ജില്ലകളുടെ വികസനത്തിന് സ്വീകരിച്ച സംയോജിത സമീപനം, നൂതന പദ്ധതികൾക്കായുള്ള പ്രത്യേക ജാലകം, ടെണ്ടർ സേവിംഗ് വഴി കൂടുതൽ പദ്ധതികൾ ഏറ്റെടുക്കാനായത് തുടങ്ങി സർക്കാർ കൈക്കൊണ്ട നയപരമായ മാറ്റങ്ങൾ 13-ാം പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിന് പുതിയ ദിശാബോധം നൽകിയതായി റിപ്പോർട്ട് അടിവരയിട്ട് പറയുന്നു. റിപ്പോർട്ടിൽ പരാമർശിക്കുന്ന 2020ൽ പ്രാദേശിക സർക്കാർ നടത്തിയ ശ്രദ്ധേയമായ കാൽവയ്പുകൾ ചുവടെ ചേർക്കുന്നു.

വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ

സംസ്ഥാനത്ത് ജനകീയാസൂത്രണം ആരംഭിച്ച് കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും നാളിതുവരെ പ്രാദേശിക സർക്കാരുകൾ നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭിക്കുന്നതിന് കൃത്യമായ ഒരു സംവിധാനം നിലവിൽ ഇല്ല എന്നതാണ് യാഥാർത്ഥ്യം. ഈ വിവരങ്ങൾ പ്രാദേശിക സർക്കാരുകളെ സംബന്ധിച്ചിടത്തോളം തുടർ പദ്ധതി രൂപീകരണത്തിനുള്ള അടിസ്ഥാന വിവരങ്ങൾ തന്നെയാണ്. ഓരോ അഞ്ചുവർഷം കഴിയുമ്പോഴും പുതിയ ഭരണസമിതികൾ അധികാരത്തിലെത്തുമ്പോൾ കഴിഞ്ഞ കാല ഭരണസമിതികൾ ഏറ്റെടുത്ത് നടത്തിയ പ്രദേശിക പദ്ധതികൾ സംബന്ധിച്ചും അവയുടെ ഫലപ്രാപ്തിയും ഭൗതിക നേട്ടങ്ങളും സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ലാത്തത് പലപ്പോഴും തുടർ വികസന പ്രവർത്തനങ്ങളും കർമ്മപദ്ധതികളും ആസൂത്രണം ചെയ്യുന്നതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറുമുണ്ട്. ഇതിനൊരു പരിഹാരമായി 'വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ (Decentralization Round Survey), 2020 നവംബറിൽ പ്രാദേശിക സർക്കാർ തലത്തിൽ ആരംഭിക്കുകയുണ്ടായി. ആദ്യ റൗണ്ടിൽ 2015-20ൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചും ഭൗതിക നേട്ടങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുവാനുദ്ദേശിക്കുന്ന സർവ്വേ അന്തിമ ഘട്ടത്തിലാണ്.

ജില്ലാ ദുരന്തനിവാരണ പദ്ധതികൾ

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും, സമ്പദ് വ്യവസ്ഥയ്ക്ക് ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനും, ദുരന്ത നിവാരണ തയ്യാറെടുപ്പ് നടത്താനും പ്രാദേശിക സർക്കാരുകൾക്ക് കാര്യക്ഷമമായി ചില ഇടപെടലുകൾ നടത്താൻ സാധിക്കും എന്ന കണ്ടെത്തലും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയുണ്ടായി. തദ്ദേശസ്ഥാപന പ്രദേശങ്ങളുടെ നിലവിലെ സ്ഥിതി, അപകട സാധ്യതകൾ, ദുരന്തം വേഗത്തിൽ ബാധിക്കാൻ സാധ്യതയുള്ളവരുടെ വിവരങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ വിഭവശേഷി, ദുരന്ത പ്രതികരണ രേഖ, ദുരന്തലഘൂകരണം, അതിജീവന തയ്യാറെടുപ്പുകൾ എന്നിവ ഉൾപ്പെടുത്തി ദുരന്ത നിവാരണ പദ്ധതി (DM Plan) രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. പല തദ്ദേശ സ്ഥാപനങ്ങളും ദുരന്ത നിവാരണ പദ്ധതികളെ അവരുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ്

തദ്ദേശ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ അഞ്ച് വകുപ്പുകളെ ഏകീകരിച്ച് 2020 ൽ സംയോജിത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടുകൂടി സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നായി തദ്ദേശസ്വയംഭരണ വകുപ്പ് മാറി.

സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം (ILGMS)

പൗരൻമാർക്ക് പ്രാദേശിക സർക്കാർ വഴി നൽകുന്ന സേവനങ്ങൾ സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ILGMS സോഫ്റ്റ്‌വയർ ആദ്യപടിയായി സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ 2020 ൽ വിന്യസിക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകളുടെ മാറുന്ന മുഖമാണ് ഇവിടെ നമുക്ക് ദൃശ്യമാവുന്നത്.

തദ്ദേശ സ്ഥാപനങ്ങൾക്ക് ISO സ്റ്റാൻഡേർഡ്

ഗുണനിലവാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകുന്ന ജനസൗഹൃദ സ്ഥാപനങ്ങൾ എന്ന നിലയിൽ ഗുണനിലവാര മാനേജ്മെന്റിന്റെ അന്താരാഷ്ട്ര സർട്ടിഫിക്കേഷനായ ISO 9001:2015 സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്കും അഞ്ച് നഗരസഭകൾക്കും 2020ൽ ലഭിക്കുകയുണ്ടായി.

ഓഡിറ്റ് അക്കൗണ്ടുകളുടെ കൃത്യത

ധനകാര്യ കമ്മീഷൻ വിഹിതം ലഭിക്കുന്നതിനുള്ള നിർബന്ധിത വ്യവസ്ഥയെന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങളുടെ കഴിഞ്ഞ കാല ഓഡിറ്റ് അക്കൗണ്ടുകൾ 2020ൽ കൃത്യവും കാലികവുമാക്കുകയുണ്ടായി. പ്രവർത്തനങ്ങളിലെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഇതുവഴി ഉറപ്പാക്കാൻ സാധിക്കുകയുണ്ടായി.

പ്രളയബാധിത തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം

പ്രളയ നാശനഷ്ടങ്ങൾ സംഭവിച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് 250.00 കോടി രൂപ 2019-20ൽ പ്രത്യേക ധനസഹായമായി നൽകുകയുണ്ടായി. സർക്കാർ നിയമിച്ച കമ്മറ്റി ശുപാർശ അനുസരിച്ച് 37.5 കോടി രൂപ മണ്ണിടിച്ചിൽ മൂലം നാശനഷ്ടം സംഭവിച്ച തദ്ദേശ സ്ഥാപനങ്ങൾക്കും 212.50 കോടി രൂപ പ്രളയബാധിത തദ്ദേശ സ്ഥാപനങ്ങൾക്കും നൽകുകയുണ്ടായി. സംസ്ഥാനത്തെ 240 ഗ്രാമപഞ്ചായത്തുകൾക്കും 33 മുനിസിപ്പാലിറ്റികൾക്കും 3 കോർപ്പറേഷനും യഥാക്രമം 169.04 കോടി, 35.85 കോടി, 7.61 കോടി രൂപ വീതം നൽകുകയും പ്രസ്തുത തുക വിനിയോഗിക്കുമ്പോൾ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് അവ പുനഃസൃഷ്ടിക്കുന്നതിനും പൊതു ആസ്തികളുടെ പുനഃസ്ഥാപനത്തിനും മുൻഗണന നൽകാൻ അനുമതി നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

മിഷൻ അന്ത്യോദയ സർവ്വേ – 2020 തുടർച്ചയായി കേരളം ഒന്നാമത്

ഗ്രാമീണ മേഖലയിലെ വികസന വിടവുകൾ കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാർ മിഷൻ അന്ത്യോദയ സർവ്വേ രാജ്യവ്യാപകമായി നടത്തുകയുണ്ടായി. അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമ്പത്തിക പ്രവർത്തനം എന്നീ സൂചിക

കളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളെ റാങ്ക് ചെയ്യുകയായിരുന്നു സർവ്വേയുടെ പ്രാഥമിക ഉദ്ദേശ്യം. 2020ൽ ദേശീയ തലത്തിൽ 2,66,417 ഗ്രാമപഞ്ചായത്തുകളിൽ സർവ്വേ നടത്തുകയുണ്ടായി. സർവ്വേ റിപ്പോർട്ട് പ്രകാരം രാജ്യത്തെ 85 ശതമാനം ഗ്രാമപഞ്ചായത്തുകളുടെയും ശരാശരി സ്കോർ 41ഉം ഒരു ശതമാനം ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രമാണ് സ്കോർ 80ന് മുകളിൽ നേടാൻ സാധിച്ചത്. എന്നാൽ കേരളത്തിലെ 941 ഗ്രാമ പഞ്ചായത്തുകളിൽ 27 പഞ്ചായത്തുകൾ സ്കോർ 80ന് മുകളിലും 844 പഞ്ചായത്തുകൾ സ്കോർ 60ന് മുകളിലും നേടിയിട്ടുണ്ട്. സർവ്വേ പ്രകാരം 2020ലും കേരളം ഒന്നാമതാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

സുഭിക്ഷ കേരളം

കൊവിഡ്കാല അതിജീവനവും ഭക്ഷ്യ സുരക്ഷയും ലക്ഷ്യമാക്കി 'സുഭിക്ഷ കേരളം' എന്ന പേരിൽ ഒരു പദ്ധതി 2020-21ൽ നടപ്പിലാക്കുകയുണ്ടായി. 3,860.00 കോടി രൂപയുടെ പദ്ധതികളാണ് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിയത്. കൊവിഡിന്റെ പശ്ചാത്തലത്തിൽ സ്വദേശത്തും വിദേശത്തും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചുവരുന്ന പ്രവാസികളെയും തൊഴിൽരഹിതരായ യുവാക്കളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുകവഴി വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത, തരിശു നിലങ്ങളിൽ പൂർണ്ണമായി കൃഷിയിറക്കുക എന്നിവ 'സുഭിക്ഷ കേരളം' പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്. ഈ പദ്ധതി പ്രാദേശിക സർക്കാരുകൾ എല്ലാം തന്നെ വലിയ ഉത്സാഹത്തോടെയാണ് ഏറ്റെടുത്ത് നടത്തിയത്. സംസ്ഥാനത്തെ ഗ്രാമ-നഗര പ്രാദേശിക സർക്കാരുകൾ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി 695.87 കോടി രൂപയുള്ള 14386 പദ്ധതികളാണ് മുൻവർഷം ഏറ്റെടുത്തത്. വിപണിയിലെ പ്രതികൂല വില വ്യതിയാനങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി 12 ഓളം ഭക്ഷ്യ കാർഷിക ഉൽപന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിച്ചതും കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നൽകുകയുണ്ടായി.

> പ്രാദേശിക സർക്കാരുകളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടികളുടെ ഭാഗമായ 'വിശപ്പ് രഹിത കേരളം' പരിപാടിയിലൂടെ 2020 വർഷാവസാനം 843 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയുണ്ടായി. 20 രൂപക്ക് ഉച്ചഭക്ഷണം ഇവിടെ നിന്നും ലഭിക്കും.

പന്ത്രണ്ടിന പരിപാടികൾ

പ്രാദേശിക സർക്കാരുകളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സർക്കാർ 12 ഇന പരിപാടികൾ പ്രഖ്യാപിച്ചു. ഇതിലെ പ്രധാന പരിപാടികളിൽ ഒന്നായ 'വിശപ്പ് രഹിത കേരളം' പരിപാടിയിലൂടെ 2020 വർഷാവസാനം 843 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയുണ്ടായി. 20 രൂപക്ക് ഉച്ചഭക്ഷണം ഇവിടെ നിന്നും ലഭിക്കും. പൊതുജനങ്ങൾക്കും യാത്രക്കാർക്കും വിശ്രമകേന്ദ്രങ്ങൾ ഉറപ്പാക്കുന്ന ടേക്ക് എ ബ്രേക്ക് പദ്ധതിയും ഒട്ടുമിക്ക തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ വയോ ക്ലബ്ബ്, ശുചിത്വ കേരളം, തോടുകളുടെ ശുചീകരണം, ഒരുകോടി ഫലവൃക്ഷതൈ നടൽ, ജൈവ പച്ചക്കറി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സാന്ത്വന ചികിൽസയും പരിപാലനവും, പട്ടിക വിഭാഗ ഉന്നമനം, ദുരന്തനിവാരണ

പദ്ധതി എന്നിവയും 12 ഇന പരിപാടിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷം ഏറ്റെടുക്കുകയുണ്ടായി.

കൊവിഡ്-19 ഉം പ്രാദേശിക സർക്കാർ തീർത്ത ജനകീയ പ്രതിരോധവും

കൊവിഡിനെ പ്രതിരോധിക്കുന്നതിൽ പ്രാദേശിക സർക്കാർ വഹിച്ച പങ്ക് റിപ്പോർട്ട് എണ്ണമിട്ട് നിരത്തുന്നുണ്ട്. അവ 1) കമ്മ്യൂണിറ്റി കിച്ചണിന്റെ സ്ഥാപനം 2) ശുചീകരണ അണുനശീകരണ പ്രവർത്തനങ്ങൾ 3) ബ്രേക്ക് ദ ചെയിൻ കാമ്പയിൻ 4) അതിഥി തൊഴിലാളികളുടെ പരിരക്ഷ 5) ഗാർഹിക ക്വാറന്റയിൻ ഉറപ്പാക്കൽ 6) പ്രവാസികളുടെ ക്വാറന്റയിൻ ഉറപ്പാക്കൽ 7) CFLTC രൂപീകരണവും മേൽനോട്ടവും 8) ആശുപത്രികളിൽ ആരോഗ്യ പ്രവർത്തകരുടെ സാന്നിധ്യം ഉറപ്പാക്കൽ 9) ആശുപത്രികളിൽ മരുന്നുകളും ഉപകരണങ്ങളും ഉറപ്പാക്കൽ 10) സൗജന്യ മരുന്ന് വിതരണം 11) സുഭിക്ഷ കേരളം 12) വിദ്യാർത്ഥികൾക്ക് ഓൺ ലൈൻ പഠനം ഉറപ്പാക്കുക എന്നിവ അവയിൽ ചിലതാണ്.

15-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിതരണം

14-ാം ധനകാര്യ കമ്മീഷനിൽ നിന്നും വ്യത്യസ്തമായി 15-ാം ധനകാര്യ കമ്മീഷൻ 2020-21ൽ എല്ലാ തലത്തിലുള്ള ഗ്രാമ-നഗര തദ്ദേശ സ്ഥാപനങ്ങൾക്കുമായി 2412 കോടി രൂപ അനുവദിച്ച് നൽകുകയുണ്ടായി. ഇതിൽ 1628 കോടി രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും 445 കോടി രൂപ മുൻസിപ്പാലിറ്റികൾക്കും 339 കോടി രൂപ പത്തുലക്ഷത്തിലധികം ജനസംഖ്യയുള്ള ഏഴ് നഗര സഞ്ചയ തദ്ദേശസ്ഥാപനങ്ങൾക്കുമാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റിക്കും അനുവദിച്ച തുകയുടെ 50% വും ഏഴ് നഗരസഞ്ചയങ്ങൾക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും a) കുടിവെള്ള ജലസംരക്ഷണം b) ശുചിത്വ ഖരമാലിന്യം എന്നീ രണ്ട് മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാന്റായി (Tied Grant) മാത്രമേ വിനിയോഗിക്കാവൂ എന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ ഓരോ തദ്ദേശ സ്ഥാപനവും ധനകാര്യ കമ്മീഷൻ വിഹിത വിനിയോഗം സംബന്ധിച്ച് മേൽ പ്രതിപാദിച്ച രണ്ട് മേഖലകൾ ഉൾക്കൊള്ളിച്ച്



തദ്ദേശ സ്ഥാപനം ഒരു ഉപ പദ്ധതി തയ്യാറാക്കാനും ഇത് വാർഷിക പദ്ധതികളുടെ ഭാഗമാക്കാനും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഇതിനും പുറമേ നഗര തദ്ദേശ സ്ഥാപനങ്ങൾ എല്ലാം തന്നെ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സ്റ്റാർ റേറ്റിംഗ് പദവി നിശ്ചയിക്കാനുള്ള സർവ്വീസ് ലെവൽ ബഞ്ച് മാർക്ക് കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്രത്യേകമായി ആവിഷ്കരിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ഇത് വല്ലാതെ ബാധിക്കുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

2019-20 വാർഷിക പദ്ധതിയിലെ ധനവിനിയോഗം

2019-20 ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 24.50 ശതമാനം തുകയായ 7500 കോടി രൂപയാണ് വികസന ഫണ്ടായി പ്രാദേശിക സർക്കാരുകൾക്ക് നൽകിയത്. ഇതിൽ 3604.62 കോടി രൂപ സാധാരണ വിഹിതവും 2339.15 കോടി രൂപ ധനകാര്യ കമ്മീഷൻ വിഹിതവും 1353.84 കോടി രൂപ പട്ടികജാതി വിഹിതവും 202.99 കോടി രൂപ പട്ടികവർഗ്ഗ വിഹിതവും ആയിരുന്നു. വികസന ഫണ്ട് കൂടാതെ തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവ ഉപയോഗിച്ചും വിവിധ പദ്ധതികൾ പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുകയുണ്ടായി. ആകെ 19,889.68 കോടി രൂപയുള്ള പദ്ധതികളാണ് 2019-20ൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 7473.25 കോടി രൂപ ചെലവഴിക്കുകയുണ്ടായി. റിപ്പോർട്ട് പ്രകാരം പ്രാദേശിക സർക്കാരുകളുടെ ചെലവിൽ 54% വികസന ഫണ്ടും 16.65% മെയിന്റനൻസ് ഫണ്ടും 8.35% തനത് ഫണ്ടും 21% ചെലവുകൾ വായ്പ, ഗുണഭോക്തൃവിഹിതം എന്നിവയിൽ നിന്നുമാണെന്ന് കാണാം. പ്രാദേശിക സർക്കാരുകളുടെ പ്രധാന ധനമാർഗ്ഗം സർക്കാർ നൽകുന്ന വികസന ഫണ്ട് തന്നെയാണ് (54%) എന്നാണ് റിപ്പോർട്ട് ചൂണിക്കാണിക്കുന്നത്. പദ്ധതി വിഹിതമായി പ്രാദേശിക സർക്കാരുകൾക്ക് നൽകിയ 7500.00 കോടി രൂപയിൽ 7209.10 കോടി രൂപ വിതരണം ചെയ്തെങ്കിലും അതിൽ 4035.57 കോടി രൂപ (55.98%) മാത്രമാണ് ചെലവഴിച്ചത്. കൊവിഡ് മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നതെങ്കിലും സാമ്പത്തിക വർഷാവസാനം 1636.97 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ തീർപ്പാകാതെ കിടന്നതായും ഇതുകൂടി കണക്കാക്കിയാൽ ചെലവ് 78.69% ആകുമായിരുന്നെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

മേഖലാ വിശകലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ട് മൂന്ന് വിഭാഗങ്ങളിലായിട്ടാണ് വകയിരുത്തിയത്. വിതരണം ചെയ്ത 7209.10 കോടി രൂപയിൽ 5652.21 കോടി രൂപ (78.4%) പൊതുവിഭാഗത്തിലും 1353.9 കോടി രൂപ (18.78%) പട്ടികജാതി വിഭാഗത്തിലും 202.99 കോടി രൂപ (2.82%) പട്ടിക വർഗ്ഗ വിഭാഗത്തിലുമാണ്. ഉൽപാദനം, സേവനം, പശ്ചാത്തലം എന്നീ മൂന്ന് മേഖലകളിലാണ് പ്രാദേശിക സർക്കാരുകൾ പദ്ധതികൾ ഏറ്റെടുക്കുന്നത്. 2019-

20ൽ പ്രാദേശിക സർക്കാരുകൾ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത് സേവന മേഖലയിലാണെന്ന് (66.78%) കാണാം. 20.58% തുക പശ്ചാത്തല മേഖലയിലും ഉൽപാദന മേഖലയുടെ പങ്ക് 12.64% വും മാത്രമാണ്. പൊതു വിഭാഗം ഫണ്ടിന്റെ 30% തുക ഗ്രാമീണ തദ്ദേശസ്ഥാപനങ്ങളും 10% തുക നഗര തദ്ദേശസ്ഥാപനങ്ങളും ഉൽപാദന മേഖല പ്രവർത്തനങ്ങൾക്ക് നിർബന്ധമായും നീക്കിവയ്ക്കാൻ സർക്കാർ നിഷ്കർഷിച്ചെങ്കിലും കൊവിഡിന്റെ പശ്ചാത്തലത്തിലെ ട്രഷറി നിയന്ത്രണങ്ങൾ കാരണം ഈ ലക്ഷ്യത്തിൽ എത്തുവാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞില്ല എന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. പൊതുവിഭാഗം ഫണ്ടിൽ ആകെ ചെലവായ 2,444.83 കോടി രൂപയിൽ 454.92 കോടി രൂപ (18.61%) മാത്രമാണ് ഉത്പാദന മേഖലയിൽ ചെലവിട്ടതെന്നും കാണാം. ഉത്പാദന മേഖലയിൽ നടത്തേണ്ട അടിയന്തര ഇടപെടലുകളെക്കുറിച്ചും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്.

ഉത്പാദന മേഖലയിൽ വിനിയോഗിച്ച തുകയിൽ കൃഷിക്ക് 36.78%വും ജലസേചനത്തിന് 9.15% വും മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 4.73% വും മൃഗസംരക്ഷണത്തിന് 23.02%വും ക്ഷീരവികസനത്തിന് 16.36% വും മൽസ്യബന്ധനത്തിന് 1.37% വും വിനിയോഗിച്ചതായി കാണാം.

സേവന മേഖലയിൽ 41.02% തുകയും ചെലവഴിച്ചത് ഭവന മേഖലയിലാണ്. കൂടാതെ 14.38% വിദ്യാഭ്യാസത്തിനും 5.6% ആരോഗ്യത്തിനും 6.03% കുടിവെള്ളത്തിനും 4.49% ശുചിത്വ മാലിന്യ സംസ്കരണത്തിനും 10.8% സാമൂഹ്യ ക്ഷേമത്തിനും 7.41% പോഷകാഹാരത്തിനും 5.39% അങ്കണവാടികൾക്കുമാണ് വിനിയോഗിച്ചിരിക്കുന്നത്. പശ്ചാത്തല മേഖലയിൽ 76.96% തുകയും റോഡുകൾക്കും പാലങ്ങൾക്കുമാണ് വിനിയോഗിച്ചിരിക്കുന്നത്. അതായത് പശ്ചാത്തല മേഖലയിൽ കഴിഞ്ഞ വർഷം സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾ 830.58 കോടി രൂപയാണ് ചെലവഴിച്ചതെന്ന് കാണാവുന്നതാണ്.

പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

പദ്ധതികളിൽ പ്രത്യേക വിഭാഗങ്ങൾക്ക് നൽകുന്ന പരിഗണനയാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ എടുത്തുപറയേണ്ട ഒരു പ്രത്യേകത. തദ്ദേശസ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 10% തുക വനിതാ വികസന പദ്ധതിക്കും 5% തുക ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ്ജെണ്ടർ എന്നിവർക്കും 5% തുക വൃദ്ധർക്കും സാന്ത്വന പരിചരണം എന്നിവയ്ക്ക് നിർബന്ധമായും വകയിരുത്താൻ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രത്യേക വിഭാഗക്കാർക്കു വേണ്ടിയുള്ള പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ വനിതാ വികസനത്തിന് 6.36%വും കുട്ടികൾക്ക് 3.95%വും വയോജന വികസനത്തിന് 2.72%വും ഭിന്നശേഷിക്കാർക്ക് 1.9%വും സാന്ത്വന പരിരക്ഷക്ക് 2.17% ഉം ട്രാൻസ്ജെൻഡേഴ്സിന് 0.005% തുകയുമാണ് ചെലവഴിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. ദുർബ്ബല വിഭാഗക്കാരുടെ വികസനത്തിനും സാമൂഹ്യ സുരക്ഷിതത്വത്തിനും ആവശ്യമായ മികച്ച പദ്ധതികൾ കണ്ടെത്തുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശസ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് തന്നെയാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് വിരൽ ചൂണ്ടുന്നത്.

പാർപ്പിട മേഖല

സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെ ഭാരത സർക്കാർ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയായ PMAY ഗ്രാമ, നഗര പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. പദ്ധതി നടത്തിപ്പിനായി ഭവനമൊന്നിന് ഗ്രാമങ്ങളിൽ 72,000 രൂപയും നഗരങ്ങളിൽ 1.5 ലക്ഷം രൂപയും കേന്ദ്ര സർക്കാർ നൽകുന്നു. ഈ പദ്ധതിയിലൂടെ 2019-20 ൽ 1364 ഉം 2020-21ൽ (സെപ്റ്റംബർ വരെ) 306ഉം പുതിയ വീടുകൾ ഗ്രാമീണ മേഖലയിൽ നിർമ്മിക്കുകയുണ്ടായി. നഗര മേഖലയിൽ PMAY പദ്ധതിയിൽ ആകെ 1,02,229 വീടുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുകയും ഇതിൽ 77,541 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 2020 സെപ്റ്റംബർ വരെയുള്ള കണക്ക് പ്രകാരം 48,445 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചതായും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഭവന ആവശ്യങ്ങൾ നിറവേറ്റാൻ കേന്ദ്ര ധനസഹായം അപര്യാപ്തമായതിനാൽ സംസ്ഥാനം ഇക്കാര്യത്തിൽ ഒരു സമഗ്ര സമീപനം സ്വീകരിക്കുകയും 'ലൈഫ് മിഷന്' രൂപം നൽകുകയുമുണ്ടായി. ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി പട്ടികവർഗ്ഗക്കാർക്ക് 6.00 ലക്ഷം രൂപയും മറ്റ് എല്ലാ വിഭാഗക്കാർക്കും 4.00 ലക്ഷം രൂപയുമാണ് സംസ്ഥാന ലൈഫ് മിഷൻ വഴി സർക്കാർ നൽകുന്നത്. ഇതിനായി ഓരോ പ്രാദേശിക സർക്കാരുകളും അവർക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ 20% തുക നിർബ്ബന്ധമായും ഭവന നിർമ്മാണത്തിന് വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2020 ഡിസംബർ വരെ 2,43,522 വീടുകൾ ലൈഫ് മിഷനിലൂടെ പൂർത്തീകരിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

> സംസ്ഥാനത്തിന്റെ ഭവന ആവശ്യങ്ങൾ നിറവേറ്റാൻ കേന്ദ്ര ധനസഹായം അപര്യാപ്തമായതിനാൽ സംസ്ഥാനം 'ലൈഫ് മിഷന്' രൂപം നൽകുകയുണ്ടായി. ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി പട്ടികവർഗ്ഗക്കാർക്ക് 6.00 ലക്ഷം രൂപയും മറ്റെല്ലാ വിഭാഗക്കാർക്കും 4.00 ലക്ഷം രൂപയുമാണ് ലൈഫ് മിഷൻ വഴി സർക്കാർ നൽകുന്നത്.

കേരളത്തിന്റെ വികസന അനുഭവങ്ങൾ പഠിപ്പിക്കുന്നത് ഇന്ത്യയുടെ വൈവിധ്യമാർന്നതും വിവിധ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതുമായ സാമൂഹിക ഘടനയിൽ ദുർബ്ബല ജനതയുടെ അവകാശങ്ങൾ ഉറപ്പാക്കാനുള്ള ഏറ്റവും മികച്ച ഉപാധിതന്നെയാണ് ജനകീയാസൂത്രണം. ലോക രാജ്യങ്ങളും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും സ്വീകരിച്ചതിൽ നിന്നും ഏറെക്കുറെ വ്യത്യസ്തമായ കേരളത്തിന്റെ ജനകീയ വികസന തന്ത്രം 25 വർഷം പിന്നിടുമ്പോൾ മാറുന്ന കാലഘട്ടത്തിനും സാഹചര്യങ്ങൾക്കും അനുസരിച്ച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ട തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാരുകൾ ഇനിയും ഏറെ വളരേണ്ടതായിട്ടുണ്ടെന്നും അതിനായി അവർക്ക് ഇനിയും ഏറെ ചെയ്യാനുണ്ടെന്നുമുള്ള ഒരു പരിപ്രേക്ഷ്യ കാഴ്ചപ്പാട് തന്നെയാണ് റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നത്.

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്

പഞ്ചായത്ത് ഭരണസമിതി യോഗങ്ങൾ

■ സി. ഡെമാസ്റ്റൻ

നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിൽ വേണം പഞ്ചായത്ത് യോഗങ്ങൾ നടത്തുവാനും തീരുമാനങ്ങൾ എടുക്കുവാനും. നിയമപരമായല്ലാതെ എടുക്കുന്ന തീരുമാനങ്ങൾക്ക് നിലനിൽപ്പില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വകുപ്പ്-161, അതു പ്രകാരമുണ്ടാക്കിയ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരവുമാണ് യോഗങ്ങൾ നടത്തേണ്ടതും തീരുമാനങ്ങൾ എടുക്കേണ്ടതും.

പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഒരു ജനപ്രതിനിധിയുടെ പ്രധാനവേദിയാണ് പഞ്ചായത്തുകമ്മിറ്റികൾ. ഒരു ജനപ്രതിനിധിയുടെ മനസ്സിലുള്ള വികസനസങ്കൽപ്പങ്ങളും സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കുന്നതിനുള്ള നിയമപരമായ ക്രിയാത്മകമായ വേദിയാണ് പഞ്ചായത്തുയോഗങ്ങൾ. പഞ്ചായത്തീ രാജ് നിയമത്തിന്റെയും ചട്ടങ്ങളുടെയും ഉള്ളിൽനിന്നുകൊണ്ടാണ് യോഗങ്ങൾ നടത്തുന്നതും അതിൽ നിയമാനുസൃതമായ തീരുമാനങ്ങൾ എടുക്കുന്നതും. പഞ്ചായത്തു യോഗങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട അജണ്ടകൾ ചർച്ചചെയ്യുമ്പോൾ ആ ചർച്ചകളിൽ ക്രിയാത്മകമായി പങ്കെടുത്തുകൊണ്ട് ചർച്ചകളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വാർഡിന്റെ വികസന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പഞ്ചായത്ത് അംഗങ്ങൾക്ക് കഴിയണം. ജനങ്ങളുടെ ഇച്ഛാശക്തിയുടെ പ്രതിഫലനം പഞ്ചായത്തു കമ്മിറ്റിയിൽ പ്രതിഫലിക്കണം.പഞ്ചായത്ത് കമ്മിറ്റിയിൽ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാൻ നിയമപരമായി കഴിയാത്തതിനാൽ പ്രാതിനിത്യ ജനാധിപത്യ സത്തയനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ശബ്ദം സാക്രികമായി ഉയരുന്ന വേദിയാണ് പഞ്ചായത്തു കമ്മിറ്റികൾ എന്നുള്ളതുകൊണ്ട് പഞ്ചായത്തീ രാജ് സംവിധാനത്തിൽ കമ്മിറ്റികളുടെ പ്രാധാന്യം നിസ്തുലമാണ്.

പഞ്ചായത്തുയോഗങ്ങളുടെ നടത്തിപ്പ് നിയമപരമായ കാര്യമായതിനാൽ നിയമവും ചട്ടങ്ങളും അനുശാസിക്കുന്നരീതിയിൽ വേണം യോഗങ്ങൾ നടത്തുവാനും തീരുമാനങ്ങൾ എടുക്കുവാനും. നിയമപരമായല്ലാതെ എടുക്കുന്ന തീരുമാനങ്ങൾക്ക് നിലനിൽപ്പില്ല എന്ന കാര്യം കൂടി ഓർക്കുക. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വകുപ്പ്-161, അതു പ്രകാരമുണ്ടാക്കിയ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരവുമാണ് യോഗങ്ങൾ നടത്തേണ്ടതും തീരുമാനങ്ങൾ എടുക്കേണ്ടതും.

പഞ്ചായത്തു കമ്മിറ്റിയുടെ അധികാരങ്ങൾ

പഞ്ചായത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നടത്തുന്നതിനും അവയെ സംബന്ധിച്ച സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിയ്ക്കുമുള്ള

പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള അധികാരം വിനിയോഗിക്കുന്നത് പഞ്ചായത്തുകമ്മിറ്റിയിലൂടെയാണ്. പഞ്ചായത്ത് രാജ് നിയമത്തിലോ ചട്ടത്തിലോ 'പഞ്ചായത്ത്' എന്നു വിവക്ഷിച്ചിരിക്കുന്നിടത്തെല്ലാം പഞ്ചായത്തുകമ്മിറ്റി എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്.

പഞ്ചായത്ത് യോഗം വിളിച്ചു കൂട്ടൽ

മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും പഞ്ചായത്തു യോഗം പഞ്ചായത്ത് ഓഫീസിൽ വെച്ച് കൂടിയിരിക്കണം. പഞ്ചായത്തു പ്രസിഡന്റാണ് യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടത്. പൊതു ഒഴിവുദിവസങ്ങളിലോ രാവിലെ 9 മണിക്ക് മുമ്പും വൈകുന്നേരം 6 മണിക്ക് ശേഷവും യോഗങ്ങൾ കൂടുവാൻ പാടുള്ളതല്ല.

പഞ്ചായത്തുയോഗങ്ങളെ അതിന്റെ സ്വഭാവമനുസരിച്ച് സാധാരണയോഗങ്ങളെന്നും അടിയന്തിരയോഗങ്ങളെന്നും പ്രത്യേക യോഗങ്ങളെന്നും തരം തിരിയ്ക്കാം. സാധാരണ യോഗങ്ങൾ കൂടുന്നതിന് മുമ്പായി യോഗസ്ഥലവും തീയതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച കമ്മിറ്റി നോട്ടീസ് യോഗം തുടങ്ങുന്നതിനു നിശ്ചയിക്കപ്പെട്ട തീയതിയ്ക്കു 3 ദിവസം മുമ്പ് അംഗങ്ങൾക്ക് നൽകിയിരിക്കണം. എന്നാൽ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന സന്ദർഭങ്ങളിൽ ഇരുപത്തിനാലുമണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി അടിയന്തരകമ്മിറ്റി പ്രസിഡന്റിന് വിളിച്ചു ചേർക്കാവുന്നതാണ്. അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാത്ത എണ്ണംവരുന്ന അംഗങ്ങൾ ഒരു പ്രത്യേക ആവശ്യത്തിന് യോഗം വിളിച്ചു കൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു രേഖാമൂലം ഒരു നോട്ടീസ് പ്രസിഡന്റിന് നൽകുകയാണെങ്കിൽ ഒരു പ്രത്യേകയോഗം വിളിച്ചു കൂട്ടേണ്ടതാണ്.

അജണ്ട തയ്യാറാക്കൽ

പഞ്ചായത്തു യോഗത്തിന്റെ അജണ്ട പ്രസിഡന്റുമായി ആലോചിച്ച് സെക്രട്ടറി തയ്യാറാക്കേണ്ടതാണ്. തീരുമാനം എടുക്കേണ്ട വിഷയങ്ങളും പ്രസിഡന്റ് നിർദ്ദേശിക്കുന്ന വിഷയങ്ങളും പ്രസിഡന്റോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരോ മറുപടി പറയേണ്ട വിഷയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവുകളും സർക്കുലറുകളും അജണ്ടയിൽ ഉൾപ്പെടുത്താവുന്നതാണ്. അജണ്ടയിൽ ഉൾപ്പെടുത്തിയ വിഷയങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതിനാവശ്യമായ ഉപദേശം നൽകുന്നതിന് സെക്രട്ടറിക്കു ബാധ്യതയുള്ളതിനാൽ സെക്രട്ടറിയുടെ അഭിപ്രായമടങ്ങിയ അജണ്ടക്കുറിപ്പ് യോഗത്തിനുമുമ്പ് അംഗങ്ങൾക്ക് നൽകുകയോ യോഗത്തിൽ സമർപ്പിക്കുകയോ ചെയ്യണം. പഞ്ചായത്തു കമ്മിറ്റിയുടെ പരിഗണനയ്ക്കു വരുന്ന വിഷയങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിശദമായി ചർച്ച ചെയ്തതിനു ശേഷം പഞ്ചായത്തു കമ്മിറ്റിയിൽ വയ്ക്കുന്നത് നന്നായിരിക്കും.

കോറം

ആകെ അംഗസംഖ്യയുടെ മൂന്നിലൊരു ഭാഗം കോറമായതിനാൽ അത്രയും അംഗങ്ങൾ ഹാജരില്ലെങ്കിൽ യോഗം കൂടുവാൻ സാധിക്കുകയില്ല. യോഗം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞു അരമണിക്കൂർ ശേഷവും കോറം തികയാതിരിക്കുകയും ഹാജരുള്ള അംഗങ്ങൾ കാത്തിരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന പക്ഷം യോഗം മാറ്റിവയ്ക്കാവുന്നതാണ്. യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ കോറം ഇല്ലാതാവുകയാണെങ്കിൽ യോഗനടപടികൾ നടത്തുവാൻ പാടില്ലാത്തതാണ്. ഹാജരുള്ള അംഗങ്ങൾ ഹാജരാകുന്ന സമയവും പോകുന്ന സമയവും രേഖപ്പെടുത്തി ഹാജരായ എല്ലാ അംഗങ്ങളും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തു യോഗങ്ങൾ പരസ്യമായിരിക്കണം

പഞ്ചായത്തുയോഗങ്ങളിൽ അനുമതിയോടുകൂടി പൊതുജനങ്ങൾക്കും പത്രലേഖകർക്കും സന്ദർശകരായി പ്രവേശനം അനുവദിക്കാവുന്നതാണ്. എന്നാൽ മിനിട്സിൽ രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ അദ്ധ്യക്ഷന് അനുമതി നിഷേധിക്കുകയും ചെയ്യാവുന്നതാണ്.

ആകെ അംഗസംഖ്യയുടെ മൂന്നിലൊരു ഭാഗം കോറമായതിനാൽ അത്രയും അംഗങ്ങൾ ഹാജരില്ലെങ്കിൽ യോഗം കൂടുവാൻ സാധിക്കുകയില്ല. നിശ്ചിത സമയം കഴിഞ്ഞു അരമണിക്കൂർ ശേഷവും കോറം തികയാതിരിക്കുകയും ഹാജരുള്ള അംഗങ്ങൾ കാത്തിരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന പക്ഷം യോഗം മാറ്റിവയ്ക്കാവുന്നതാണ്.

അദ്ധ്യക്ഷൻ

പഞ്ചായത്തു യോഗത്തിന്റെ അദ്ധ്യക്ഷൻ പ്രസിഡന്റോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ രണ്ടുപേരുടെയും അഭാവത്തിൽ യോഗത്തിൽ സന്നിഹിതരായിരുന്ന അംഗങ്ങൾ ഭൂരിപക്ഷ അഭിപ്രായപ്രകാരം തീരുമാനിക്കുന്ന ഒരാൾ അദ്ധ്യക്ഷം വഹിക്കുകയോ ചെയ്യേണ്ടതാണ്. അദ്ധ്യക്ഷൻ യോഗം നിയന്ത്രിക്കുകയും എല്ലാ ക്രമപ്രശ്നങ്ങളും തീരുമാനിക്കുകയും ചെയ്യേണ്ടതാണ്. ഏതെങ്കിലും അംഗം ക്രമരഹിതമായി പെരുമാറുകയാണെങ്കിലോ യോഗം തടസ്സപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ ഹാൾ വിട്ടു പോകുവാൻ ആവശ്യപ്പെടാവുന്നതാണ്. ആൾ അത് അനുസരിച്ചില്ലെങ്കിൽ ആ യോഗത്തിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതും ന്യായമായ ബലം ഉപയോഗിച്ച് അയാളെ ഹാളിൽ നിന്നും നീക്കം ചെയ്യാവുന്നതുമാണ്. യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും ഭൂരിപക്ഷ വോട്ടുപ്രകാരം തീരുമാനം എടുക്കേണ്ടതും വോട്ടുകൾ തുല്യമായി വരുകയാണെങ്കിൽ അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ടുകൂടി ചെയ്യാവുന്നതുമാണ്.

ചോദ്യങ്ങൾ ചോദിക്കൽ

പഞ്ചായത്തു യോഗത്തിലെ ആദ്യത്തെ ഇനം ചോദ്യോത്തര വേളയാണ്. പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരോടോ ചോദിയ്ക്കാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ ഏഴ് പൂർണ്ണദിവസങ്ങൾക്കു മുമ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിരിക്കണം. ഏഴുദിവസം എന്നുള്ളത് കുറയ്ക്കുവാൻ പ്രസിഡന്റിന് വിവേചനാധികാരമുണ്ട്. ഒരംഗത്തിനു യോഗത്തിൽ പരമാവധി രണ്ട് ചോദ്യങ്ങൾ മാത്രമേ ചോദിക്കുവാൻ കഴിയൂ. പ്രസിഡന്റ് അനുവദിക്കുന്ന ചോദ്യങ്ങൾ അജണ്ടയിൽ ചേർക്കുന്നതാണ്. ചോദ്യത്തിന് മറുപടി നൽകുന്ന വേളയിൽ വിശദീകരിക്കുന്നതിനായി ഒരു അനുബന്ധചോദ്യവും കൂടി അംഗത്തിന് ചോദിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും ചോദ്യത്തെ പറ്റിയോ ചോദ്യത്തിന് നൽകിയ മറുപടിയെ

പറ്റിയോ ചർച്ചകൾ അനുവദിക്കുവാൻ കഴിയില്ല. ചോദിച്ച ചോദ്യവും അതിന്റെ മറുപടിയും സെക്രട്ടറി മിനിട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

പ്രമേയം അവതരിപ്പിക്കൽ

യോഗത്തിൽ പ്രമേയം അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ മുൻകൂട്ടി രേഖാമൂലം പ്രമേയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് പ്രസിഡന്റിന് ഏഴ് ദിവസം മുമ്പെങ്കിലും രേഖാമൂലം നൽകേണ്ടതാണ്. കാലയളവ് കുറവുചെയ്ത് നൽകുന്നതിന് പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. അനുവദിക്കുന്ന പ്രമേയങ്ങൾ അജണ്ടയിൽ ചേർക്കേണ്ടതാണ്. നിയമപരമായ കാരണത്താൽ പ്രമേയം അനുവദിക്കാതിരിക്കുകയാണെങ്കിൽ ആ വിവരം അംഗത്തെ പ്രസിഡന്റ് അറിയിക്കേണ്ടതാണ്. പ്രമേയം മിനിട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

ക്രമപ്രശ്നങ്ങൾ

കാര്യപരിപാടി തുടങ്ങുന്ന അവസരത്തിൽ ഏതൊരംഗത്തിനും യോഗനടപടികളെക്കുറിച്ച് ക്രമപ്രശ്നം ഉന്നയിക്കാവുന്നതും അദ്ധ്യക്ഷൻ ആയതിനു മറുപടി പറയേണ്ടതും ആകുന്നു. ക്രമപ്രശ്നത്തിന്മേൽ ചർച്ചയില്ലാത്തതും അദ്ധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

പ്രസംഗങ്ങളുടെ സമയപരിധി

പ്രമേയം അവതരിപ്പിച്ച അംഗങ്ങൾ സംസാരിച്ചശേഷം അദ്ധ്യക്ഷൻ പേര് വിളിക്കുന്നതനുസരിച്ച് അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കാവുന്നതും ഒരംഗത്തിനു സാധാരണഗതിയിൽ നാലു മിനിറ്റിൽ കൂടുതൽ സംസാരിക്കാൻ അനുമതിയില്ലാത്തതും ആകുന്നു. എന്നാൽ ഒരു പ്രമേയമോ ഭേദഗതിയോ അവതരിപ്പിക്കുന്ന ആൾക്ക് അത് അവതരിപ്പിച്ചു സംസാരിക്കാൻ 8 മിനിട്ടുവരെ സമയം അനുവദിക്കാവുന്നതാണ്. അദ്ധ്യക്ഷനു യുക്താനുസരണം ഒരംഗത്തിനു പ്രസംഗിക്കാനുള്ള സമയം നിശ്ചയിക്കാവുന്നതാണ്. ഒരു വിഷയത്തെ സംബന്ധിച്ച് ഒരംഗത്തിനു ഒന്നിൽ കൂടുതൽ തവണ പ്രസംഗിക്കുവാൻ അനുവാദം ഇല്ല. അദ്ധ്യക്ഷൻ സംസാരിക്കാൻ വേണ്ടി എഴുന്നേൽക്കുമ്പോൾ പ്രസംഗിച്ചു കൊണ്ടിരിക്കുന്ന അംഗം അത് നിർത്തേണ്ടതാണ്. അംഗങ്ങളോട് പ്രസംഗങ്ങൾ അവസാനിപ്പിക്കാൻ അദ്ധ്യക്ഷന് ആവശ്യപ്പെടാവുന്നതും അംഗങ്ങൾ അത് അനുസരിക്കേണ്ടതുമാണ്. അദ്ധ്യക്ഷനോ അംഗങ്ങളോ വ്യക്തിപരമായും ധനപരമായും താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്.

തീരുമാനങ്ങൾ റദ്ദുചെയ്യലും ഭേദഗതി ചെയ്യലും

തീരുമാനമോ പ്രമേയമോ അതു പാസ്സാക്കിയ തീയതി മുതൽ മൂന്നു മാസത്തിനകം ഈ ആവശ്യത്തിനായി വിളിച്ചു കൂട്ടിയ പ്രത്യേക യോഗത്തിൽ വെച്ച് അംഗസംഖ്യയുടെ മൂന്നിൽ രണ്ടു അംഗങ്ങൾ അംഗീകരിച്ച പ്രമേയത്തിലൂടെയല്ലാതെ ഭേദഗതിചെയ്യുവാൻ പാടില്ല. എന്നാൽ നിയമാനുസൃതം പാസ്സാക്കിയതല്ലാത്ത പ്രമേയങ്ങൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

വിയോജനക്കുറിപ്പ് നൽകൽ

യോഗം പാസ്സാക്കിയ ഏതെങ്കിലും വിഷയത്തെക്കുറിച്ചു അംഗങ്ങൾക്കു ഭിന്നാഭിപ്രായം ഉണ്ടെങ്കിൽ തന്റെ ഭിന്നാഭിപ്രായക്കുറിപ്പു യോഗം അവസാനിച്ചു മിനിറ്റ്സിന്റെ പകർപ്പ് കിട്ടി നാല്പത്തെട്ടു മണിക്കൂറിനകം സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. എതിരായി വോട്ടു ചെയ്തവർക്ക് മാത്രമേ വിയോജനക്കുറിപ്പ് നൽകുവാൻ സാധിക്കുകയുള്ളൂ.

മിനിറ്റ്സും തീരുമാനരജിസ്റ്ററും

എല്ലാ പഞ്ചായത്തുയോഗങ്ങളിലും സെക്രട്ടറി നിർബന്ധമായും പങ്കെടുക്കേണ്ടതും ഒഴിച്ചുകൂടാൻ കഴിയാത്ത കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പങ്കെടുക്കേണ്ടതുമാണ്. പ്രസിഡന്റ് ആവശ്യപ്പെട്ടാൽ യോഗങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്. പഞ്ചായത്തു കമ്മിറ്റികളിൽ തീരുമാനമെടുക്കുന്നതിന് നിയമപരമായ കാര്യങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു സെക്രട്ടറിക്കു പ്രധാനപങ്കുണ്ട്. ഭിന്നാഭിപ്രായക്കുറിപ്പിന്മേലോ സർക്കാരിന്റെയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ തീരുമാനം ഉണ്ടാകേണ്ടപക്ഷം ആയതു സെക്രട്ടറി സർക്കാരിനോ പ്രസ്തുത ഉദ്യോഗസ്ഥനോ വിശദമായ റിപ്പോർട്ടു സഹിതം അയച്ചു നൽകേണ്ടതാണ്.

യോഗതീരുമാനങ്ങൾ തീരുമാനരജിസ്റ്ററിലും നടപടികൾ മിനിറ്റ്സ്ബുക്കിലും ക്രമമായി സെക്രട്ടറി രേഖപ്പെടുത്തേണ്ടതാണ്. തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം അവസാനിച്ചു കഴിഞ്ഞു 48 മണിക്കൂറിനുള്ളിൽ അംഗങ്ങൾക്ക് നൽകണം. യോഗ തീരുമാനങ്ങൾ നോട്ടീസ്ബോർഡിലും പ്രസിദ്ധീകരിക്കണം.

യോഗം പാസ്സാക്കിയ ഏതെങ്കിലും വിഷയത്തെക്കുറിച്ചു അംഗങ്ങൾക്കു ഭിന്നാഭിപ്രായം ഉണ്ടെങ്കിൽ തന്റെ ഭിന്നാഭിപ്രായക്കുറിപ്പു യോഗം അവസാനിച്ചു മിനിറ്റ്സിന്റെ പകർപ്പ് കിട്ടി നാല്പത്തെട്ടു മണിക്കൂറിനകം സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. എതിരായി വോട്ടു ചെയ്തവർക്ക് മാത്രമേ വിയോജനക്കുറിപ്പ് നൽകുവാൻ സാധിക്കുകയുള്ളൂ.

സകർമ്മ

പഞ്ചായത്തു യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നത് 'സകർമ്മ' എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. അംഗങ്ങൾക്ക് ലഭിച്ചിട്ടുള്ള യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് അതിൽ പ്രവേശിക്കുവാനും അത് പരിശോധിക്കുവാനും കഴിയും.

പഞ്ചായത്തുയോഗങ്ങളെ അംഗങ്ങൾ ഫലപ്രദമായി വികസനത്തിനു വേണ്ടി ഉപയോഗിക്കുകയാണെങ്കിൽ വികേന്ദ്രീകൃത ജനാധിപത്യത്തിനു അതൊരു മുതൽക്കൂട്ടായിരിക്കും. വാർഡിലെ വികസനപ്രശ്നങ്ങൾ അവതരിപ്പിക്കാനും അതിന്റെ പരിഹാരം കണ്ടെത്താനുമുള്ള വേദികളാക്കി പഞ്ചായത്തുകമ്മിറ്റികളെ നിയമപരമായി ഉപയോഗിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ ജനങ്ങൾ ജനപ്രതിനിധികളിൽ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം ഫലപ്രദമായി നിറവേറ്റുവാൻ കഴിയുകയുള്ളൂ.

ലേഖകൻ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.



തദ്ദേശ സ്ഥാപനങ്ങൾക്ക് രാഷ്ട്രീയത്തിനതീതമായ പിന്തുണ : മുഖ്യമന്ത്രി

* കൂടുതൽ തൊഴിലവസരം സൃഷ്ടിക്കണം, പ്രാഥമിക ഉൽപന്ന വിപ്ലവം വേണം
* സംരംഭകരുടെ മനംമടുപ്പിക്കുന്ന സമീപനം പാടില്ല, ധനകാര്യകമ്മീഷൻ ശുപാർശ പരിഗണിച്ച് കൂടുതൽ ഫണ്ട് നൽകും
* പ്രവാസികൾക്ക് ഓൺലൈൻ ഗ്രാമസഭ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്തു. മുഖ്യമന്ത്രി തദ്ദേശ സ്ഥാപന അധ്യക്ഷമാർക്ക് നൽകിയ നിർദ്ദേശങ്ങളും പ്രസംഗത്തിൽ നടത്തിയ പ്രഖ്യാപനങ്ങളും:

- തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ദൗത്യം ഏറ്റെടുക്കണം. ആയിരം പേർക്ക് അഞ്ചു തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് വിജയിപ്പിക്കുന്നതിന് ഓരോ സ്ഥാപനവും പ്രത്യേകം പദ്ധതി ആവിഷ്കരിക്കണം. കാർഷികരംഗത്ത് വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയും. ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങാൻ വരുന്നവർക്ക് നിയമവിധേയമായ എല്ലാ സഹായവും നൽകണം. സംരംഭകർ പ്രാദേശിക സർക്കാർ ഓഫീസ് കയറിയിറങ്ങി മനംമടുക്കുന്ന സ്ഥിതി ഉണ്ടാവരുത്. അവരെ ഒരിക്കലും ശത്രുക്കളായി കാണരുത്. അവർ തൊഴിൽ നൽകുന്നവരാണ് എന്ന ചിന്തയോടെ കാര്യങ്ങൾ നിർവഹിക്കണം. സംരംഭകരുടെ പ്രശ്നങ്ങൾ അങ്ങോട്ട് ചെന്ന് ചോദിച്ചറിഞ്ഞ് പരിഹരിക്കണം. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ഇടപെടൽ ഉണ്ടാകണം.
- ചെറുകിട ഉല്പാദകരുടെ ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കണം. സഹകരണ സംഘങ്ങളുടെ പിന്തുണയും സഹകരണവും ഇക്കാര്യത്തിൽ ഉറപ്പാക്കണം.
- ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് വിജയകരമായി മുന്നോട്ടുപോവുകയാണ്. കാലവർഷം തുടങ്ങുന്നതിന് മുമ്പുള്ള മാസങ്ങളിൽ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കണം.
- നാട്ടിൽ ആരും പട്ടിണികിടക്കാൻ പാടില്ല എന്നതാണ് സർക്കാരിന്റെ നയം. അതിന് വേണ്ടിയാണ് കിറ്റ് വിതരണവും കുറഞ്ഞ നിരക്കിൽ ഉച്ചയൂണ് നൽകുന്ന ഹോട്ടലുകളും. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇപ്പോൾ 850 ജനകീയ ഹോട്ടലുകൾ 20 രൂപയ്ക്ക് ഉച്ചയൂണ് നൽകുന്നുണ്ട്. ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം.
- ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി കൂടുതൽ ശക്തമായി നടപ്പാക്കണം. പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, മത്സ്യം, പാൽ, മുട്ട, ഇറച്ചി തുടങ്ങിയ

പ്രാഥമിക ഉൽപ്പന്നങ്ങളുടെ വർദ്ധനവിന് ഒരു വിപ്ലവം സൃഷ്ടിക്കണം - പ്രാഥമിക ഉൽപന്ന വിപ്ലവം. ഭക്ഷണത്തിലെ മായവും വിഷാംശവും പ്രതിരോധിക്കാനും ഇതാവശ്യമാണ്.

- അഴിമതിക്കെതിരായ ജാഗ്രത തുടരണം. നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സർക്കാരിന് പുറത്തുള്ള ഏജൻസികളെ കൂടി ഉൾപ്പെടുത്തിയുള്ള ഒരു സംവിധാനം പരിഗണനയിലുണ്ട്. പദ്ധതി ആസൂത്രണ-നിർവഹണ സമ്പ്രദായങ്ങളിൽ സർക്കാർ കൊണ്ടുവന്ന മാറ്റം അഴിമതി തടയാൻ സഹായിച്ചിട്ടുണ്ട്. അമ്പതിനായിരം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ടെണ്ടറിങ്ങും ഇ-ടെണ്ടറിങ്ങും നിർബന്ധമാക്കിയതോടെ ഗുണഭോക്തൃ സമിതിയെ മുന്നിൽ നിർത്തിയുള്ള അഴിമതി ഇല്ലാതായി.
- പദ്ധതി രൂപീകരണം നവംബർ, ഡിസംബർ മാസങ്ങളിൽ തുടങ്ങി മാർച്ചിൽ പൂർത്തിയാക്കുകയും നിർവഹണം ഏപ്രിൽ ഒന്നിന് തുടങ്ങുകയും ചെയ്യുന്ന രീതി സർക്കാർ പ്രാവർത്തികമാക്കി. പ്രളയവും കൊവിഡുമൊന്നും ഇതിന് തടസ്സമായില്ല. 12 മാസം നീളുന്ന പദ്ധതിനിർവഹണത്തിന്റെ നേട്ടം വളരെ വലുതാണ്. ഈ നേട്ടം നിലനിർത്തണം. 2021-22 വർഷത്തെ വാർഷിക പദ്ധതിയുടെ നിർവഹണവും ഏപ്രിൽ ഒന്നിന് ആരംഭിക്കണം.
- സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പരിഗണിച്ച് കൂടുതൽ വിഭവങ്ങൾ പ്രാദേശിക സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറും. ഈ സർക്കാർ വന്നപ്പോൾ ബജറ്റ് വിഹിതത്തിന്റെ 23 ശതമാനമായിരുന്നു പ്രാദേശിക സ്ഥാപനങ്ങൾക്ക് നൽകിയിരുന്നത്. പടിപടിയായി അത് 25 ശതമാനത്തിലധികമായി. ഇതിന് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കൂടുതൽ തുക കൈമാറുന്നുണ്ട്.
- ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന സംയുക്ത പദ്ധതികൾ ഏറ്റെടുക്കുന്നതിന് പുതിയ ഭരണ സമിതികൾ പ്രത്യേക ശ്രദ്ധ ചെലുത്തണം. ഈ സർക്കാർ വന്ന ശേഷമാണ് ജില്ലാ പദ്ധതികൾ തയ്യാറാക്കാൻ തുടങ്ങിയത്.
- വികസന കാര്യത്തിൽ കക്ഷി രാഷ്ട്രീയത്തിന് അതീതമായ കൂട്ടായ്മ വികസിപ്പിച്ചെടുക്കണം. അതിന് അനുയോജ്യമായ സമീപനം സർക്കാർ സ്വീകരിക്കും. ഒരു തരത്തിലുള്ള രാഷ്ട്രീയ വിവേചനവും ഉണ്ടാകില്ല. രാഷ്ട്രീയത്തിനതീതമായി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം സർക്കാർ ഉണ്ടാകും. അടുത്ത അഞ്ചുവർഷംകൊണ്ട് ജനകീയാസൂത്രണത്തിൽ അഭിമാനകരമായ ചരിത്രം എഴുതിച്ചേർക്കണം.
- എല്ലാതലങ്ങളിലും ക്ഷേമ-വികസന പരിപാടികൾ നടപ്പാക്കണം. ജനങ്ങൾക്ക് കൂടുതൽ ആശ്വാസം പകരണം. അതിലൂടെ കൂടുതൽ ജനവിശ്വാസമാർജ്ജിക്കണം. വിശ്രമമില്ലാതെ പ്രവർത്തിച്ചാലെ നാടിന്റെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിയൂ.
- പ്രളയദുരന്തങ്ങളെയും കൊവിഡ് മഹാമാരിയെയും ഫലപ്രദമായി നേരിട്ടതിന് കേരളം സാർവദേശീയ പ്രശംസ നേടിയിട്ടുണ്ട്. അഭിമാനകരമായ ഈ നേട്ടത്തിൽ പ്രാദേശിക സ്ഥാപനങ്ങൾ വഹിച്ച പങ്ക് വലുതാണ്. ദുരന്ത നിവാരണരംഗത്തും കൊവിഡ് പ്രതിരോധത്തിലും ജാഗ്രതയും ഇടപെടാനുള്ള സന്നദ്ധതയും തുടരണം.
- നവകേരളം കർമ്മ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പ്രാദേശിക സ്ഥാപനങ്ങളുടെ പങ്ക് വലുതാണ്. ലൈഫ് മിഷനിലൂടെ 2.5 ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകിക്കഴിഞ്ഞു. അതുവഴി പത്തു ലക്ഷം പേർക്ക് അടച്ചുറപ്പുള്ള വീടായി. ബാക്കി വീടുകൾ പുരോഗമിക്കുകയാണ്. ഓരോ പ്രദേശത്തും ബാക്കിയുള്ള വീടുകൾ വേഗം പൂർത്തിയാക്കണം. ഇപ്പോഴത്തെ പട്ടികയിൽ പെടാതെ പോയ അർഹതയുള്ളവർക്ക് വീട് നൽകാനുള്ള നടപടിയും സർക്കാർ ആരംഭിച്ചിട്ടുണ്ട്.
- തെരുവു വിളക്കുകൾ പൂർണ്ണമായി എൽ.ഇ.ഡി.യായി മാറ്റുന്ന പദ്ധതിയാണ് നിലാവ്. കെ.എസ്.ഇ.ബിയും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നാണ് ഇത് നടപ്പാക്കുന്നത്. 2021 മാർച്ച് 31-നു മുമ്പ് ഇതു പൂർത്തിയാക്കുകയാണ് ലക്ഷ്യം. ജനുവരി 31-നകം രണ്ടു ലക്ഷം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കണം. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് നല്ല ഇടപെടൽ വേണം.
- പൊതു ശൗചാലയങ്ങളുടെ നിർമ്മാണത്തിലും പരിപാലനത്തിലും കൂടുതൽ ശ്രദ്ധിക്കണം. ആകെ 2365 ശൗചാലയങ്ങളാണ് പണിയുന്നത്. ഇതിൽ 1224 എണ്ണം ഈ വർഷം പൂർത്തിയാക്കണം. ഇതിൽ 1053 ശൗചാലയങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു.
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിലും ശ്രദ്ധിക്കണം. തിരിച്ചുവന്നവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ യോഗം വിളിക്കണം. വിദേശത്തുള്ളവരുമായി ഓൺലൈനിൽ ആശയവിനിമയം നടത്താം.

ഓൺലൈനിലൂടെ പ്രവാസി ഗ്രാമസഭകൾ സംഘടിപ്പിക്കണം. വികസനത്തിന് സഹായകമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഇതുവഴി ലഭിക്കും.

- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണം. വീട്, വെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത ഒരു വീടുപോലും ഉണ്ടാകരുത്.
- വികസനത്തിന്റെ മാനുഷിക മുഖത്തിന് മിഴിവേകുന്ന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ആരോഗ്യകരമായ മത്സരം വേണം. സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, കിടപ്പുരോഗികൾ തുടങ്ങി പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും താങ്ങും തണലുമായി പ്രാദേശിക സ്ഥാപനങ്ങൾ നിലകൊള്ളണം. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും രോഗികൾക്കും സർക്കാർ സേവനങ്ങളും മരുന്നും വീടുകളിലെത്തിക്കാനുള്ള പരിപാടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു വിജയിപ്പിക്കുന്നതിന് പ്രാദേശിക സ്ഥാപനങ്ങളും സാമൂഹ്യസന്നദ്ധസേനാംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം.
- എല്ലാ വില്ലേജുകളിലും വൃത്തിയുള്ള പൊതുഇടങ്ങൾ ഉണ്ടാകണം. പ്രഭാത-സായാഹ്ന സവാരിക്കും വയോജനങ്ങൾക്ക് ഒത്തുചേരാനും ഈ പൊതുഇടങ്ങളിൽ സൗകര്യമുണ്ടാകണം.
- കുട്ടികളിലെ വിളർച്ച കണ്ടെത്താനും പരിഹാര നടപടി സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ വിജയത്തിനും പ്രാദേശിക സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടൽ ഉണ്ടാകണം. □

വാർത്തകൾ വിശേഷങ്ങൾ

കലാകാരന്മാർക്കുള്ള ഫെലോഷിപ്പ്

സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ആയിരം യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിപ്രകാരമുള്ള വിഹിതം കലാകാരന്മാർക്ക് മുടക്കം കൂടാതെ നൽകുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ.1/263/2019-തസ്വഭവ. തീയതി 01.01.2021

ഡയാലിസിസ് സഹായം മാർഗ്ഗനിർദ്ദേശങ്ങൾ

വൃക്ക രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഡയാലിസിസിന് ധനസഹായം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ.1/321/2020-തസ്വഭവ. തീയതി 01.01.2021

എം.ജി.എൻ.ആർ.ജി.എസ്.- ഫീൽഡ് തല പരിശോധനയ്ക്കുള്ള നിർദ്ദേശങ്ങൾ

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി മാതൃകാപരമായി നടപ്പാക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പരിശോധന സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫീൽഡ്തല പരിശോധന സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.ഡി.2/336/2020/തസ്വഭവ. തീയതി 11.01.2021

സാമൂഹ്യ സുരക്ഷാ പെൻഷൻ - പുതുക്കിയ നിർദ്ദേശങ്ങൾ

ഇപിഎഫ് പെൻഷൻ ലഭിച്ച വരുന്നവർക്ക് അനുവദിച്ച വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിച്ച കൊണ്ടും എക്സ്ഗ്രേഷ്യ/എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുകൊണ്ടും ഉത്തരവായി.

സ.ഉ.(എം.എസ്.) നം. 1/2021/ധന. തീയതി 04.01.2021

തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി

തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപ നിയമാവലി അംഗീകരിച്ച ഉത്തരവായി.

ജി.ഒ.(ആർ.ടി.) നം.18/2021/എൽ.എസ്.ജി.ഡി. തീയതി 04.01.2021

ഭിന്നശേഷി വിഭാഗങ്ങളുടെ ധനസഹായം-അനുമതി

ഭിന്നശേഷി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രത്യേക ധനസഹായമെന്ന നിലയിൽ ലഭിച്ചിരുന്ന മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ.) നം. 25/2021/തസ്വഭവ. തീയതി 05.01.2021

ലക്ഷം വീടുകൾ ഒറ്റ വീടാക്കുന്നതിന് അനുമതി

ലക്ഷംവീട് പദ്ധതിയിൽ നിർമ്മിച്ച വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി.

സ.ഉ. (സാധാ.) നം. 36/2021/തസ്വഭവ തീയതി 06.01.2021

2020-21 വാർഷിക പദ്ധതി - ത്വരിതപ്പെടുത്തൽ നിർദ്ദേശങ്ങൾ

പുതിയ ഭരണസമിതികൾ പദ്ധതിനിർവഹണം വേഗത്തിലാക്കുന്നതിനും ചുരുങ്ങിയ സമയത്തിനുള്ളിൽ പരമാവധി പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുമായി 2020 21 വാർഷിക പദ്ധതി ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ. (സാധാ.) നം. 63/2021/തസ്വഭവ തീയതി 10.01.2021

2021- 22 വാർഷികപദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ 2021- 22 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവായി.

സ.ഉ. (കൈ)നം.4/2021/തസ്വഭവ തീയതി 11.01.2021

ഡി പി സി - അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ചു

പുതിയ ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്നത് വരെ ഡി.പി.സി.യുടെ ചുമതലകൾ നിർവഹിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായും ജില്ലാ പ്ലാനിംഗ് ഓഫീസർ അംഗമായും അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു.

സ.ഉ. (സാധാ.) നം. 71/2021/തസ്വഭവ തീയതി 11.01.2021

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകൾ

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി. എഫ്, ആർ.ആർ. എഫ്.) തീപിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ജി.ഒ. (ആർ.ടി.) നം. 113/2021/എൽ.എസ്.ജി.ഡി. തീയതി 16.01.2021

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഹരിതം

പഞ്ചായത്ത് ഡയറക്ടറേറ്റ്

കഴിഞ്ഞവർഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിയിരുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഹരിത ഓഫീസ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചു വരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി പൊതു ശുചിത്വവും ഉറപ്പാക്കുന്നു. ജൈവ മാലിന്യങ്ങൾ സംസ്കരിച്ചുള്ള വളം ഉപയോഗിച്ച് ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ പരിപാലിച്ചു പോരുന്നു.

പതിനായിരം സർക്കാർ ആഫീസുകൾക്കൊപ്പം എ-ഗ്രേഡ് നേടി പഞ്ചായത്ത് ഡയറക്ടറേറ്റും ഹരിത ഓഫീസ് പദവിയിലേക്ക്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. ടി. എൻ. സീമ ഓഫീസിൽ നേരിട്ടെത്തി പഞ്ചായത്ത് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസിന് സർട്ടിഫിക്കറ്റ് കൈമാറിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടറേറ്റിനെ ഹരിത ഓഫീസ് ആയി പ്രഖ്യാപിച്ചു. ഒപ്പം തന്നെ ഓഫീസും മാലിന്യ സംസ്കരണ സംവിധാനങ്ങളും അവർ സന്ദർശിക്കുകയുണ്ടായി. ഹരിത ആഡിറ്റിന് സംസ്ഥാനത്ത് തുടക്കം കുറിച്ചുകൊണ്ട് തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രനും സംഘവും പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തുകയും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രീൻ ആഫീസ് സർട്ടിഫിക്കേഷനും ഗ്രേഡും നല്കുന്നതിന്റെ ഭാഗമായി ആഡിറ്റ് ആഡിറ്റ് നടത്തുകയും ചെയ്തിരുന്നു. ഈ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടറേറ്റിനെ ഹരിത ഓഫീസായി പ്രഖ്യാപിച്ചത്.

പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായതുൾപ്പെടെയുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെയും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും ഉപയോഗനിരോധനം നടപ്പാക്കിയിട്ടുണ്ടോ, ഓഫീസിൽ സ്ഥിരമായി ഉപയോഗിക്കുന്നതിനായി കഴുകി ഉപയോഗിക്കാൻ കഴിയുന്ന

പാത്രങ്ങൾ, ജൈവ-അജൈവ പാഴ്‌വസ്തുക്കൾ തരം തിരിച്ചു നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ, ജീവനക്കാർ ബിന്നുകളിൽ മാലിന്യം തരം തിരിച്ചു നിക്ഷേപിക്കുന്നുണ്ടോ, ജൈവമാലിന്യം സംസ്കരിക്കുന്നതിന് കമ്പോസ്റ്റ്/ബയോഗ്യാസ് ഉപാധികൾ സ്ഥാപിച്ചിട്ടുണ്ടോ, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളിൽ ഭക്ഷണവും വെള്ളവും കൊണ്ടുവരുന്ന ജീവനക്കാരുടെ എണ്ണം, അജൈവ പാഴ്‌വസ്തുക്കൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിനും സൂക്ഷിക്കുന്നതിനും കൈമാറുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ, ഇ-മാലിന്യം, ഉപയോഗശൂന്യമായ ഫർണിച്ചറുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനും ദ്രവമാലിന്യ സംസ്കരണത്തിനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ, വൃത്തിയായി പരിപാലിക്കുന്ന ശുചിമുറി സംവിധാനങ്ങൾ ഉണ്ടോ, ഓഫീസ് നിർദ്ദേശക ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ, എന്നതും ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം ഇവയുടെ പരിപാലനം എന്നീ കാര്യങ്ങളാണ് മേയറും സംഘവും പരിശോധനയ്ക്ക് വിധേയമാക്കിയത്. പൂർണ്ണമായും ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ടു തന്നെ പ്രവർത്തിക്കുന്ന ഒരു സർക്കാർ ഓഫീസാണ് പഞ്ചായത്ത് ഡയറക്ടറേറ്റെന്നും മറ്റ് ഓഫീസുകൾക്ക് മാതൃകയാണെന്നും പരിശോധനാവേളയിൽ മേയർ പറയുകയുണ്ടായി. ഓഫീസിലെ സെക്ഷനുകളും ഓഫീസിൽ ഏർപ്പെടുത്തിയിട്ടുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളും ജൈവപച്ചക്കറി കൃഷിയും സന്ദർശന വേളയിൽ മേയർ പരിശോധിച്ചു.

കഴിഞ്ഞ വർഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിയിരുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഹരിത ഓഫീസ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചു വരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി പൊതു ശുചിത്വവും ഉറപ്പാക്കുന്നു. ജൈവ മാലിന്യങ്ങൾ സംസ്കരിച്ചുള്ള വളം ഉപയോഗിച്ച് ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ പരിപാലിച്ചു പോരുന്നു. എല്ലാ ജീവനക്കാരും പത്രങ്ങളിൽ ഭക്ഷണവും വെള്ളവും കൊണ്ടുവരുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തുന്നു. ജീവനക്കാരുടെ കൂട്ടായ്മയായ 'ഉണർവി'ന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും പരിപാലിച്ചു പോരുന്നു. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്ന ആദ്യ സംസ്ഥാനതല ഓഫീസ് എന്ന അംഗീകാരത്തിനൊപ്പം ഇപ്പോൾ എ-ഗ്രേഡോടു കൂടി ഹരിത ഓഫീസ് പദവിയും കൈവരിച്ചിരിക്കുകയാണ് പഞ്ചായത്ത് ഡയറക്ടറേറ്റ്. □

പുതുവത്സരത്തിന്റെ പുതുനാമ്പുകൾ

■ വി.കെ. ശ്രീധരൻ

ലോകത്താകമാനം നവവത്സരാഘോഷങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത് ഗ്രിഗേറിയൻ, ജൂലിയൻ കലണ്ടറുകൾ ആസ്പദമാക്കി. ഏകമാനകവല്ക്കരണത്തിന്റെ (one dimensiona lism) ഭാഗമായി ഭൂരിഭാഗം രാജ്യങ്ങളിലും ഔദ്യോഗിക വർഷാരംഭം ജനുവരി ഒന്നിന് ആക്കിയെങ്കിലും ചാന്ദ്രകലണ്ടർ (Lunar Calendar) പ്രകാരം മറ്റുമാസങ്ങളിൽ പുതുയുഗപിറവി ആഘോഷിക്കുന്നവരും ധാരാളം. ചൈനയിൽ ചാന്ദ്രകലണ്ടർ അനുസരിച്ച് ജനുവരി 21 ഫെബ്രുവരി 20 തിയതികൾക്കുള്ളിൽ വസന്തോത്സവമായും ഭൂട്ടാനിൽ ഫെബ്രുവരി - മാർച്ച് മാസങ്ങളിലും ആചരിച്ചുവരുന്നു. അയർലന്റിൽ മുൻപ് മാർച്ച് 25 നും ഗ്രാമീണർ ഫെബ്രുവരി ഒന്നിനും ആഘോഷിച്ചിരുന്നത് ഇപ്പോൾ ജനുവരി ഒന്നിലേക്ക് മാറ്റിയിരിക്കുന്നു. ജനുവരി 1, 13 തിയതികളിൽ രണ്ടുദിനങ്ങളിലായിട്ടാണ് സ്വിറ്റ്സർലാന്റിലെ ആഘോഷം. ചൈനീസ് കലണ്ടർ അനുസരിച്ച് ജപ്പാൻകാരുടേത് ജനുവരി 21 നും ഫെബ്രുവരി 21 നും ഇടയിലെ ആദ്യ പൂർണ്ണ ചന്ദ്രദിനത്തിലായിരുന്നു. ഉള്ളിൽ പണം ഒളിപ്പിച്ചുവച്ച് കൊച്ചുസമ്മാനങ്ങൾ ന്യൂ ഇയർ ഗിഫ്റ്റായി ജപ്പാനിൽ കുട്ടികൾക്കും നല്കുന്ന പതിവുണ്ട്. ഇത് ഒടോഷിഡാമ (otoshidama). ഇന്നിപ്പോൾ വൈവിധ്യങ്ങൾക്ക് വിടചൊല്ലി, ആഗോളവല്ക്കരണത്തിന്റെ ആഘാതത്താൽ ഒരേ തീയതി (ജനുവരി 1) യിലാക്കിയിരിക്കുന്നു. സൂര്യസഞ്ചാരം ഗണിച്ച്, കൃഷിക്കനുകൂലമായ സമയമാണ് അനുയോജ്യം. സാമ്പത്തിക വർഷാരംഭം (ഏപ്രിൽ 1) ഇതിനോട് ഏറ്റവും അടുപ്പമുള്ളത്.

പല രാജ്യങ്ങളിലും ഏപ്രിൽ 13, 14 ദിവസങ്ങളിലാണ് പുതുവർഷാചരണം. കൊയ്ത്ത്, വസന്തകാലങ്ങളുടെ പര്യവസാനം കുറിച്ചുകൊണ്ട് ശ്രീലങ്കയിൽ അലുത് അവരുദ്ദ (Aluth Avarudda)എന്ന പേരിൽ. സൂര്യൻ മീനരാശിയിൽ നിന്നും മേടരാശിയിലേക്ക് കടക്കുന്ന സമയം വിളവെടുപ്പുത്സവമായി കംബോഡിയയിൽ ചോവുൽ ച്നം ത്മേയ് (choul chnam thmey) എന്ന പേരിലും. മൂന്നു ദിവസങ്ങളിൽ ഒന്നാം ദിനം മഹാ സംക്രാൻ ആയിട്ടാണ് ആചരണം. സോങ്ക്രാൻ, പീ മായി (pii mai) എന്നീ ശീർഷങ്ങളിലാണ് ലാവോസിൽ മൂന്നുനാൾ ആഘോഷം. ഭൂട്ടാനിലും ലാവോസിലും ജപ്പാനിലും പോയ വർഷത്തെ പ്രശ്നങ്ങളിൽ, പാപങ്ങളിൽ, കഴിവുകേടുകളിൽ നിന്നും വിമുക്തി എന്നതാണ് സങ്കല്പനം. കൊറിയൻ കലണ്ടറിലെ ആദ്യ ദിനമാണ് പുതുവർഷം. സിയോലൽ (Seollal), ഹംഗൽ (Hangal) എന്നീ പേരുകളിൽ ജനുവരി 21 നും ഫെബ്രുവരി 20 നും ഇടക്ക്.

മൈഥിലി വിഭാഗക്കാരുടെ ആഘോഷം ഇന്ത്യ, നേപ്പാൾ, ബീഹാർ പ്രവിശ്യകളിൽ ജൂഡിഷീതൽ അഥവാ പഹിൽ ബൈശാഖി എന്ന നാമധേയത്തിൽ. കന്നഡിഗരും തെലുങ്കരും യുഗം, ആദി എന്നീ വാക്കുകൾ ഉരുത്തിരിഞ്ഞുള്ള ഉഗാദിയാണ് പുതുവർഷമായി മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആചരിക്കുന്നത്. ഏപ്രിൽ 14/15 നുള്ള പനസംക്രാന്തിയാണ് (മഹാവിഷു സംക്രാന്തി) ഒഡിഷക്കാരുടെ പുതുവർഷാഘോഷം. ഗുജറാത്തിലേത് ആദ്യമാസമായ കാർത്തികയിലെ ഒന്നാം തിയതി. ദീപാവലി കഴിഞ്ഞുവരുന്ന തൊട്ടടുത്ത ദിവസം ബെസ്തു വർഷം എന്ന പേരിൽ. ഏപ്രിൽ 14 നു തന്നെയാണ് തമിഴ് പുത്താണ്ട്. മലയാളികളുടേതുപോലെ

അവരും കണിവെക്കുന്നു. പഞ്ചാബിലെ വിളവെടുപ്പുത്സവം കൂടിയാണ് ഏപ്രിൽ 14 ലെ ബൈശാഖി. രാജസ്ഥാൻ, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ തപ്ന (Thapna) എന്നറിയപ്പെടുന്ന പുതുവർഷം സാധാരണയായി മാർച്ചുമാസത്തിൽ. സജിബു നൊംഗ്മ പന്ബപ, meetei cheinaoba എന്നീ പേരുകളിലാണ് മണിപ്പൂരിലെ പുതുവത്സര ആഘോഷം. സജിബു വർഷത്തിലെ ആദ്യമാസം - അതായത് ഏപ്രിലിൽ. കാശ്മീരി പണ്ഡിറ്റുകളുടെ നവവത്സരം നവ്രേ (Navreh). ചൈത്രമാസത്തിലെ ആദ്യദിനം കണികാണൽ ചടങ്ങും നിലവിലുണ്ട്.

ജ്യോതിഷമനുസരിച്ച് 12 രാശികളിൽ ആദ്യത്തേതായ മേടമാസത്തിലായിരുന്നു കേരളത്തിൽ പുരാതനകാലത്ത് വർഷകാലാരംഭം. എ.ഡി. 825 ൽ കൊല്ലവർഷം പിറന്നതോടെയാണ് ചിങ്ങം ഒന്ന് ആണ്ടുപിറവിയാക്കിയത്. കേരളത്തിലെ വസന്തമാസം കൂടിയാണിത്. കൃഷിയുടെ പ്രാരംഭം കുറിച്ചുകൊണ്ട് മേടം ഒന്നിന് വിഷു ആഘോഷിക്കുന്നു. സാധാരണയായി ഏപ്രിൽ 14 ന്. ക്ഷേത്രങ്ങളിലും വീടുകളിലും ഐശ്വര്യസമൃദ്ധിക്കായി കണികാണൽ ചടങ്ങ്. കുടുംബത്തിലെ മുതിർന്നവർ പണം നല്കുന്ന വിഷുകൈനീട്ടം എന്ന ആചാരവും. കനക പ്രഭചൊരിഞ്ഞ് സംസ്ഥാന പുഷ്പമായ കണിക്കൊന്ന പൂക്കൾ. കാർഷികവൃത്തിയുടെ തുടക്കമെന്ന നിലയിൽ വിഷുച്ചാൽ പൂട്ട്. ദിനരാത്രങ്ങൾ തുല്യമായ (Equinox) 'വിഷുവൽ' സംജ്ഞയിൽ നിന്നത്രേ വിഷുവിന്റെ തത്ത്വം. ഒരാണ്ടിലെ മഴയുടെ അളവു സൂചിപ്പിച്ചു കൊണ്ട് വിഷുഫലം. വടക്കൻ കേരളത്തിൽ കന്നിമാസം ഒന്നാം തിയതിയും. മത്സ്യത്തൊഴിലാളികൾ ഇടവമാസം 16 നും പുതുവത്സരം ആഘോഷിക്കുന്നു.

ബള്ഗേറിയയിൽ മുട്ടയും പാല്കട്ടിയും ചേർത്തുള്ള ബനിസ (Banitsa) എന്ന ചീസ് പേസ്റ്റ്രീകളിൽ പുതുവർഷത്തിൽ ഭാഗ്യം തേടി എന്ന കുറിപ്പും ഒരു വെള്ളിനാണയവും ഒളിപ്പിച്ചുവെക്കും. ക്രിസ്തുമസ്സിനേക്കാൾ വളരെ പ്രാധാന്യത്തോടെയാണ് ബള്ഗേറിയക്കാർ സെന്റ് ബേസിൽസ് ഡേ (St. Basils Day) എന്ന പേരിൽ ന്യൂ ഇയർ ആഘോഷിക്കുന്നത്. ഡിസംബർ 31 ന് ആരംഭിച്ച് ജനുവരി രണ്ടുവരെ നീണ്ടുനില്ക്കുന്ന ഈ ദിവസങ്ങൾ പൊതു അവധികൂടിയാണ്. അയർലന്റിൽ പുതുവർഷ തലേന്ന് വീട്ടുകാരോ അതിഥികളോ വരുമ്പോൾ വെള്ളിനാണയമോ മറ്റെന്തെങ്കിലും സമ്മാനമോ നല്കുക പതിവാണ്. തലേ ദിവസത്തെ കാലാവസ്ഥ പുതുവർഷ ദിനത്തിന്റെ ഫലം നിർണ്ണയിക്കും എന്നാണ് വിശ്വാസം. സാമ്യപ്പെട്ടിരിക്കുന്നത് വിഷുകൈനീട്ടം, എത്രപറ വർഷം ലഭിക്കും എന്നീ കേരളീയ ആചാരങ്ങളുമായി. ഫ്രാൻസിലും ഇംഗ്ലണ്ടിലും അമേരിക്കയിൽ 45 ശതമാനവും പേർ നവവത്സര പ്രതിജ്ഞ എടുക്കും. മ്യാന്മലറിലേത് (പഴയ ബർമ്മ) തിൻഗ്യാൻ (Thingyan) എന്ന പേരിൽ ഏപ്രിൽ പകുതിയോടെ. നേപ്പാളിലെ ആഘോഷം ഏപ്രിലിൽ. ന്യൂ ഇയറിന്റെ തലേന്ന് നേപ്പാളികൾ വലിയ കൊടിമരം പുതുവർഷ ദിനത്തിൽ തള്ളിയിടുകയും ചെയ്യും. ഇത് ഐശ്വര്യദായകമാണത്രെ. ക്രിസ്തുവർഷം (ഇംഗ്ലീഷ് വർഷം) കൂടാതെ കൊല്ലവർഷം, ശകവർഷം, സപ്തർഷി വർഷം, ബ്രഹ്മവർഷം, തമിഴ് വർഷം, പുതുവെയ്പ്പ് വർഷം തുടങ്ങിയ കാലഗണനാ സമ്പ്രദായങ്ങൾ നിലവിലുണ്ട്. 1341 ലെ പെരിയാർ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായതാണ് പുതുവെയ്പ്പ് വർഷം. ആചാര - ആഘോഷങ്ങളിൽ പ്രതിഫലിക്കുന്നത് മാനവരാശിയുടെ പൊതു വിശ്വാസങ്ങളും കാഴ്ചപ്പാടുകളും. വൈവിധ്യതകളിലാണ് ജീവന്റെ തുടിപ്പും ആകർഷകത്വവും. അതുകൊണ്ട് എല്ലാം ഒരുപോലെയാക്കുന്ന പ്രവണതകൾക്കെതിരെയും നാം ജാഗ്രത പുലർത്തേണ്ടതുണ്ട്. □

പ്രസിദ്ധീകരിച്ചു

അയിത്തോച്ചാടന സമരങ്ങൾ

ഡോ. ആർ. രാധാകൃഷ്ണൻ

ജാതിവ്യവസ്ഥയിൽനിന്ന് രൂപംകൊണ്ട സാമൂഹിക തിന്മയാണ് അയിത്തം. അയിത്തം സൃഷ്ടിച്ച സാമൂഹിക അസമത്വത്തെയും അടിമത്തത്തെയും എതിർത്ത് കേരളത്തിലെ നവോത്ഥാന പ്രസ്ഥാനവും ദേശീയപ്രസ്ഥാനവും സോഷ്യലിസ്റ്റ് പ്രസ്ഥാനവും നയിച്ച സന്ധിയില്ലാസമരങ്ങളും, അയിത്തനിർമ്മാർജ്ജനം പ്രഖ്യാപിച്ച ഇന്ത്യൻ ഭരണഘടന നൽകുന്ന വാഗ്ദാനങ്ങളും പ്രത്യാശകളും വിശകലനം ചെയ്യുന്ന ചരിത്ര ഗ്രന്ഥം.

വില ₹ 200

ആശാന്റെ സീതായനം

എം. തോമസ് മാത്യു

കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയ്ക്ക് പുതിയ ഭാഷ്യം നല്കുന്ന വിമർശന ഗ്രന്ഥം

വില ₹ 200

പ്രമുഖ പുസ്തകശാലകളിൽ ലഭിക്കും

MaluBen Books
W&C Hospital Road
Thycaud, Thycaud P.O.
Thiruvananthapuram 695 014
Whatsapp - 8547017640

ഊരും പേരും – 7

എറണാകുളം

■ **ഡോ. വിളക്കുടി രാജേന്ദ്രൻ**

എറണാകുളം ജില്ലയുടെയും കണയന്നൂർ താലൂക്കിന്റെയും ആസ്ഥാനമായ പ്രമുഖ നഗരം. കൊച്ചി കോർപ്പറേഷന്റെ ഭാഗം. ജല-വ്യോമ-റോഡു ഗതാഗത കേന്ദ്രം.

കേരളത്തിലെ പ്രമുഖ വ്യവസായ വാണിജ്യ കേന്ദ്രം. മുൻ തിരുവിതാംകൂർ - കൊച്ചി രാജ്യങ്ങളുടെയും തമിഴ്നാടിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയുടെയും ഭാഗങ്ങൾ ഉൾക്കൊള്ളുന്ന എറണാകുളം ജില്ല 1958 ഏപ്രിൽ 1ന് നിലവിൽ വന്നു. വേമ്പനാട്, വരാപ്പുഴ കായലുകളും കൊച്ചി ഹാർബറും നഗരത്തോടു തൊട്ടുരുമ്മിക്കിടക്കുന്നു. മുൻ കൊച്ചി നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു.

എറണാകുളം ജംഗ്ഷൻ (സൗത്ത്), എറണാകുളം ടൗൺ (നോർത്ത്) എന്നിങ്ങനെ രണ്ട് റെയിൽവേസ്റ്റേഷനുകളുണ്ട്. ഗൗഡസാരസ്വതക്ഷേത്രം, ലത്തീൻ കത്തോലിക്കരുടെയും സിറിയൻ കത്തോലിക്കരുടെയും പ്രസിദ്ധ ദേവാലയങ്ങൾ, മുസ്ലിം പള്ളികൾ, ജൂതൻമാരുടെ സിനഗോഗുകൾ, സിക്കുകാരുടെ ഗുരുദ്വാര എന്നിവയുണ്ട്. നഗര ഹൃദയ ഭാഗത്തുള്ള മഹാദേവർ ക്ഷേത്രം പ്രസിദ്ധമാണ്.

എറണാകുളം എന്ന പേര്: (1)മഹാദേവരുടെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ടുണ്ടായത്. ഇറയനാർ=ശിവൻ. ജലാശയത്തിനരികിൽ ശിവക്ഷേത്രമുള്ള സ്ഥലം ഇറയനാർ കുളവും പിന്നീട് ഉച്ചാരണഭേദത്താൽ എറണാകുളവുമായി.

(2) ഹിമാലയത്തിൽ തപസ്സു ചെയ്ത കല്യ മഹർഷിയുടെ ശിഷ്യനായിരുന്നു ദേവലൻ. ഗുരുശാപമേറ്റ് ദേവലൻ നാഗമായിത്തീർന്നു. അർജുനൻ ആരാധിച്ചിരുന്ന ശിവലിംഗവും കൊണ്ട് ഋഷിനാഗൻ ഇവിടെ ജലാശയത്തിനടുത്തെത്തി തപസ്സിൽ മുഴുകി. ശിവലിംഗം ഇവിടെ ഉറച്ചുപോയി. അങ്ങനെ സ്ഥലം ഋഷിനാഗക്കുളം എന്ന് അറിയപ്പെട്ടു. ഇത് പിന്നീട് 'എറണാകുള'മായി (ഐതിഹ്യം)

(3) ഇറൈ + നായർ + ക്കുളം = ഇറൈനായർക്കുളം; ഇറണാകുളം = എറണാകുളം എന്നിങ്ങനെയാണ് സ്ഥലനാമപ്പിറവിയെന്ന് ചട്ടമ്പി സ്വാമികൾ (കേരളത്തിലെ ദേശനാമങ്ങൾ)

(4) എറയിലി എന്ന ഭരണ സമ്പ്രദായം നിലനിന്നിരുന്ന സ്ഥലം. നഗരാതിർത്തിയിലുള്ള നായരമ്പലവും മറ്റും ഇതിന് ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

(5) ഇരിണം എന്ന സംസ്കൃത വാക്കിന്റെ വകഭേദമാണ് എറണാ. ഇരിണം എന്നാൽ ഉപ്പ് കലർന്ന മണ്ണ്, അല്ലെങ്കിൽ ചളിമണ്ണ് കലർന്നു കിടക്കുന്ന ഭൂമി. ഇരിണാകുളം ഉച്ചാരണഭേദത്താൽ എറണാകുളമായി. (കോമാട്ടിൽ അച്യുതമേനോൻ - കൊച്ചിയിലെ സ്ഥലനാമങ്ങൾ).

(6) 'അരൺ'ആയി വർത്തിച്ച കുളത്തിൽ (ഇവിടെ കായൽ) നിന്നാണ് എറണാകുളത്തിന്റെ പിറവി. അരൺ = അതിർത്തി രക്ഷ; കോട്ട. കോട്ടയും കിടങ്ങും പോലെ തന്നെ നാടിന്റെ അതിർത്തിയിലെ ജലാശയങ്ങളെയും അതിനെ കാത്തുരക്ഷിക്കുന്ന ഉപാധികളായി പ്രാചീനർ കൽപ്പിച്ചിരുന്നു. തൃശ്ശൂരിലെ അറണാകുളവും അരണാട്ടുകരയും ഇങ്ങനെ ഉത്ഭവിച്ചതാണ്. (വി.വി.കെ. വാലത്ത്. കേരളത്തിലെ സ്ഥല ചരിത്രങ്ങൾ, തൃശ്ശൂർ ജില്ല).

(7) അഞ്ച് കൈമൾമാർ അധികാരത്തിലിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ 'അഞ്ചിക്കൈമൾ' എന്നും എറണാകുളത്തിനു പേരുണ്ടായിരുന്നു. അടുത്ത കാലം വരെ രേഖകളിൽ ഈ പേര് നിലനിന്നിരുന്നു. □

എരുത്തിലുകൾ തിരിച്ചുവരുമോ?

■ മുരളീധരൻ തഴക്കര

എരുതിന്റെ ഇല്ലം, കാളക്കൂട് എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ എരുത്തിലിന് നൽകിയിരിക്കുന്നത്. കൃഷി മുഖ്യജീവനോപാധിയായിരുന്ന കാലത്ത് ഒരു കുടുംബത്തിന്റെ പ്രതാപവും ധനസ്ഥിതിയും വിളിച്ചറിയിക്കുന്ന പ്രാമാണികതയുടെ ചിഹ്നങ്ങളായിരുന്നു വലിയ എരുത്തിലും, അതിൽ നിറയെ പശുക്കളും, വൈക്കോൽ തുറുവുമെല്ലാം! താമസിക്കാൻ വീടുവെയ്ക്കുന്നതിനുമുമ്പേ എരുത്തിലുപണിയുകയും കിണറുകുത്തുകയും ചെയ്യുക എന്നത് ചിരപുരാതന കേരളീയ സംസ്ക്കാരമായിരുന്നു. അതായത് ഒരു വീടുവെയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ എരുത്തിൽ അഥവാ തൊഴുത്ത് എവിടെയായിരിക്കണമെന്ന് നിശ്ചയിച്ചുറപ്പിച്ചശേഷമേ വീടിന് സ്ഥാനനിർണ്ണയം നടത്തു. എരുത്തിലിന്റെ തച്ചുശാസ്ത്രം തെറ്റിയാൽ വീടിന്റെ അഭിവൃദ്ധിയെ അത് തകരാറിലാക്കുമെന്ന് കാരണവന്മാർ ഉറച്ചു വിശ്വസിക്കുന്നു. വീടിന്റെ പൂമുഖത്തുനിന്നോ, നടുത്തളത്തിന്റെ വാതിലിൽ നിന്നോ, അടുക്കളക്കോലായിൽ നിന്നോ നോക്കിയാൽ കണികാണുന്ന നന്മയായിരുന്നു എരുത്തിൽ. എരുത്തിലിൽ കുടമണി കിലുക്കി തലയാട്ടി നിൽക്കുന്ന പശുക്കളെ കണികണ്ടുണർന്നാൽ ആ ദിവസം ധന്യമായി എന്നായിരുന്നു പഴമക്കാരുടെ വിശ്വാസം. മലയാളി കണികണ്ടുണർന്നിരുന്ന നന്മയുടെ നേരടയാളം! നമ്മുടെ സ്നേഹസ്പർശത്തിനായി നമ്മെ തൊട്ടുരുമ്മി നിൽ

ക്കുന്ന, വാക്കും ആംഗ്യവും മണവും തിരിച്ചറിയുന്ന നമ്മളോട് മൂകമായഭാഷയിൽ വർത്തമാനം പറയുന്ന ഈ മിണ്ടാപ്രാണികൾ നമുക്ക് ചുരത്തിത്തന്നത് നറുംപാലുമാത്രമായിരുന്നില്ല സഹജീവനത്തിന്റെ സമതാളം കൂടിയായിരുന്നു.

എരുത്തിലിന്റെ നിർമ്മിതിയിലും ഏറെ പ്രത്യേകതകളുണ്ട്-കന്നുകാലികളുടെ സുരക്ഷയും പരിരക്ഷയും തന്നെയാണ് പരമ പ്രധാനം. ആടതാങ്ങിയും കൊമ്പുതാങ്ങിയും കുന്തക്കാലും കാളക്കാലും പുൽക്കൂട്ടും യഥേഷ്ടം വായുസഞ്ചാരം ലഭിക്കുംവിധം ഭിത്തിക്കെട്ടി മറയ്ക്കാത്ത കാളത്തിണ്ണയും പിന്നിലേക്കു ചെറിയ ചരിവോടെയുള്ള കിടപ്പിടവും ഒക്കെച്ചേർന്നുള്ള ശാസ്ത്രീയ സംവിധാനത്തിലായിരുന്നു എരുത്തിലിന്റെ നിർമ്മാണം- പ്രായോഗികതയുടെ തച്ചുശാസ്ത്രം. ആഞ്ഞിലി, പ്ലാവ് തുടങ്ങിയ തടികളാണ് എരുത്തിൽ നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്നത്. വളരെ മനോഹരമായി ശിൽപ്പചാരുതയോടെ എരുത്തിൽ പണിയുന്ന തച്ചുശാസ്ത്ര വിദഗ്ധരും പഴയകാലത്തുണ്ടായിരുന്നു.

എരുത്തിലിന്റെ തിണ്ണ അഥവാ വിശാലമായ 'ഈ എരുത്തിൽ തളത്തിനും' പോയ കാല നന്മയുടെ ഒരുപാട് കഥകൾ അയവിറക്കാനുണ്ട്. തൊടിയിൽ നിന്ന് വിളവെടുക്കുന്ന വാഴക്കുലയും ചക്കയും മാങ്ങയുമെല്ലാം ആദ്യമെത്തുന്നത് കാളത്തിണ്ണയിലാണ്. കാച്ചിലും ചേനയും ചേമ്പും തുടങ്ങിയുള്ള കുറുമ്പപ്പ വിളകൾ കിളച്ചെടുത്ത് കുട്ടയിലാക്കി ആദ്യമെത്തുന്നതും ഇവിടെത്തന്നെയാണ്. നെല്ലും അരിയും പാറ്റുന്നതും ചക്കവെട്ടി അരിയുന്നതും എള്ളിന്റെ ഇല കുടഞ്ഞെടുക്കുന്നതും പാടത്തും പറമ്പിലും പണിയെടുക്കുന്ന കർഷക ത്തൊഴിലാളികൾ തെല്ലനേരം ഇളവേൽക്കുന്നതും എരുത്തിലിന്റെ തിണ്ണയിലാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ പണിയാളർക്ക് ഭക്ഷണം വിളമ്പി നൽകുന്നതും ഇവിടെ യാകും.

എരുത്തിലിന്റെ മേൽക്കൂര ആദ്യകാലങ്ങളിൽ ഓലയും പിന്നീട് ഓടുമായിരുന്നു. സിമന്റും കമ്പിയും കോൺക്രീറ്റും എരുത്തിലിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നില്ല. കന്നുകാലികളുടെ ആയുരാരോഗ്യത്തിന് അത് ഒട്ടും നന്നെല്ലെന്നാണ് അനുഭവപാഠങ്ങളേറെയുള്ള പഴയ കൃഷിക്കാരുടെ വിശ്വാസം. സിമന്റും കമ്പിയുമൊക്കെ ചേർന്നുള്ള കോൺക്രീറ്റ് ഉപയോഗിച്ചാൽ കൂടുതൽ ചൂട് ആഗിരണം ചെയ്യുകയും കന്നുകാലികൾക്ക് അത് ആരോഗ്യത്തിന് ദോഷകരമാകുമെന്നുമുള്ള പ്രായോഗിക പാഠം പഴമക്കാർക്കറിയാമായിരുന്നു. തറ കോൺക്രീറ്റ് ചെയ്യാതെ ശരിയായ ചായ്മാനത്തിൽ സാമാന്യത്തിലേറെ വലിപ്പമുള്ള വെട്ടുകല്ല് നിരത്തി പാകുകയാണ് ചെയ്തിരുന്നത്. കുളമ്പുദീനത്തിനും കുളമ്പ് തേയുന്നതിനും മറുമരുന്നായിരുന്നു ഈ തറനിർമ്മാണ രീതി.

മിക്കവീടുകളിലും എരുത്തിലിനോടു ചേർന്നുതന്നെ ഒരു മുറിയുമുണ്ടാകും. കാർഷിക പണിയായുധങ്ങളെല്ലാം സൂക്ഷിച്ചിരുന്നത് ഈ എരുത്തിൽ മുറിയിലാണ്. കലപ്പയും, നുകവും, തൂമ്പയും, മൺവെട്ടിയും, കൊച്ചുതൂമ്പയും, തടിച്ചെരുപ്പും, ചക്രവും, അറയും തുടങ്ങി- എല്ലാ കാർഷികോപകരണങ്ങളുടേയും സൂക്ഷിപ്പുമുറി. പണിയായുധങ്ങൾ മാത്രമല്ല ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയവയൊക്കെ വിത്തിനായി സൂക്ഷിക്കുന്നതും ഇവിടെത്തന്നെയാണ്. ഈ മുറിയിൽ ഒരു കൊച്ചുപത്തായവും ഉണ്ടാകും. അത് വിത്തുവകകൾ സംഭരിച്ച് സൂക്ഷിക്കാൻ മാത്രമായിരുന്നില്ല. അതിനുമേലെ പായ വിരിച്ച് ഒന്നു തലചായ്ക്കാൻ കൂടിയുള്ളതായിരുന്നു! എന്നാൽ ചില വീടുകളിലെങ്കിലും എരുത്തിലിനോടുചേർന്നുള്ള ഈ മുറി അടുക്കളയായും ഉപയോഗിച്ചിരുന്നു. അതുകൊണ്ടുതന്നെ ശുചിത്വത്തിന്റെ കാര്യത്തിൽ വീടിനേക്കാൾ പ്രാധാന്യമാണ് മലയാളി എരുത്തിലിന് നൽകിയിരുന്നത്. അതിനാൽ എരുത്തിൽ നമുക്ക് കന്നുകാലികളെ കെട്ടുവാനുള്ള ഇടം മാത്രമായിരുന്നില്ല. മണ്ണും മനുഷ്യനും വളർത്തുമൃഗങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ആരോഗ്യപൂർണ്ണമായ ആവാസവ്യവസ്ഥയുടെയും കാർഷിക സമ്പൽ സമൃദ്ധിയുടെയും ട്രഷറിയായിരുന്നു.

പശു കേവലം പാൽ നൽകുന്ന ഒരു യന്ത്രമോ-പരിശുദ്ധിയുടെ പര്യായമായിരുന്ന പാൽ പ്ലാസ്റ്റിക് കവറിൽ നിറച്ചുകിട്ടുന്ന ഒരു ഫാക്ടറി ഉൽപ്പന്നമോ ആയി പരിണമിക്കുന്നതിന് മുമ്പുള്ള പോയ കാലത്തെ എരുത്തിലും പശുവളർത്തൽ രീതികളും ഒന്നോർത്തെടുക്കാം. എല്ലാവീടുകളിലും പശുക്കളും ചെറുതും വലുതുമായ എരുത്തിലുകളുമുണ്ടായിരുന്നു. പശുക്കൾക്ക് കാടിയും വൈയ്ക്കോലും പച്ചപ്പുല്ലും കൊടുത്തിട്ടേ നാം ആഹാരം കഴിച്ചിരുന്നുള്ളൂ. എരുത്തിലിൽ നിൽക്കുന്ന ഈ മിണ്ടാപ്രാണി നമുക്ക് ഏറെ അരുമയായ കുടുംബാംഗങ്ങളിൽ ഒരാളായിട്ടാണ് നാം കരുതിപ്പോന്നത്. അവക്കെല്ലാം പേരുകളുണ്ടായിരുന്നു. അമ്മിണിയും കൊച്ചമ്മിണിയും നന്ദിനിയും ഗോമതിയും ശ്രീലക്ഷ്മിയും തുടങ്ങിയുള്ള

...എന്ന് വായനക്കാർ

ഇളവുകൾ അനിവാര്യം

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വന്ന ഇളവുകളെ സംബന്ധിച്ച് പഞ്ചായത്ത് രാജ് മാസികയുടെ നവംബർ ലക്കത്തിൽ വന്ന ലേഖനം അവസരോചിതമായി. ഏറെ വർഷങ്ങൾക്ക് ശേഷമാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ൽ പരിഷ്കരിക്കപ്പെട്ടത്. മുൻപുണ്ടായിരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളെ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നവർക്ക് സൗകര്യപ്രദമായ രീതിയിൽ സമഗ്രമായി പരിഷ്കരിച്ചിരിക്കുന്നു വെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. 2020 ൽ വീണ്ടും ചട്ടങ്ങളിൽ ഇളവുകൾ അനുവദിച്ചു കൊണ്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. സ്വന്തമായി ഒരു വീടെന്ന സ്വപ്നം നിയമക്കുരുക്കുകളില്ലാതെ എത്രയും വേഗം സാക്ഷാത്കരിക്കാൻ സഹായകമായ രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കാനുള്ള സർക്കാർ തീരുമാനം അഭിനന്ദനീയം തന്നെ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരുടെയും ഉപാധ്യക്ഷന്മാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച ലേഖനവും കൊവിഡ്-19 രോഗികൾക്ക് രോഗമുക്തിക്ക് ശേഷം ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച ഡോ. ചിന്തയുടെ ലേഖനവും കാലികപ്രസക്തിയുള്ളതായിരുന്നു പച്ചത്തുരുത്തുകളും ഓർമ്മതുരുത്തുകളും ഇനിയുമുണ്ടാകാൻ പ്രചോദനമാകട്ടെ ലേഖനം. ലേഖകർക്കും മാസിക യുടെ പിന്നണി പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

അഭിജിത്, തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഓമനത്വമുള്ള പേരുകൾ. പേര് പറഞ്ഞ് വിളിച്ചാൽ അവ മുരടനക്കി പ്രതികരിക്കുമായിരുന്നു. അക്ഷരാർത്ഥത്തിൽ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും പാഠപുസ്തകമായിരുന്നു "എരുത്തിലുകൾ".

കഷ്ടിച്ച് ഇടങ്ങഴിയോ ഒന്നര ഇടങ്ങഴിയോ പാൽ നൽകിയിരുന്ന നാടൻ പശുക്കൾ. അവയ്ക്ക് ചാക്കുകണക്കിന് ഫാക്ടറി തീറ്റ വേണ്ട. എരുത്തിലിൽ എന്നും മൃഗഡോക്ടറുടെ ചികിത്സാ സേവനവും വേണ്ടായിരുന്നു. ഉള്ളതുകൊണ്ട് ഓണം പോലെ കഴിഞ്ഞിരുന്ന നാടൻ പശുക്കൾ ചുരത്തിയിരുന്ന പാലും അതിന്റെ തൈരും വെണ്ണയും നെയ്യുമെല്ലാം നമുക്ക് ആഹാരവും ഔഷധവുമായിരുന്നു. മകൻ അച്ഛനോളം വലുതാകാനും ആയുരാരോഗ്യസൗഖ്യത്തിനും അത് അത്യുത്തമമായിരുന്നു! ഇവയുടെ ചാണകവും ഗോമൂത്രവും കാർഷിക സമ്പൽ സമൃദ്ധിക്ക് വളക്കൂറേകി. അന്ന് ചാണകത്തോട് ആർക്കും അറപ്പും വെറുപ്പുമില്ലായിരുന്നു-വെറുപ്പുളവാക്കുന്ന ദുർഗന്ധവുമില്ലായിരുന്നു. അത് മണ്ണിനെയും മണ്ണിലെ സൂക്ഷ്മജീവികളെയും ഉർവ്വരമാക്കുന്ന ജീവാമൃതമാണെന്ന് മണ്ണ് ചതിക്കില്ലെന്ന ഉത്തമവിശ്വാസത്തോടെ മണ്ണിൽ പൊന്നുവിളയിച്ച കാരണവന്മാർക്കറിയാമായിരുന്നു.

പക്ഷേ കാലക്രമേണ പശുവളർത്തലും ആദായവഴിതേടി പാലിന്റെ ആവശ്യകത കൂടി കൂടി വന്നപ്പോൾ ഉൽപ്പാദനക്ഷമത കൂടിയ പശുക്കൾ കൂടിയേതീരൂ എന്നായി-തുടം കൊണ്ടളന്നിരുന്ന പാൽ കുടം കൊണ്ടളക്കുന്ന നിലയിലായി! ഇടങ്ങഴി പാൽ ചുരത്തിയിരുന്ന ചെറിയ പശുക്കളുടെ സ്ഥാനത്ത് കുടം നിറയെ ചുരത്തുന്ന വിദേശ സങ്കര കാമധേനുകളെക്കൊണ്ട് കേരളം നിറഞ്ഞു! പാലിന് ആവശ്യകതയേറി- ഉപഭോഗം വർദ്ധിച്ചപ്പോൾ പാലിന്റെ കാര്യത്തിലും അയൽനാടുകളെ ആശ്രയിക്കേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ പശുവളർത്തലിൽ ഇങ്ങനെയൊരു മാറ്റം അനിവാര്യമായി മാറി. പാലുത്പ്പാദനത്തിൽ ലോകത്തിന്റെ നെറുകയിൽ എത്താൻ ഇന്ത്യയെ പ്രാപ്തമാക്കിയ ധവളവിപ്ലവത്തെയും അതിന് നേതൃത്വം നൽകിയ ധിഷണശാലിയായ ഇൻഡ്യയുടെ പാൽക്കാരൻ-അമുലിന്റെ ശില്പി - കേരളത്തിന്റെ അഭിമാനപുത്രൻ ഡോ. വി.കുര്യനെ കൃതജ്ഞതാപൂർവ്വം നാം സ്മരിക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയുടെ നെടുംതൂണായിരുന്ന, ഒരു ഉപതൊഴിൽ എന്ന നിലയിൽ സാധാരണക്കാരന്റെ നിത്യജീവിതത്തിന്റെ സന്ധിബന്ധങ്ങളെ നിലനിർത്തിപ്പോന്ന പശുവളർത്തൽ ഇന്നൊരു വ്യാവസായിക സംരംഭമായി മാറി. 'പാൽ' എന്ന വെളുത്ത ഉൽപ്പന്നം തരുന്ന ഒരു ജീവിയായി പശുക്കൾ പരിവർത്തിച്ചപ്പോൾ ആദായവും വരുമാനവും മാത്രമായി മാനദണ്ഡങ്ങൾ ചുരുങ്ങി. 'നാടോടുമ്പോൾ നടുവേ ഓടാതിരിക്കാൻ' കഴിയില്ലല്ലോ? ഒരു കാലത്ത് കാർഷിക പ്രതാപത്തിന്റെയും ഐശ്വര്യത്തിന്റെയും സാക്ഷ്യമായിരുന്ന കന്നുകാലികളൊഴിഞ്ഞ എരുത്തിലുകളിലേറെയും പൊളിച്ചടുക്കി കഴിഞ്ഞു! എരുത്തിലുകൾ നിന്നിരുന്ന സ്ഥലത്ത് നമ്മുടെ വീടിന്റെ കാവൽക്കാരായ നായ്ക്കൾക്ക് കൂടുപണിയുകയും കാർപോർച്ച് നിർമ്മിക്കുകയുമാണ് പുതിയകാലത്തിന്റെ രീതി. അല്ലെങ്കിൽ തന്നെ ജീർണ്ണിച്ച് നിലംപൊത്താറായ എരുത്തിൽ സ്ഥലം മെനക്കെടുത്തി നോക്കുകുത്തിയായി നിന്നിട്ടെന്തുകാര്യം? അത് കാലത്തിന്റെ അനിർവ്വാര്യതയായി കരുതി സമാധാനിക്കാം. 'വരുമാനമുള്ളപ്പോൾ ബഹുമാനം, ആവശ്യം കഴിഞ്ഞാൽ ഉടൻ ഉപേക്ഷിക്കുക' - ഇതാണല്ലോ വർത്തമാനകാല ജീവിതത്തിന്റെ സൂത്രവാക്യം! റബ്ബർ ചുരത്തുന്ന പാലും പ്ലാസ്റ്റിക് കവറിൽ നിറച്ച് ഫ്രീസറിൽ സൂക്ഷിക്കുന്ന പാലും- ഇപ്പോൾ ഇത് രണ്ടും വ്യവസായിക ഉൽപ്പന്നങ്ങൾ തന്നെ!

എങ്കിലും നമുക്ക് നറുംപാലും ചാണകവും തന്നിരുന്നതിലുപരി നാം അറിയാതെ അനുഭവിച്ചിരുന്ന, ഒരിടത്തും രേഖപ്പെടുത്തിവെയ്ക്കാതെ പോയ ജീവിതനന്മയുടെ മൃതസഞ്ജീവനിയായിരുന്ന എരുത്തിലുകൾ, അതിൽ നിറഞ്ഞു നിന്ന ജീവസാന്നിധ്യവും. പക്ഷേ ഒരുകാര്യം പറയാതെ വയ്യ, ഇവിടെ കൃഷിയുടെ വീണ്ടെടുപ്പിന് മണ്ണ് മരിക്കാതിരിക്കാൻ, മണ്ണിന്റെയും മനുഷ്യന്റെയും ആയുരാരോഗ്യ രക്ഷയ്ക്ക്, നമ്മുടെ മനസ്സുകളിൽ സ്നേഹത്തിന്റെയും ആർദ്രതയുടെയും ഉറവ വറ്റാതിരിക്കാൻ എരുത്തിലുകൾ തിരിച്ചുവരണം.

പക്ഷേ ഒന്നിനും നേരമില്ലാത്ത ജീവിതവേഗം കൂടിയ ഈ പുതിയ കാലത്ത് നമുക്കതിന് കഴിയുമോ? □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) January 2021
Annual Subscription ₹120, Published on 20 January 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Best Wishes From

USE RUBBERWOOD · SAVE RAINFOREST

METROWOOD
DURABLE PROCESSED RUBBERWOOD

ഫർണിച്ചർ വിതരണത്തിനും ഓഫീസ് ഫർണിഷിങ് ജോലികൾക്കും
കേരളസർക്കാരിന്റെ അംഗീകൃത ഏജൻസി

MEENACHIL RUBBERWOOD LIMITED

(An undertaking of Rubber Board, Govt. of India)

Regd:Office & Factory: Metrowood Factory. Adivaram P.O. Poonjar-686 582
Phone:04822-271569. Mobile:9447057854 E-mail: metrowood2@yahoo.co.in.

Government approved agency for supply of furniture/interiors

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS